കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2020 ഒക്ടോബർ
വില ₹20



# ഗാന്ധിജിയെക്കുറിച്ച് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 10 പുസ്തകങ്ങൾ



**അഹിംസയുടെ ആൾരൂപം**
(വൈജ്ഞാനികം)
ജ്യോതി കെ ജി
വില ₹90



**അഹിംസയുടെ ഉപജ്ഞാതാവ്**
(ജീവചരിത്രം)
കലൂർ ഉണ്ണിക്കൃഷ്ണൻ
വില ₹110



**ഗാന്ധിജി കേരളം തൊട്ടറിഞ്ഞ നന്മ** (ജീവചരിത്രം)
സാഗാ ജെയിംസ്
വില ₹100



**ഗാന്ധിജി സഹനസമര ചരിത്രം**
(ജീവചരിത്രം)
ഗീത കെ
വില ₹120



**ഗാന്ധിജിയെ അറിഞ്ഞ കുട്ടി**
(വൈജ്ഞാനികം)
കവിതാ വിശ്വനാഥ്
വില ₹100



**കുപ്പായമിടാത്ത അപ്പൂപ്പൻ**
(വൈജ്ഞാനികം)
പയ്യന്നൂർ കുഞ്ഞിരാമൻ
വില ₹75



**കുട്ടികളുടെ മഹാത്മാഗാന്ധി**
(ജീവചരിത്രം)
ജി കമലമ്മ
വില ₹40



**മഹാത്മജിയുടെ പാരിസ്ഥിതിക ദർശനങ്ങൾ** (വൈജ്ഞാനികം)
ഡോ. കെ പി ജോയി
വില ₹50



**നമ്മുടെ ബാപ്പു**
(ജീവചരിത്രം)
സന്ധ്യ ആർ
വില ₹130



**പോർബന്തറിൽ നിന്നൊരു ബാലൻ** (ജീവചരിത്രം)
ബ്രിജി കെ ടി
വില ₹90

**കൂടുതൽ പുസ്തകങ്ങൾക്ക്**

**website : www.ksicl.org**

**കോപ്പികൾക്ക്**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ 0471-233 3790, e-mail : director@ksicl.org

താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക. MOB: 8547971483

ACCOUNT NUMBER : 67178297569. IFSC : SBIN0000941

# തളിര്


പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം

ഒക്ടോബർ 2020
വില ₹20
വാർഷികവരിസംഖ്യ ₹200


ഉള്ളടക്കം

## മഹത്വത്തിലേക്കുള്ള ഗാന്ധിജിയുടെ വഴികൾ

6

**ജോസഫ് പനയ്ക്കൽ**



സത്യത്തേയും അഹിംസയേയും ധർമ്മത്തേയും സഹനത്തേയും മുറുകെപ്പിടിച്ച് വിദേശഭരണത്തിനെ തിരെ സമരം നടത്തി വിജയം വരിച്ച ഐതിഹാസിക കഥയാണ് ഗാന്ധിജി യുടേത്. അദ്ദേഹത്തിന്റെ മാനവദർശന ങ്ങളും ജീവിതവീക്ഷണങ്ങളുമാണ് ആ വ്യക്തിമഹത്വത്തിന് നിദാനം.

## പൊളിഞ്ഞ ജലപദ്ധതി

16

**പി കെ ഗോപി**



കാട്ടിൽ എല്ലാവർക്കും ഉപകാര പ്പെടട്ടെ എന്നു കരുതിയായിരുന്നു ജ്യേഷ്ഠനും അനുജനും കൂടി ആ ജലപദ്ധതി തുടങ്ങിയത്. ആ പദ്ധതി എങ്ങനെയാണ് പാളിപ്പോയത്? രസകരമായ ഈ കഥ വായിക്കൂ...

## മസായിമാരായിലെ മായക്കാഴ്ചകൾ

22

**സീമ സുരേഷ്**



കെനിയയിലെ പ്രസിദ്ധമായ മസായി മാരായിലെ കാടിന്റെ ഭംഗിയിലേക്ക് കൂട്ടുകാരെ കൂട്ടിക്കൊണ്ടുപോവുക യാണ് ലേഖിക. വന്യമൃഗങ്ങളുടെ വന്യത വളരെ അടുത്ത് കാണാൻ കഴിയുന്ന ഒരസുലഭ കാഴ്ച.


**മുൻമൊഴി**......4
സുഗതകുമാരി

**കവിതാപരിചയം**......12

**ഗാന്ധിജിയുടെ അഭിമാനം**......14
കലൂർ ഉണ്ണിക്കൃഷ്ണൻ

**തണൽമരം**......15
എം ആർ സി അരിയല്ലൂർ

**സ്കൂൾഡെയ്സ്**......19
എൻ ടി രാജീവ്

**നക്ഷത്രപ്പൂക്കൾ**......20
രാമചന്ദ്രൻ ആറ്റുവാശ്ശേരി

**തല്ലുകൊള്ളി**......20
ഹരിദാസ് സാരംഗി

**ഒരു പ്രളയഗീതം**......21
വിശ്വനാഥൻ വടയം

**ലോട്ടസ് ടെംബിൾ, ന്യൂഡൽഹി**......30
കെ യതീന്ദ്രനാഥൻ

**എന്റെ മലയാളം**......32
സുഷമ ബിന്ദു

**കൂട്ടിലെ കിളി**......33
പ്രേമജ ഹരീന്ദ്രൻ

**കടൽരാജകുമാരി**......34
ദേവിപ്രിയ

**കുഞ്ഞിക്കാക്കയും കുഞ്ഞി ക്കുയിലും**......41
റെജി മലയാലപ്പുഴ

**ടോം സോയറുടെ സാഹസിക ജീവിതം**......42
പുനരാഖ്യാനം : ജോളി വർഗീസ്

**കടപയാദി**......46
പള്ളിയറ ശ്രീധരൻ

**കുന്നിത്തിളക്കങ്ങൾ**......47
അസുരമംഗലം വിജയകുമാർ

**ഭാഗ്... മിൽഖാ... ഭാഗ്...**......48
സനിൽ പി തോമസ്

**മൈനകൾ നട്ട മരങ്ങൾ**......50
രമാ പ്രസന്ന പെരുവാരം

**മഹാഭാരതം**......52
സുഗതകുമാരി

**ഇളംതളിര്**......54



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**


ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**ബോബി എം പ്രഭ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org, director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org



വര: സുധീർ പി വൈ

# ഭാഷ

അന്ധനായ ഒരു മഹർഷി കാട്ടിനുള്ളിൽ ധ്യാനലീനനായി ഇരിക്കുകയാണ്. അപ്പോൾ ഒരാൾ അതിലേ തിടുക്കത്തിൽ കടന്നുവന്നു ചോദിച്ചു: ''എടാ, കണ്ണുപൊട്ടാ, ഇതിലേ ആരെങ്കിലും വന്നോ?'' മഹർഷി 'ഇല്ല' എന്നു തലയാട്ടി കാണിക്കുക മാത്രം ചെയ്തു. അല്പനേരം കഴിഞ്ഞപ്പോൾ മറ്റൊരാളുടെ വരവായി. ''ഹേ സന്ന്യാസീ, ഈ വഴി ആരെങ്കിലും വന്നോ? മര്യാദയ്ക്ക് സത്യം പറയണം.'' ''ഒരാൾ വന്നു. അയാൾ കിഴക്കേ വഴിയിലൂടെ പോയി.'' അല്പനേരം കഴിഞ്ഞ് മറ്റൊരാളുടെ വരവായി. ''ഹേ മഹർഷീ, ക്ഷമിക്കണം. ഈ വഴി ആരെങ്കിലും വന്നോ എന്ന് അറിഞ്ഞാൽ കൊള്ളാം.'' ''രണ്ടുപേർ വന്നു. കിഴക്കേ വഴിയിലൂടെ പോയി.'' മഹർഷി മറുപടിപറഞ്ഞു. കുറച്ചുകഴിഞ്ഞപ്പോൾ മറ്റൊരാളുടെ വരവായി. ''ക്ഷമിക്കണം മഹർഷീ, ധ്യാനത്തിലിരിക്കുന്ന അങ്ങയെ ശല്യപ്പെടുത്തുന്നതിന് മാപ്പ് നൽകണം. എന്റെ കൂടെയുള്ള ആളുകളെ അന്വേഷിച്ചുനടക്കുകയാണ്

ഞാൻ. ഈ വഴി ആരെങ്കിലും വന്നെങ്കിൽ ദയവായി പറഞ്ഞു തന്നാലും. അങ്ങയെ ഉപദ്രവിക്കുന്നതിന് മാപ്പ് ചോദിക്കുന്നു. ആ പാദങ്ങളിൽ തൊട്ട് വന്ദിക്കുന്നു.''

മഹർഷി മറുപടി പറഞ്ഞു. ''മഹാരാജാവേ, അങ്ങയെ അന്വേഷിച്ച് അങ്ങയുടെ മന്ത്രിയും ഭടനായകനും ഒരു ഭടനും ഇതിലേ വരികയുണ്ടായി. അവരെല്ലാം കിഴക്കേവഴിയിലൂടെ പോയി.'' രാജാവ് വിനയത്തോട് ചോദിച്ചു.


''മഹർഷിവര്യാ, നന്ദി. പക്ഷേ അങ്ങ് എങ്ങനെയാണ് ഞാൻ രാജാവാണെന്നും മറ്റുള്ളവർ മന്ത്രിയും ഭടനായകനും ഭടനും ആണെന്ന് അറിഞ്ഞത് എന്ന് സദയം പറഞ്ഞുതന്നാൽ കൊള്ളാം.''

മഹർഷി ചിരിച്ചു. ''ഭാഷ'' എന്ന് ഉത്തരം പറഞ്ഞു.

ഓരോരുത്തരുടെയും സ്ഥാനവും മാന്യതയും അവരുപയോഗിക്കുന്ന ഭാഷയിൽ നിന്ന് വ്യക്തമാകും. കുട്ടികൾ ഈ കഥയുടെ സാരം ശ്രദ്ധിച്ചുമനസ്സിലാക്കുക. നല്ല ഭാഷ, മര്യാദയുടെ ഭാഷ, മാന്യതയുടെ ലക്ഷണമാണ്.

സ്നേഹത്തോടെ
**സുഗതകുമാരി**

**ഓരോരുത്തരുടെയും സ്ഥാനവും മാന്യതയും അവരുപയോഗിക്കുന്ന ഭാഷയിൽ നിന്ന് വ്യക്തമാകും. കുട്ടികൾ ഈ കഥയുടെ സാരം ശ്രദ്ധിച്ചു മനസ്സിലാക്കുക. നല്ല ഭാഷ, മര്യാദയുടെ ഭാഷ, മാന്യതയുടെ ലക്ഷണമാണ്.**





മഹാന്മാരായി ആരും ഈ ഭൂമിയിൽ ജനിക്കുന്നില്ല. ചിന്തയും അറിവും കർമ്മങ്ങളും കൊണ്ട് മഹത്വം ആർജ്ജിക്കുന്നവരാണ് മഹാത്മാക്കളായിത്തീരുന്നത്. ബുദ്ധിയും കഴിവും ദൈവം എല്ലാവർക്കും നൽകിയിട്ടുണ്ട്. അവ വേണ്ടതുപോലെ ഉപയോഗിക്കാനുള്ള വിവേകവും പരിശ്രമവും ക്ഷമയും ഉള്ളവർക്ക് നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജിയുടെ കാര്യം അങ്ങനെയാണ്.

# മഹത്വത്തിലേക്കുള്ള ഗാന്ധിജിയുടെ വഴികൾ



ജോസഫ് പനയ്ക്കൽ

ശങ്കിച്ചുശങ്കിച്ചാണ് മോഹൻദാസ് ഗാന്ധി അച്ഛൻ കിടക്കുന്ന മുറിവാതിൽക്കലെത്തിയത്. അമ്മ പുത്‌ലിബായ് കരംചന്ദ് ഗാന്ധിയുടെ ശരീരം തുടച്ചു തൈലം പുരട്ടുകയായിരുന്നു. അച്ഛൻ സുഖമില്ലാതെ നിലത്ത് മരപ്പലകയിൽ കിടക്കുകയാണ്.

അങ്ങോട്ടു കടന്നുചെല്ലാൻ മോഹൻദാസിനു ധൈര്യക്കേട് തോന്നി. അമ്മ തന്നെ സംശയത്തോടെയാണോ നോക്കുന്നത്? അതോ സഹതാപത്തോടെയോ? താനടുത്തു ചെന്നാൽ സിഗരറ്റിന്റെ മണമോ, താൻ കഴിച്ച ഇറച്ചിക്കറിയുടെ മണമോ അമ്മ മനസ്സിലാക്കുമോ?

ഭഗവാനേ...! മോഹൻദാസ് കുറ്റബോധംകൊണ്ട് അസ്വസ്ഥനായി. ശുദ്ധമനസ്സോടെ ശാന്തമായി മാതാപിതാക്കളെ അഭിമുഖീകരിക്കാൻ കഴിയാതായിരിക്കുന്നു. അത് താങ്ങാൻ വയ്യെന്ന്

തോന്നി. തന്റെ കുടുംബക്കാർ വൈഷ്ണവരാണ്. മാംസഭക്ഷണം നിഷിദ്ധമാണ്. സസ്യാഹാരമേ പാടുള്ളൂ. ചേട്ടന്റേയും ചങ്ങാതിയുടേയും പ്രേരണകൊണ്ടാണ് ആട്ടിറച്ചിക്കറി കഴിച്ചത്. മാംസഭക്ഷണം കഴിച്ചാൽ നല്ല കായികബലവും ധൈര്യവും ഉണ്ടാകുമെന്ന് ചേട്ടന്റെ കൂട്ടുകാരാണ് പറഞ്ഞത്. അയാൾ ഓട്ടത്തിലും ചാട്ടത്തിലുമൊക്കെ സ്കൂളിൽ ഒന്നാമനാണ്. മാംസഭക്ഷണം കഴിക്കുന്നതുകൊണ്ടാണത്രേ അയാൾക്ക് നല്ല ഉയരവും കരുത്തുമുള്ളത്! താൻ മെലിഞ്ഞവനും പേടിത്തൊണ്ടനുമായത് സസ്യഭക്ഷണം മാത്രം കഴിക്കുന്നതുകൊണ്ടാണെന്ന് ആ കൂട്ടുകാരൻ പറഞ്ഞു. തനിക്കും ബലവാനും ധൈര്യശാലിയും ആകണമെന്ന് വല്ലാത്ത ആഗ്രഹമുണ്ട്. ബ്രിട്ടീഷുകാർക്ക് ഇന്ത്യയെ അടക്കിഭരിക്കാൻ കഴിയുന്നത് അവർ മാംസഭുക്കുകളായതുകൊണ്ടാണുപോലും! അങ്ങനെയാണ് ചേട്ടന്റേയും ചങ്ങാതിയുടേയും കൂടെച്ചെന്ന് മാംസഭക്ഷണം കഴിച്ചത്. ഇഷ്ടപ്പെട്ടതുകൊണ്ട് പിന്നീടും കഴിക്കാൻ അവസരം തേടിനടന്നു.

അതുപോലെ പല അപരാധങ്ങളും ചെയ്തു ചെയ്ത് താനിപ്പോൾ ഒരു വലിയ പാപിയായിരിക്കുന്നു എന്ന് മോഹൻദാസ് ഖേദിച്ചു. ഇളയച്ഛൻ സിഗരറ്റുവലിച്ച് സ്റ്റൈലായി പുകയൂതി വിടുന്നത് കണ്ടപ്പോൾ വല്ലാത്ത കൊതി തോന്നി. അദ്ദേഹമുപേക്ഷിച്ച സിഗരറ്റുകുറ്റികൾ പെറുക്കിയെടുത്ത് കത്തിച്ച് വലിച്ചുനോക്കി. അതൊരു രസമായിത്തോന്നിയപ്പോൾ വീട്ടുവേലക്കാരന്റെ പോക്കറ്റിൽ നിന്ന് ചെമ്പുതുട്ടുകൾ മോഷ്ടിച്ച് സിഗരറ്റ് വാങ്ങി കൂട്ടുകാരുമൊത്ത് രഹസ്യമായി വലിച്ചുരസിച്ചു. സിഗരറ്റിനും മാംസാഹാരത്തിനും വേണ്ടി പിന്നീട് ചിലരോട് പൈസ കടം വാങ്ങി. കടം വീട്ടിയില്ലെങ്കിൽ നാണക്കേടാകുമെന്നു ഭയന്ന് ചേട്ടന്റെ സ്വർണ്ണവളയുടെ ഒരു കഷണം മുറിച്ചുവിറ്റ് പണമുണ്ടാക്കി.

മാംസാഹാരം കഴിച്ചെത്തിയ രാത്രിയിൽ അമ്മ അത്താഴം വിളമ്പിയത് കഴിക്കാൻ വിഷമമായി. വയറിന് സുഖമില്ലെന്ന് അമ്മയോട് തന്നെ പറഞ്ഞു. അമ്മ ആശങ്കയോടെ നെറ്റി ചുളിച്ചു തന്നെ നോക്കി.

''സുഖമില്ലെങ്കിൽ വൈദ്യന്റെ അടുത്തു കൊണ്ടുപോകാം.'' അമ്മ പറഞ്ഞു.

''ഏയ് അത്രയ്ക്കൊന്നുമില്ല'' – പരിഭ്രമത്തോടെ മോഹൻദാസ് ഒഴിഞ്ഞുമാറി. അമ്മയോട് നുണ പറഞ്ഞതിലും അമ്മ തന്നെക്കുറിച്ച് വിഷമിക്കുന്നതിലും അവന് മന:പ്രയാസം തോന്നി.

ഈശ്വരാ! ഈ പാപഭാരവും താങ്ങി ഇനിയും മുന്നോട്ട് പോകുന്നത് നാശമാകും.



യുവാവായ ഗാന്ധിജി

മേലിൽ ഈവക തെറ്റുകൾ ചെയ്യില്ലെന്ന് മോഹൻദാസ് സ്വയം തീരുമാനിച്ചു. എന്നിട്ടും മനസ്സിന് ശാന്തിയുണ്ടായില്ല.

എല്ലാവരുടേയും മുന്നിൽ താനൊരു കുറ്റവാളിയായിരിക്കുന്നു. ആ തോന്നൽ മോഹൻദാസിനെ അസ്വസ്ഥനാക്കി. സ്വന്തം മനസ്സാക്ഷിയുടെ വിചാരണയിൽ നീറി. തന്റെ ദുഷ്കൃത്യങ്ങൾ എങ്ങനെയെങ്കിലും സുഖമില്ലാതെ കിടക്കുന്ന അച്ഛനറിഞ്ഞാൽ എന്താണുണ്ടാവുക എന്നതിൽ അവനു ഭയം തോന്നി. അച്ഛനോട് നേരിട്ട് പറയാനും ധൈര്യമില്ല.

അങ്ങനെയാണ് ഒരു കടലാസിൽ, ചെയ്തുപോയ തെറ്റുകളെല്ലാം തുറന്നെഴുതിയത്. മേലിൽ തെറ്റുകൾ ചെയ്യില്ലെന്നും എല്ലാം സദയം ക്ഷമിച്ച് മാപ്പ് നൽകണമെന്നും അപേക്ഷിച്ചു. കത്തുമായി അച്ഛന്റെ മുറിയിലേക്ക് ഇടറുന്ന പാദങ്ങളോടെ കടന്നുചെന്ന് ആ കുറ്റസമ്മതപത്രം നൽകുമ്പോൾ മോഹൻദാസിന്റെ കൈ വിറയ്ക്കുകയും ശരീരം വിയർക്കുകയും ചെയ്തു.

കരംചന്ദ്ഗാന്ധി പ്രയാസപ്പെട്ട് എഴുന്നേറ്റിരുന്ന് ആ കത്ത് വായിച്ചു. എന്നിട്ട് മകനെ ഒന്നു നോക്കി. വീണ്ടും ക്ഷീണിച്ച മിഴികൾ കത്തിലെ വാക്കുകളിലൂടെ നീങ്ങി. കണ്ണുനീർത്തുള്ളി കവിളിലൂടെ കത്തിൽ വീണുകൊണ്ടിരുന്നു. മോഹൻദാസ് അച്ഛന്റെ ശകാരവും ശിക്ഷാവിധിയും പ്രതീക്ഷിച്ച് തല കുനിച്ചിരിക്കുകയായിരുന്നു. കണ്ണീരിൽ നനഞ്ഞ കത്ത് ചീന്തിയെറിഞ്ഞിട്ട് ഒന്നും മിണ്ടാതെ അച്ഛൻ മകനെയൊന്ന്



സ്പർശിച്ച് കണ്ണുകളടച്ച് കിടന്നു.

അച്ഛന്റെ ആ നിശബ്ദമായ കിടപ്പിലെ ആത്മവേദനയറിഞ്ഞ് മോഹൻദാസ് വിങ്ങിവിങ്ങിക്കരഞ്ഞു. ആ കണ്ണുനീരിൽ അവന്റെയുള്ളിലടിഞ്ഞു കൂടിയ എല്ലാ പാപക്കറകളും കഴുകിയൊലിച്ചുപോയി. അച്ഛന്റെ ക്ഷമയും മൗനവും സഹനവും മോഹൻദാസിനെ പശ്ചാത്താപവിവശനാക്കി മകന്റെ സത്യസന്ധമായ കുറ്റസമ്മതം തന്നെയാണ് കരംചന്ദ്ഗാന്ധിയെ കരയിച്ചത്. അഹിംസയുടെ ശക്തി ഒരു സ്ഫുലിംഗമായി ഗാന്ധിയുടെ ആത്മാവിൽ പതിഞ്ഞത് ആ നിമിഷത്തിലായിരിക്കാം.

മഹാന്മാരായി ആരും ഈ ഭൂമിയിൽ ജനിക്കുന്നില്ല. ചിന്തയും അറിവും കർമ്മങ്ങളും കൊണ്ട് മഹത്വം ആർജ്ജിക്കുന്നവരാണ് മഹാത്മാക്കളായിത്തീരുന്നത്. ബുദ്ധിയും കഴിവും ദൈവം എല്ലാവർക്കും നൽകിയിട്ടുണ്ട്. അവ വേണ്ടതുപോലെ ഉപയോഗിക്കാനുള്ള വിവേകവും പരിശ്രമവും ക്ഷമയും ഉള്ളവർക്ക് നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും.

നമ്മുടെ രാഷ്ട്രപിതാവും ലോകാരാധ്യനുമായ മഹാത്മാ ഗാന്ധിയുടെ കാര്യം അങ്ങനെയാണ്. കുട്ടിക്കാലത്ത് ഒരു സാധാരണകുട്ടിയെപ്പോലെ തന്നെ പേടിത്തൊണ്ടനും നാണംകുണുങ്ങിയുമായിരുന്നു മോഹൻദാസ് ഗാന്ധിയും. സ്കൂളിൽ ആരോടും കൂട്ടുകൂടാൻ കഴിയാത്ത, പാഠപുസ്തകവും പഠനവുമായി ഒതുങ്ങിക്കഴിഞ്ഞവൻ. ആരോടെങ്കിലും സംസാരിക്കേണ്ടി വരുമോ എന്നു പേടിച്ച് സ്കൂൾ വിട്ടാൽ നേരെ വീട്ടിലേക്കോടുമായിരുന്നു.

കള്ളന്മാരേയും ഭൂതപ്രേതങ്ങളേയും വല്ലാതെ ഭയപ്പെട്ടിരുന്നു. ഇരുട്ടിനെപ്പേടിച്ച് വിളക്കു കത്തിച്ചുവച്ചാണ് ഉറങ്ങിയിരുന്നത്. ഒരു മുറിയിൽ നിന്ന് അടുത്ത മുറിയിലേക്ക് പോകാൻ കൂട്ടുവേണം. ഹൈസ്കൂൾ വിദ്യാർഥിയായിരുന്നപ്പോൾ ഒരുപാടു തെറ്റുകൾ ചെയ്തിരുന്നു. അവയെക്കുറിച്ചാണ് അച്ഛന് കത്തെഴുതിയത്.

എന്നാൽ ചെയ്തതു തെറ്റാണെന്ന് ബോധ്യമായപ്പോൾ കുറ്റബോധം തോന്നുകയും തെറ്റുകൾ ആവർത്തിക്കില്ലെന്ന് സ്വയം ദൃഢചിത്തനാവുകയും ചെയ്തതാണ് മോഹൻദാസ് ഗാന്ധിയുടെ സവിശേഷത. അത് ഒരു മഹത്വലക്ഷണമാണ്.

ഉപരിപഠനത്തിന് ഇംഗ്ലണ്ടിലേക്ക് പോകും മുമ്പ് ഹൈസ്കൂളിൽവെച്ച് മോഹൻദാസിന് ഒരു യാത്രയയപ്പുനൽകി. നന്ദി പറയാൻ എഴുന്നേറ്റ മോഹൻദാസ് പകച്ചുവിറച്ച് ഒന്നും മിണ്ടാനാകാതെ ഇരുന്നുപോയി. ഇംഗ്ലണ്ടിലെത്തിയതിനു ശേഷം കുറെ ദിവസത്തേക്ക് അമ്മയേയും ഭാര്യയേയും കുഞ്ഞിനേയുമോർത്ത് ഉറങ്ങാനാകാതെ കരഞ്ഞുകൊണ്ടിരുന്നു.

ബാരിസ്റ്ററായി ഇന്ത്യയിൽ മടങ്ങിയെത്തിയ ഗാന്ധി ബോംബെയിൽ വക്കീലായി ജോലിയിൽ പ്രവേശിച്ചു. ആദ്യത്തെ കേസിൽ സാക്ഷിയെ വിസ്തരിക്കാനെഴുന്നേറ്റപ്പോൾ ഉണ്ടായ അനുഭവത്തെപ്പറ്റി ഗാന്ധി ആത്മകഥയിൽ ഇങ്ങനെയെഴുതി. ''എന്റെ ഹൃദയം ചെരുപ്പിനുള്ളിലേക്ക് ചുരുങ്ങിപ്പോകുന്നതായി എനിക്ക് തോന്നി. എന്റെ തല കറങ്ങി. കോടതി തന്നെ കറങ്ങുന്നുവെന്നു തോന്നി. സാക്ഷിയോട് എനിക്കൊന്നും ചോദിക്കാൻ കഴിഞ്ഞില്ല.''

**ഒരുകാലത്ത് ഭീരുവും ലജ്ജാലുവും കുറ്റങ്ങൾ ചെയ്തവനുമായ മോഹൻദാസ് ഗാന്ധിയാണ് പിന്നീട് ദക്ഷിണാഫ്രിക്കയിലെ അടിമത്തമനുഭവിച്ചിരുന്ന തൊഴിലാളികളുടെ അവകാശപ്പോരാട്ടങ്ങൾക്ക് ധീരമായ നേതൃത്വം വഹിച്ചത്. അതിനുശേഷം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം വഹിക്കുകയും ചെയ്തു.**


ഒരുകാലത്ത് അങ്ങനെ ഭീരുവും ലജ്ജാലുവും കുറ്റങ്ങൾ ചെയ്തവനുമായ മോഹൻദാസ് ഗാന്ധിയാണ് പിന്നീട് ദക്ഷിണാഫ്രിക്കയിലെ അടിമത്തമനുഭവിച്ചിരുന്ന തൊഴിലാളികളുടെ അവകാശപ്പോരാട്ടങ്ങൾക്ക് ധീരമായ നേതൃത്വം വഹിച്ചത്. അതിനുശേഷം തന്റെ ആത്മബലം കൊണ്ട് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം വഹിക്കുകയും ബ്രിട്ടീഷ് ഭരണത്തെ നിഷ്കാസനം ചെയ്യുകയും ചെയ്തു.

ഈ അത്ഭുതാവഹമായ പരിവർത്തനം ഗാന്ധിയിൽ എങ്ങനെ സംഭവിച്ചുവെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. അനുഭവങ്ങളും ചിന്തയും പുസ്തകങ്ങളുമാണ് ഗാന്ധിയെ കരുത്തനും മഹാത്മാവുമാക്കിയ കർമ്മങ്ങളിലേക്ക് നയിച്ചത്.

24-ാമത്തെ വയസ്സിൽ ദാദാ അബ്ദുള്ള എന്ന ഗുജറാത്തി വ്യാപാരിയുടെ വക്കീലായാണ് ഗാന്ധി ദക്ഷിണാഫ്രിക്കയിലെ ഡർബനിലെത്തിയത്. ഇന്ത്യാക്കാരായ തോട്ടം തൊഴിലാളികൾ വെള്ളക്കാരുടെ വർണ്ണവിവേചനത്തിനും അനീതിക്കും ചൂഷണത്തിനും വിധേയരായി നിസ്സഹായതയോടെ കഴിയുകയായിരുന്നു.

ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത് ഒരു യാത്രാനുഭവമാണ്. ദക്ഷിണാഫ്രിക്കയിൽ നിന്ന് ഗാന്ധി തീവണ്ടിയിൽ പ്രിട്ടോറിയയിലേക്ക് യാത്ര ചെയ്യുകയായിരുന്നു. ഫസ്റ്റ് ക്ലാസ് ടിക്കറ്റിലായിരുന്നു യാത്ര. ഇടയ്ക്കുള്ള പീറ്റർമാരിറ്റ്സ്ബർഗിൽ നിന്ന് ഒരു വെള്ളക്കാരൻ ആ തീവണ്ടിമുറിയിൽ കയറി. ഇന്ത്യക്കാരനായ ഗാന്ധിയോട് മൂന്നാം ക്ലാസ് മുറിയിലേക്ക് പോകാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഫസ്റ്റ് ക്ലാസ് ടിക്കറ്റുള്ള ഗാന്ധി അതിന് തയ്യാറായില്ല. സായിപ്പ് പോലീസിനെ വിളിച്ചു. അടുത്ത സ്റ്റേഷനിൽ വെച്ച് ഗാന്ധിയെ പോലീസ് പ്ലാറ്റ്ഫോമിലേക്ക് തള്ളിയിട്ടു. വെള്ളക്കാർ സഞ്ചരിക്കുന്ന മുറിയിൽ കറുത്തവർ പാടില്ലത്രേ! കൊടും തണുപ്പിൽ, ഇരുട്ടിൽ അപമാനിതനായി ഗാന്ധി അവിടെ അങ്ങനെയിരുന്നപ്പോൾ മനസ്സിൽ അമർഷം പുകഞ്ഞു. വെള്ളക്കാരുടെ വർണ്ണവിവേചനത്തിനും അനീതിക്കുമെതിരെ ശക്തമായി പോരാടാൻ തന്നെ തീരുമാനിച്ചു; അതിനുവേണ്ടി എന്ത് ത്യാഗവും സഹിക്കാനും. അനീതിക്കെതിരെ നിർഭയം പോരാടേണ്ടത് മനുഷ്യധർമ്മമാണെന്ന ഭഗവത്ഗീതാവാക്യമാണ് അദ്ദേഹത്തിന് ആത്മവീര്യം നൽകിയത്. ഇംഗ്ലണ്ടിൽ വെച്ചാണ് ഭഗവത്ഗീതയുടെ ഇംഗ്ലീഷ് പരിഭാഷ - ' The Song Celestial' (എഡ്വിൻ അർണൾഡ്) ഗാന്ധി വായിച്ചത്. പ്രിട്ടോറിയായിലെത്തിയ ഗാന്ധി അവിടെ ഇന്ത്യക്കാരുടെ ഒരു യോഗം വിളിച്ചുകൂട്ടി. അവരിലേറെപേർക്കും ഇംഗ്ലീഷ് എഴുതാനോ വായിക്കാനോ അറിയില്ലായിരുന്നു. ഇംഗ്ലീഷ് പഠിച്ചാലേ സംഘടിക്കാനും അനീതിക്കെതിരെ സമരം ചെയ്യാനും കഴിയൂ എന്ന് അദ്ദേഹം അവരെ പറഞ്ഞ് മനസ്സിലാക്കുകയും അവരെ ഇംഗ്ലീഷ് പഠിക്കാൻ സന്നദ്ധരാക്കുകയും ചെയ്തു.

തീവണ്ടിയിലെ തന്റെ അനുഭവം വിവരിച്ചുകൊണ്ടും





ബാരിസ്റ്റർ ഗാന്ധി

ഇംഗ്ലീഷുകാരുടെ അനീതിയേയും മര്യാദകേടിനേയും വിമർശിച്ചുകൊണ്ടും ഗാന്ധി ഒരു ലേഖനമെഴുതി Natal Advertiser എന്ന ഇംഗ്ലീഷ് പത്രത്തിൽ പ്രസിദ്ധീകരിച്ചു.

വിവിധ വിഭാഗക്കാരായ ഇന്ത്യാക്കാരെ സംഘടിപ്പിച്ച് അദ്ദേഹം ഇന്ത്യൻ കോൺഗ്രസ്സ് എന്നൊരു സംഘടനയുണ്ടാക്കി. ഇന്ത്യാക്കാരായ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾക്കും നീതിക്കും



വേണ്ടി ഗാന്ധി സർക്കാരിന് നിവേദനങ്ങളയച്ചു.

ഇന്ത്യാക്കാർ വിരലടയാളമടങ്ങിയ രജിസ്ട്രേഷൻ രേഖകൾ എപ്പോഴും കൈവശം വെച്ചുകൊണ്ടുനടക്കണം എന്നൊരു നിയമം 1906-ൽ ദക്ഷിണാഫ്രിക്കൻ സർക്കാർ കൊണ്ടുവന്നു. അതിനെതിരായി ഗാന്ധി നിയമനിഷേധ സത്യഗ്രഹസമരത്തിന് നേതൃത്വം നൽകി. ഭരണകൂടത്തിന്റെ അന്യായമായ നിയമങ്ങൾ എതിർക്കപ്പെടേണ്ടത് പൗരധർമ്മമാണെന്ന് അമേരിക്കൻ ചിന്തകനായ ഡേവിഡ് തോറോയുടെ 'നിയമലംഘനം' എന്ന പുസ്തകത്തിൽ ഗാന്ധി വായിച്ചിരുന്നു. സോക്രട്ടീസും അതേ ആശയക്കാരനായിരുന്നു. ഗാന്ധിയെ അത് പ്രചോദിപ്പിച്ചു.

അങ്ങനെ പല സമരങ്ങൾക്കും ദക്ഷിണാഫ്രിക്കയിൽ ഗാന്ധി നേതൃത്വം വഹിച്ചു. പലതവണ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുകയും ജയിൽ വാസമനുഭവിക്കുകയും ചെയ്തു. ജയിലിൽ വച്ച് ഗാന്ധിക്ക് ഖനിയിൽ പണിയെടുക്കേണ്ടി വന്നു. ഇരുമ്പുകൂടം കൊണ്ട് കരിങ്കല്ല് അടിച്ചു പൊട്ടിക്കേണ്ടിവന്നു. ഇരുട്ടുമുറിയിൽ കഴിയേണ്ടി വന്നു. നീതിക്കുവേണ്ടി എല്ലാം സഹിച്ച് ഗാന്ധി സമരപ്പോരാട്ടം തുടർന്നു. അവസാനം വൈസ്രോയി ഹർഡിങ്ങ് പ്രഭുവുമായുള്ള ഒത്തുതീർപ്പു ചർച്ചയിൽ ഗാന്ധി ഉന്നയിച്ച ആവശ്യങ്ങളെല്ലാം അംഗീകരിപ്പിച്ചിട്ടാണ് സമരം അവസാനിപ്പിച്ചത്.

ലജ്ജാലുവും ഭീരുവുമായി ദക്ഷിണാഫ്രിക്കയിലേക്കുപോയ മോഹൻദാസ് ഗാന്ധി 1915-ൽ ഇന്ത്യയിൽ തിരിച്ചെത്തിയത് പക്വതയും ധൈര്യവുമുള്ള കരുത്തനായ

ഒരു നേതാവായിട്ടാണ്. അതിനുശേഷമാണ് ബ്രിട്ടീഷ് ഭരണത്തിനെതിരായ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ നേതൃത്വം അദ്ദേഹം ഏറ്റെടുത്തത്.

ലോകചരിത്രത്തിൽ സത്യത്തേയും അഹിംസ യേയും ധർമ്മത്തേയും സഹനത്തേയും മുറുകെപ്പിടിച്ച് വിദേശഭരണത്തിനെതിരെ സമരം നടത്തി വിജയം വരിച്ച ഐതിഹാസിക കഥയാണ് മഹാത്മാഗാന്ധിയുടേത്. അദ്ദേഹത്തിന്റെ മാന വദർശനങ്ങളും രാഷ്ട്രീയാദർശങ്ങളും ജീവിത വീക്ഷണങ്ങളുമാണ് ആ വ്യക്തിമഹത്വത്തിന് നിദാനം.

തുളസീദാസരാമായണവും ഭഗവത്ഗീതയും ബൈബിളും ബുദ്ധമതസിദ്ധാന്തങ്ങളുമെല്ലാം ഗാന്ധിയിൽ അഹിംസാസിദ്ധാന്തത്തെ അരക്കിട്ടുറപ്പിച്ചു. ബാഹ്യമായ ലൗകിക ശക്തിയേക്കാൾ ആന്തരികമായ ആത്മീയ ശക്തിയാണ് ഏറ്റവും മൂല്യവത്തായത് എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഇംഗ്ലീഷ് സാഹിത്യകാരനായ ജോൺ റസ്കിന്റെ 'Unto this last' എന്ന പുസ്തകത്തിലെ ആശയങ്ങൾ ഗാന്ധിയുടെ കാഴ്ചപ്പാടുകളെയാകെ മാറ്റിമറിച്ചുവെന്ന് ആത്മകഥയിൽ അദ്ദേഹം പറഞ്ഞിട്ടുണ്ട്. ടോൾസ്റ്റോയിയുടെ 'സ്വർഗ്ഗരാജ്യം നിന്നിൽത്തന്നെ' എന്ന കൃതിയും ഗാന്ധിജിയെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ലളിതജീവിതം, മിത വ്യയം, കാർഷികപ്രവൃത്തികൾ എന്നിവ ടോൾസ്റ്റോയിയിൽ നിന്നാണ് ഗാന്ധിജി സ്വീക രിച്ചത്. അദ്ദേഹം നടപ്പാക്കിയ സഹകരണ പ്രസ്ഥാനത്തിന് 'ടോൾസ്റ്റോയി ഫാം' എന്ന് പേര് നൽകുകയും ചെയ്തു.

വിനാശകരമായ സായുധപ്പോരാട്ടത്തിനു പകരം അഹിംസാമാർഗത്തിലൂടെയുള്ള സമാധാനം സ്ഥാപിച്ചതാണ് ഗാന്ധിജിയുടെ മഹത്തായ സംഭാവന. മനുഷ്യരാശിയോട് മാത്രമല്ല സർവജീവജാലങ്ങളോടും പ്രകൃതി യോടുമുള്ള ഗാഢമായ സ്നേഹവും സമഭാവനാ ഭാവവുമാണ് ഗാന്ധിജി അഹിംസാതത്വംകൊണ്ട് അർഥമാക്കിയത്.



## ഒറ്റമുണ്ടും ഖദർ ഷാളും ഗാന്ധിജിയും

ഒരിക്കൽ സബർമതി ആശ്രമത്തിന്റെ സമീപത്ത് താമസിക്കുന്ന ഏതാനും സ്ത്രീകൾ ഗാന്ധിജിയെ കാണാൻ വന്നു. നൂൽ നൂൽപ്പായിരുന്നു അവരുടെ തൊഴിൽ. മുഷിഞ്ഞുനാറിയ അവരുടെ വസ്ത്രങ്ങൾ ഗാന്ധിജിയെ വേദനിപ്പിച്ചു. ഗാന്ധിജി കസ്തൂർബായെ വിളിച്ച് ഇപ്രകാരം പറഞ്ഞു.

"നാളെത്തന്നെ നീ അവരുടെ കുടിലുകളിലേക്കു പോകണം. ശുചിത്വമെന്തെന്ന് അവരെ പഠിപ്പിക്കണം."

പിറ്റേന്നു തന്നെ കസ്തൂർബാ അവരുടെ കുടിലുകൾ സന്ദർ ശിച്ചു. അവിടെ കണ്ട കരളലിയിക്കുന്ന കാഴ്ചകൾ അവർ ഗാന്ധിജി യോടു പറഞ്ഞു.

"അവിടെ ചില സ്ത്രീകൾക്ക് ഒരേയൊരു വസ്ത്രമാണുള്ളത്. അത് രണ്ടുമൂന്നുപേർ മാറി മാറി ധരിക്കും. ഒരാൾ പുറത്തുപോകു മ്പോൾ മറ്റു രണ്ടുപേരും വസ്ത്രമില്ലാതെ കുടിലിനുള്ളിൽ മറഞ്ഞി രിക്കേണ്ട അവസ്ഥയാണ്."

ഈ വാർത്ത ഗാന്ധിജിയെ വല്ലാതെ വിഷമിപ്പിച്ചു. അദ്ദേഹം പറഞ്ഞു.

"ഭാരതത്തിലെ മിക്ക ദരിദ്രകുടുംബത്തിന്റെയും അവസ്ഥ ഇതാണ്. അവരോടുള്ള അനുഭാവസൂചകമായി ഇന്നുമുതൽ ഞാനെന്റെ കുർത്തയും തൊപ്പിയുമെല്ലാം ഉപേക്ഷിക്കുകയാണ്. മേലിൽ ഒറ്റമുണ്ടും ഷാളും മാത്രമേ ഞാൻ ധരിക്കൂ."

ഈ സംഭവത്തോടെയാണ് അദ്ദേഹത്തിന്റെ വേഷം ഒറ്റമുണ്ടും ഖദർഷാളും മാത്രമായത്.

# രാജഘട്ടത്തിൽ

**സുഗതകുമാരി**

യമുനേ, നിന്നെക്കാണുമ്പോളെൻ
മിഴിയിണ വീണ്ടും നനയുന്നു
നിൻ കരയിൽ കുളിർ വീശും പാവന
മണ്ഡപസന്നിധി പൂകുമ്പോൾ
കരതാർ കൂമ്പി വണങ്ങീടുമ്പോൾ
സ്മരണകളായിരമുയരുന്നു.
അൻപിലനുഗ്രഹവർഷം ചൊരിയും
പുഞ്ചിരിതൻ മൃദുകിരണങ്ങൾ,
പിച്ച നടക്കാനെങ്ങൾ പഠിക്കാ-
നച്ഛൻ നീട്ടിയ തൃക്കൈകൾ
അടിമകൾ ഞങ്ങൾക്കൂരിത്തന്നോ-
രുടവാളിൻ സ്ഫുടരടിതങ്ങൾ
അടിയേറ്റവശം വീഴ്കെച്ചുറ്റും
വെടിമഴ പെയ്കെയിരുട്ടാകെ
തടവറ വായ പിളർക്കെ, ക്കേട്ടോ-
രമൃതത്വത്തിൻ വചനങ്ങൾ,
ഒടുവിൽ തൃക്കൊടിയുയരെപ്പാറി-
പ്പുതിയൊരു പുലരിയണഞ്ഞപ്പോൾ
ഉത്സവഘോഷപ്പൊലിമയിൽ, ദൂരെ-
ദുഃഖശതങ്ങൾ വിളിക്കുമ്പോൾ
കവിളിൽ കണ്ണീർ ധാരയൊടങ്ങോ-
ട്ടുഴറും കരുണാശോകങ്ങൾ.
പിന്നെയൊരന്തി... അനന്തസ്നേഹം
തിങ്ങി നിറഞ്ഞോരാ മാറിൽ...
കര കാണാത്തൊരു വാത്സല്യത്തോ-
ടിവരെയണയ്ക്കും വിരിമാറിൽ
തീയുണ്ടകൾ തന്നർച്ചന-രുധിരം
തൂവി,ത്തളരും കൈകൂപ്പി
ഹാ, ഞങ്ങൾക്കായോതിയ രാമ
മഹാനാമത്തിൻ ദൃഢശബ്ദം...
യമുനേ... നിന്നെക്കാണുമ്പോഴെൻ
മിഴിയിണ വീണ്ടും നിറയുന്നൂ
അൻപിലനുഗ്രഹ വർഷമണച്ചൊരു
പുഞ്ചിരിതൻ മൃദുകിരണങ്ങൾ
കരളിൽ കോരി നിറച്ചും കൊണ്ടീ-
ക്കൽത്തറ തൊട്ടു നമിക്കുന്നൂ...

വര: ബാബുരാജൻ



# പിശുക്കൻ

ഈ ഗാന്ധിയ പ്പൂപ്പൻ വലിയൊരു പിശുക്കനാണെന്ന് കുട്ടികൾക്കറിയാമോ? അദ്ദേഹം എഴുതാൻ വേണ്ടി ഒരു പെൻസിൽ ഭംഗിയായി മുന ചെത്തിമിനുക്കി ഉപയോഗിച്ചുതുടങ്ങും. എഴുത്തോടെഴുത്താണ്. വരുന്ന കത്തുകളുടെയും കടലാസുകളുടെയുമൊക്കെ മറുപുറം ഒഴിഞ്ഞു കിടക്കുന്നവയെല്ലാമെടുത്ത് അടുക്കി സൂക്ഷിക്കും. അവയിലൊക്കെയാണ് കുത്തിയിരുന്ന് എഴുതുന്നത്. അങ്ങനെ എഴുതിയെഴുതി പെൻസിൽ ചെറുതാകുമ്പോഴൊന്നും കളയുമെന്നു വിചാരിക്കേണ്ട. തേഞ്ഞുതേഞ്ഞ് കുറ്റിയാകും വരെ ഉപയോഗിക്കും. തീരെ കൈയിൽ പിടിക്കാൻ വയ്യാതാകുമ്പോൾ ഒരു പേനയുടെ അടപ്പോ മറ്റോ എടുത്ത് അതിൽ ആ കുറ്റി തിരുകി വെച്ച് എഴുതിത്തുടങ്ങും...! അതിന്റെ അവസാനത്തെ തരിവരെ പ്രയോജനപ്പെടുത്തും.

ഇതിനു കാര്യമെന്ത്? ഗാന്ധിജി പറയും ഇന്ത്യ ഒരു ദരിദ്രരാജ്യമാണ്. പാവപ്പെട്ടവരാണ് ഇവിടെ അധികവും. നാം ഒന്നും എറിഞ്ഞുകളയാൻ പാടില്ല. അതുപോലെ ഭൂമിയും ഒരുപാടു മക്കളുള്ള പാവപ്പെട്ട ഒരമ്മയാണ്. മക്കൾക്കു വേണ്ടതൊക്കെ അമ്മ കൊടുക്കും. പക്ഷേ അവർക്ക് എറിഞ്ഞുകളയാൻ തക്കവിധത്തിൽ അമ്മയുടെ പക്കൽ അത്രയ്ക്കൊന്നുമില്ല. എല്ലാമെല്ലാം നിങ്ങൾ ഏറ്റവും സൂക്ഷിച്ചേ ഉപയോഗിക്കാവൂ.

നിങ്ങൾ ആലോചിച്ചു നോക്കൂ. നിങ്ങൾ ഡോട് പേന ഉപയോഗിക്കുന്ന വിധം. കടലാസോ? നോട്ടുബുക്കോ? എത്ര നിസ്സാരമായി നാം എല്ലാം എറിഞ്ഞുകളയുന്നു! നാളെ ഭൂമിയുടെ പക്കൽ ഇതെല്ലാം ഉണ്ടാക്കാനുള്ള വിഭവങ്ങളുണ്ടാവുമോ?




# ഗാന്ധിജിയുടെ അഭിമാനം

കലൂർ ഉണ്ണിക്കൃഷ്ണൻ

1902ൽ തന്റെ 37-ാമത്തെ വയസ്സിലായിരുന്നു രാജ്കോട്ടിൽ ഗാന്ധിജി അഭിഭാഷകവൃത്തി ആരംഭിച്ചത്. തൊഴിലും കീർത്തിയും കിട്ടിക്കഴിഞ്ഞപ്പോൾ വീട്ടുചെലവിനെക്കുറിച്ചുള്ള ചിന്തയിൽ നിന്നും മോചനം കിട്ടി. എന്നാൽ രാജ്കോട്ടിൽ താമസിക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞില്ല. ബിലാത്തിയിൽ പോയി പഠിക്കാൻ പ്രേരിപ്പിച്ച അദ്ദേഹത്തിന്റെ അഭ്യുദയകാംക്ഷിയായ കേവൽറാം ദവേ, ഗാന്ധിജി രാജ്കോട്ടുപോലെയുള്ള ഗ്രാമത്തിൽ പെട്ടുപോകുന്നതിനു പകരം ബോംബെയിൽ പോയി പ്രാക്ടീസ് ചെയ്യാൻ നിർബന്ധിച്ചു. അതുകൊണ്ട് വക്കാലത്തും ഭംഗിയായി നടക്കും. ഒപ്പം ദേശസേവനവും നടക്കുമല്ലോ. ഗോപാലകൃഷ്ണ ഗോഖലെ വളരെ മുമ്പുതന്നെ ഇതു പറയുമായിരുന്നു. ബോംബെ ഹൈകോർട്ടിലെ പഴയ സന്നത് നിലവിലുണ്ടായിരുന്നു. അതുകൊണ്ട് ഗിർഗാമിൽ താമസിച്ചുകൊണ്ട് വക്കീൽപ്പണി ആരംഭിച്ചു. ആവശ്യത്തിന് കേസുകൾ കിട്ടാൻ തുടങ്ങി.

ഇതിനിടെ രണ്ടാമത്തെ മകൻ മണിലാലിന് ടൈഫോയ്ഡ് പിടിപെട്ടു. പനി 104-105 ഡിഗ്രി വരെ എത്തുകയും അതേനിലയിൽ തുടരുകയും ചെയ്തു. പനിയുടെ ചൂടുകാരണം മണിലാലിന് സന്നിപാതമായി. 15-20 ദിവസങ്ങൾ കഴിഞ്ഞു. കുട്ടി വളരെ ക്ഷീണിച്ചു. കുട്ടിയുടെ ആരോഗ്യം ക്ഷയിക്കാതിരിക്കുന്നതിന് ഡോക്ടർമാർ ചിക്കൻസൂപ്പ് നിർദേശിച്ചു. ഗാന്ധിജി നേരത്തെത്തന്നെ സസ്യാഹാരവ്രതമനുഷ്ഠിക്കുന്ന ആളാണ്. അതുകൊണ്ട് മണിലാലിന് മാംസാഹാരം കൊടുക്കുവാൻ അദ്ദേഹത്തിന് താത്പര്യമില്ലായിരുന്നു. പത്തുവയസ്സുള്ള മണിലാൽ ആകട്ടെ ചിക്കൻസൂപ്പ് കഴിക്കുവാൻ വിസമ്മതിച്ചു. അച്ഛന്റെയും മകന്റെയും പഴഞ്ചൻ അഭിപ്രായം ഡോക്ടർക്ക് തീരെ രസിച്ചുമില്ല. അദ്ദേഹം തിരിച്ചുപോയി. അത് ഗാന്ധിജിക്ക് അഭിമാനത്തിന്റെ പ്രശ്നവുമായി.

ഗാന്ധിജിയുടെ മനസ്സ് പരിഭ്രമിക്കാൻ തുടങ്ങി. എങ്കിലും അദ്ദേഹം ധൈര്യം സംഭരിച്ച് മണിലാലിനെ വസ്ത്രങ്ങളൊന്നുമില്ലാതെ തണുത്തവെള്ളത്തിൽ മുക്കിയ പുതപ്പിൽ പൊതിഞ്ഞു. പിന്നീട് അതിനു പുറത്ത് കമ്പിളി പുതപ്പിച്ച് കിടത്തിയിട്ട് അദ്ദേഹം ചൗപ്പാത്തി സമുദ്രതീരത്ത് നടക്കാൻ പോയി. രാത്രി വളരെനേരം കടൽതീരത്തിരുന്നു.



മനസ്സും ശരീരവും അസ്വസ്ഥമായിരുന്നു. നിസ്സഹായമായ മനസ്സ് രാമനാമം ജപിക്കുന്നുണ്ടായിരുന്നു. വെള്ളംകൊണ്ടുള്ള ഈ പരീക്ഷണം നടത്തിയതു ശരിതന്നെ. എന്നാൽ കുട്ടിക്കെന്തെങ്കിലും സംഭവിച്ചാൽ ഭാര്യയും ബന്ധുക്കളും നാട്ടുകാരും എന്തുപറയും? ആളുകളുടെ മുഖത്തെങ്ങനെ നോക്കും? ഇതിനെല്ലാം അതീതമായി ദുഃഖവും നിരാശയും എങ്ങനെ സഹിക്കും? ഇത്തരത്തിലുള്ള ചിന്തകൾ അദ്ദേഹത്തിന്റെ മനസ്സിൽ കിടന്നു തിളയ്ക്കുന്നുണ്ടായിരുന്നു. അരമുക്കാൽ മണിക്കൂറിനുശേഷം അദ്ദേഹം വീട്ടിൽ മടങ്ങിയെത്തി. അദ്ദേഹത്തിന്റെ കാൽപെരുമാറ്റം കേട്ടിട്ട് മണിലാൽ വിളിച്ചുപറഞ്ഞു.

“അച്ഛാ, ഈ പുതപ്പ് ഒന്നു എടുത്തുമാറ്റൂ. ചൂട് സഹിക്കാൻ വയ്യ. ഞാൻ വിയർപ്പിൽ കുളിച്ചിരിക്കുകയാണ്.” മണിലാലിന്റെ മുഖം വിയർത്തിരുന്നില്ല. ഗാന്ധി മൂന്നുനാലു മിനിറ്റ് വർത്തമാനം പറഞ്ഞു. മുഖത്ത് വിയർപ്പുതുള്ളികൾ പൊടിയാൻ തുടങ്ങിയപ്പോൾ ഗാന്ധി മണിലാലിന്റെ ശരീരം നല്ലവണ്ണം തുടച്ചെടുക്കുകയും വൃത്തിയുള്ള വസ്ത്രം ധരിപ്പിക്കുകയും ചെയ്തു. അച്ഛനും മകനും വളരെ ദിവസങ്ങൾക്കുശേഷം ശാന്തമായി ഉറങ്ങി. അടുത്തദിവസം പനി കുറഞ്ഞു. ഈശ്വരൻ അങ്ങനെ ഗാന്ധിജിയുടെ അഭിമാനം കാത്തു.



വര: സചീന്ദ്രൻ കാറഡുക്ക

# തണൽമരം

**എം ആർ സി അരിയല്ലൂർ**

ഞാനൊരു നുള്ളു നുറുങ്ങുപോലെ,
വെറുമൊരു തരിമാത്രമായിരുന്നു.
ഭൂമിക്കു ചുംബനമൊന്നു നൽകി
ഇലകൾ നിറഞ്ഞ ചെടിയായ് മാറി.
ഭൂമിയും സൂര്യനും നാൾക്കു നാളെൻ
മാതാപിതാക്കളായ് മാറിയപ്പോൾ
മഴ വന്നു കുടിനീരു നൽകിയപ്പോൾ
ഞാനൊരു വടവൃക്ഷമായി മാറി.
ഒട്ടുമഹന്ത കൂടാതെ ഞാനെൻ
കൂട്ടുകാരൊത്തു വസിച്ചു വന്നു.
പറവകൾക്കാനന്ദ കേന്ദ്രമായി,
പറവകൾക്കാവാസ കേന്ദ്രമായി
പാന്ഥർക്കു താങ്ങും തണലുമായി
തണൽ നൽകാനൊരു കുടയായി മാറി.
താരാട്ടു പാടുവാൻ കാറ്റു വരും
പറവകളാനന്ദ നൃത്തമാടും
പറവകൾ വന്നു വയർ നിറയ്ക്കും
ഞാൻ നൽകും പഴമെല്ലാമാസ്വദിക്കും.
ഭൂമീദേവിക്കൊരലങ്കാരമായി
തീർന്ന ഞാനെത്രയോ ഭാഗ്യവതി.
ഇന്നിതാ പലർകൂടിയെന്നെ വെട്ടി
ആഞ്ഞാഞ്ഞു കൊത്തി നുറുക്കിടുന്നു.
നെറികെട്ടോർ തന്നെ മനുഷ്യവർഗം
സ്വാർഥത ജന്മമെടുത്തതാണോ?

# പൊളിഞ്ഞ ജലപദ്ധതി

**പി കെ ഗോപി**

കടുത്ത വേനൽക്കാലം. എരിപൊരി കൊള്ളുന്ന ചൂടാണ്. കുളം വറ്റി. തോടു വറ്റി. ചിറയും വയലും വിണ്ടു കീറി. പുല്ലും പച്ചിലയും കരിഞ്ഞു തുടങ്ങി. വീട്ടുമുറ്റത്തെ കിണറ്റിൽ പാള മുങ്ങാൻ മാത്രം വെള്ളം. ഊറിയിറങ്ങുന്ന വെള്ളം സമയം നോക്കി കോരിയെടുക്കണം. അയലത്തെ രണ്ടു വീട്ടുകാർ കൂടി പങ്കിടുന്ന വെള്ളമാണ്. അവർക്കുള്ള പങ്ക് അമ്മ വേറെ പാത്രത്തിൽ കോരി നിറച്ചുവയ്ക്കും. അവർ വന്ന് അമ്മയോടു കുശലം പറഞ്ഞ് വെള്ളം പകർന്നുകൊണ്ടു പോകും.

വെള്ളം കോരുമ്പോൾ അടിച്ചെളി കലങ്ങരുത്. കയറയച്ചു വിട്ട് പാള ഇടിച്ചുമുക്കരുത്. അന്നൊക്കെ കിണർവെള്ളം കോരിയെടുക്കുന്നത് പാളയും കയറും ഉപയോഗിച്ചാണ്. കപ്പിയും തൊട്ടിയുമില്ല. മരപ്പാലത്തിലൂടെ കയർ താഴേക്കിടും. പാളക്കുമ്പിളിൽ കയറുന്ന വെള്ളം വലിച്ച് കയറ്റും. കമുകിൻ പാള, ഈർക്കിലുപയോഗിച്ചു കുത്തിച്ചേർത്ത് ചോരാതെ കുമ്പിളാക്കാൻ അമ്മയ്ക്കറിയാം. അതൊക്കെ ഗ്രാമീണരുടെ കരവിരുതാണ്. സാവധാനം, ശ്രദ്ധയോടെ കോരിയെടുത്താൽ നല്ല തെളിവെള്ളം കിട്ടും. അല്ലെങ്കിൽ കലക്കവെള്ളത്തിന് ചേറിന്റെ ചുവയുണ്ടാവും.

ഞാനും ചേട്ടനും കൂടി രണ്ടു നാഴിക ദൂരെയുള്ള വറ്റാത്ത പഴയ കുളത്തിലാണ് കുളിക്കാൻ പോവുക. ചിലപ്പോൾ പോത്തിനെയും പശുവിനെയുമൊക്കെ അവിടെ കൊണ്ടുപോയി കുളിപ്പിക്കും. അതൊന്നും ചിലർക്ക് ഇഷ്ടമാവുകയില്ല. ചിലർ വഴക്കു പറയും. ആരാന്റെ വയലിലെ കുളമല്ലേ? നമ്മുടേതല്ലല്ലൊ. വഴക്കു കേട്ടാൽ മിണ്ടാതെ പോരും!



പറമ്പും നടവഴിയും കഴിഞ്ഞാൽ വനമാണ്. തേക്കിൻതൈ വളർത്താൻ തവാരണ എടുത്ത സ്ഥലം മാത്രം കാടുപിടിക്കാതെ കിടപ്പുണ്ട്. അതു കഴിഞ്ഞാൽ ഇടതൂർന്ന വനം. വള്ളിപ്പടർപ്പുകൾ ചുറ്റി, പ്രകാശമിറങ്ങാത്ത അടിക്കാട്. സാഹസികളായ കുട്ടികൾ ഉൾവനത്തിലേക്കു പോകും. ഒരിക്കലും നീരൊലിപ്പ് നിലയ്ക്കാത്ത പാറപ്പള്ളകൾ കണ്ടുപിടിക്കും. അവിടെ കുളിക്കാം. വെള്ളം കോരിക്കുടിക്കാം. വെള്ളം കുടിക്കാൻ പാമ്പോ മൃഗങ്ങളോ പക്ഷികളോ വരാം. കാട് അവരുടേതല്ലേ? അവരുടെ വെള്ളം മറ്റുള്ളവർ കൈയേറിയാൽ ചിലപ്പോൾ അപകടമുണ്ടാവാം. പന്നി ഓടിച്ചു... പാമ്പ് ചീറിവന്നു... കാട്ടുപോത്ത് കുത്താൻ വന്നു... എന്നൊക്കെ പൊടിപ്പും തൊങ്ങലും വച്ച കഥകൾ പ്രചരിച്ചിട്ടുണ്ട്. അതാണൊരു ഭയം!

ഏതായാലും ഞാനും ചേട്ടനും കൂടി നീരൊലിപ്പു കണ്ടുപിടിച്ചു. ഇഷ്ടംപോലെ വെള്ളം കുടിച്ചു. കുളിച്ചു. പാറയിലിരുന്ന് പാടി. കല്ലെടുത്ത് തെക്ക് വടക്ക്

അച്ഛൻ ഇഷ്ടവും അനിഷ്ടവും പറഞ്ഞില്ല.'കാട്ടിലൊക്കെ പോകുമ്പോൾ സൂക്ഷിക്കണം. പാറയിലൊക്കെ പായലുണ്ടാവും. മരത്തിലെങ്ങും കയറരുത്' തുടങ്ങിയ മുന്നറിയിപ്പുകൾ തന്നു. ഞങ്ങളുടെ പ്രയത്നത്തിൽ അച്ഛൻ സന്തോഷിച്ചിരിക്കാം. ഇതൊക്കെ എങ്ങനെ ചെയ്തുവെന്ന് അമ്മ ചോദിച്ചറിഞ്ഞു.

ചുമ്മാതെയെറിഞ്ഞു. കിളികൾ ചിലച്ചുപറന്നു. പല ദിവസങ്ങൾ ഞങ്ങൾ പാറയിടുക്കിലെ ജലോത്സവം ആഘോഷിച്ചു. അങ്ങനെയാണ് ഒരു 'ജലപദ്ധതി'യെക്കുറിച്ച് ആലോചിക്കുന്നത്. ആലോചന കടുത്തു. മാസ്റ്റർ പ്ലാൻ തയ്യാറായി.

ഈറ്റക്കാട്ടിൽ നിന്ന് അമ്പതിലധികം കണകൾ മുറിച്ചു. അച്ഛൻ കാണാതെയാണ് കത്താളും പിച്ചാത്തിയും കൈക്കലാക്കിയത്. ഏകദേശ ദൂരം അളന്ന്, മുളങ്കുഴൽ ചീന്തിയ പൊളിയും ഈറ്റപ്പാത്തിയുമെല്ലാം ചേർത്തുകെട്ടി ഒരു ജലപാത ഒരുക്കി. ഈറ്റ രണ്ടായി പിളർത്തി നടുവിലുള്ള തടസ്സം വെട്ടിനീക്കി, തടസ്സമില്ലാതെ വെള്ളമൊഴുകാൻ പാകത്തിൽ മിനുക്കിയെടുത്തു. കാട്ടുകമ്പുകൾ കവരത്തോടെ വെട്ടിനാട്ടി ഉയരം ശരിപ്പെടുത്തി. വള്ളി ചേർത്തുകെട്ടി പാത്തിയൊരുക്കി.

പദ്ധതി പ്രാവർത്തികമാക്കുന്നതിൽ, ചേട്ടന്റെ കരുത്തായിരുന്നു തുണ. പാറയിടുക്കിൽ നിന്ന് മുളങ്കുഴലിലേക്ക്... പിന്നെ ഈറ്റപ്പാത്തിയിലേക്ക്. ഹാ... ജലം ഒഴുകുന്നതു കാണാൻ എന്തൊരു രസം. നടവഴിക്കു മുകളിൽ വനത്തിനോടു ചേർന്ന് അതാതുമ്പിൽ നിന്ന് വെള്ളം ചാടുന്നു. കുളി, നന, കളി, കന്നുകാലികളെ കുളിപ്പിക്കൽ, രണ്ടുദിവസം കൊണ്ട് ഞങ്ങളുടെ ജലപദ്ധതി പരസ്യമായി. കുട്ടികൾ പലരും കുളിക്കാൻ വന്നു. ഞങ്ങൾ ജലത്തിന്റെ അവകാശികളായി അങ്ങനെ വിലസിനടന്നു.

അച്ഛൻ ഇഷ്ടവും അനിഷ്ടവും പറഞ്ഞില്ല.'കാട്ടിലൊക്കെ പോകുമ്പോൾസൂക്ഷിക്കണം. പാറയിലൊക്കെ പായലുണ്ടാവും. മരത്തിലെങ്ങും കയറരുത്' തുടങ്ങിയ മുന്നറിയിപ്പുകൾ തന്നു. ഞങ്ങളുടെ പ്രയത്നത്തിൽ അച്ഛൻ സന്തോഷിച്ചിരിക്കാം. ഇതൊക്കെ എങ്ങനെ ചെയ്തുവെന്ന് അമ്മ ചോദിച്ചറിഞ്ഞു. കഞ്ഞി വിളമ്പിത്തരുമ്പോൾ അമ്മ ഞങ്ങളെ ശ്രദ്ധിച്ചു. കൈയിലെ ചെറിയ മുറിവ്, കാലിലെ ഉരഞ്ഞുപൊട്ടിയ പാട്. എല്ലാം കണ്ടുപിടിച്ചു. ഈറ്റവെട്ടുമ്പോൾ പറ്റിയതാണ്. അതിനൊന്നും വേദനയില്ല. അഥവാ ഉണ്ടായാൽത്തന്നെ വലിയൊരു പദ്ധതി നടപ്പിലാക്കിയിട്ടല്ലേ? സാരമില്ല.

മൂന്നാം നാൾ വൈകുന്നേരം പദ്ധതി പാളി! ജലം നിലച്ചു. കുളിക്കാൻ വന്നവർ നിരാശരായി. ചിലർ പരാതി പറഞ്ഞു. ഞങ്ങൾ പദ്ധതിസ്ഥലത്തേക്ക് കയറി. അന്വേഷിക്കണമല്ലോ. സ്ഥലത്തെ അക്രമം കണ്ട് ഞെട്ടി.

ഞങ്ങളുടെ മുളങ്കുഴലും ഈറ്റപ്പാത്തിയും താങ്ങുകമ്പുകളും താറുമാറായി കിടക്കുന്നു. മൃഗങ്ങളായിരിക്കാനിടയില്ല. ആരോ മനഃപൂർവ്വം



വര: എൻ ടി രാജീവ്

നശിപ്പിച്ചതാണ്. വലിയൊരു പദ്ധതിയാണ് തകർക്കപ്പെട്ടത്. ഞങ്ങൾക്ക് കരച്ചിൽ വന്നു. ചേട്ടൻ കോപത്തോടെ എന്തൊക്കെയോ പറഞ്ഞു. മുളങ്കുഴലുകൾ തട്ടിയെറിഞ്ഞു! വനത്തിൽ നിന്ന് പുറത്തേക്കിറങ്ങിയപ്പോൾ വഴിയരികിൽ ഫോറസ്റ്റ് വാച്ചർ. മീശ പിരിച്ച്, ഞെളിഞ്ഞങ്ങനെ നിൽക്കുന്നു.

''നീയൊക്കെയാണോടാ വനത്തിലെ ജലസേചനക്കാര്!''

ഞങ്ങൾ പേടിച്ചു. ഞാൻ ചേട്ടന്റെ കൈപിടിച്ച് ധൈര്യം സംഭരിച്ചു.

''രണ്ടെണ്ണത്തിന്റേം പേരിൽ കേസുണ്ട്.''

''വെള്ളമില്ലാഞ്ഞിട്ടാ...'' ചേട്ടൻ ധൈര്യത്തോടെ പറഞ്ഞൊപ്പിച്ചു.

''ആങ്ഹാ... വെള്ളമില്ലേൽ, ഫോറസ്റ്റിന്റെ വെള്ളം മോട്ടിക്കുമോ? ഈറ്റ വെട്ടുമോ? കാട് നശിപ്പിക്കുമോ? എല്ലാത്തിനേം കോടതിക്കേറ്റും. നോക്കിക്കോ... നിന്റെ പേരെന്താടാ?'' വാച്ചർ ശബ്ദം കടുപ്പിച്ച് തട്ടിക്കയറി.

പോലീസ്, കോടതി... കേസ്.... ഞങ്ങൾ ഭയന്ന് ഒരൊറ്റയോട്ടം.

വീട്ടിൽ ചെന്ന് കയറിയതും അച്ഛനോട് ശ്വാസം വിടാതെ എല്ലാം പറഞ്ഞൊപ്പിച്ചു. അച്ഛൻ മുറ്റത്തേക്കിറങ്ങി. കൈവേലി കയറി വഴിയിലെത്തി. വാച്ചറോട് എന്തൊക്കെയോ പറഞ്ഞു.

ഞങ്ങളുടെ നെഞ്ചിടിപ്പു കൂടി. അടുക്കളയിൽ നിന്ന് അമ്മ ഇറങ്ങി വന്നു. ''എന്താ രണ്ടുപേരും പമ്മിപ്പിടിച്ചു നിൽക്കുന്നേ?''

ഞങ്ങൾക്ക് ഒന്നും മിണ്ടാനായില്ല.

''എന്ത് പറ്റി, വഴക്ക് കൂടിയോ?''

''ഞങ്ങളുടെ വെള്ളത്തൂമ്പ് ആരോ ചവിട്ടിത്തകർത്തു!''

കണ്ണുനീരോടെ ഞാൻ അമ്മയോട് പറഞ്ഞു.

''യ്യോ... അതാരാ... അങ്ങനെ ചെയ്തേ?'' അമ്മയ്ക്കും സംശയം.

അൽപ്പം കഴിഞ്ഞ് അച്ഛൻ മുറ്റത്തേക്ക് വരുമ്പോൾ ഞങ്ങൾ അമ്മയുടെ പുറകിൽ പേടിച്ചു നിൽക്കുകയായിരുന്നു.

'അച്ഛനെന്താവും പറയുക? ഹമ്മേ... അടി കിട്ടല്ലേ...' ഞാൻ പ്രാർത്ഥിച്ചു.

''ഓ... ഫോറസ്റ്റ് വാച്ചറല്ലേ? അയാൾക്ക് നിയമം നോക്കാതെ പറ്റ്വോ? കാട്ടിലെ ഈറ്റവെട്ടി... തെറ്റ്. വെള്ളം നാട്ടിലേക്കൊഴുക്കി... തെറ്റ്! കാടുകയ്യേറി...!'' അച്ഛന്റെ ഗൗരവം പമ്പ കടന്നു. അച്ഛൻ ഉറക്കെ പൊട്ടിച്ചിരിച്ചു.

''യ്യോ നിയമം പറഞ്ഞാ... മനുഷ്യൻ വെള്ളം കുടിച്ചു ചാവൂല്ല.'' അത് അച്ഛന്റെ സങ്കടമായിരുന്നു.

''കാട് ഒന്നാകെ കട്ടാൽ ചിലപ്പോ-അവരു കാണുകേല. പിള്ളേര് ഒരു കഷണം ഈറ്റയെടുത്താൽ കേസാവും. അതാ-നിയമം. സാരമില്ല. നമ്മുടെ വലിയൊരു ജലപദ്ധതി പൊളിഞ്ഞു.'' അച്ഛൻ വീണ്ടും ചിരിച്ചു. ഞങ്ങളെ ചേർത്തു നിർത്തി ആശ്വസിപ്പിച്ചു.

ഭാഗ്യം. അടി കിട്ടിയില്ല. എനിക്കാശ്വാസം തോന്നി. ചേട്ടന്റെ പേടി മാറി.

പൊളിഞ്ഞ ജലപദ്ധതിയോർത്ത് ഇപ്പോഴും ഞങ്ങൾ ചിരിക്കാറുണ്ട്!

## വിദ്യാലയകാവ്യപ്രതിഭാപുരസ്കാരത്തിന് കവിതകൾ ക്ഷണിക്കുന്നു.

**മലയാളത്തിന്റെ പ്രിയകവി മുല്ലനേഴിയുടെ സ്മരണയ്ക്കായി മലയാളത്തിൽ കവിതയെഴുതന്ന വിദ്യാർഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള വിദ്യാലയകാവ്യപ്രതിഭാപുരസ്കാരത്തിന് കവിതകൾ ക്ഷണിക്കുന്നു. 2500, 2000, 1500 രൂപ വീതം മുഖവിലയുള്ള പുസ്തകങ്ങളും പ്രശസ്തിപത്രവും ആണ് ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നേടുന്നവർക്ക് ലഭിക്കുക. പ്ലസ് ടു വരെയുള്ള സ്കൂൾ വിദ്യാർഥികൾക്ക് പങ്കെടുക്കാം. രണ്ടു കവിതകൾ അയക്കണം. കവിത വിദ്യാർഥികൾ തന്നെ എഴുതിയതാണെന്നും ഏതു സ്കൂളിൽ, എത്രാം ക്ലാസ്സിൽ പഠിക്കുന്നു, രചനാനുഭവങ്ങൾ (സമ്മാനങ്ങൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ) സംബന്ധിച്ചുള്ള രക്ഷിതാവിന്റെ സാക്ഷ്യപത്രം, വിലാസം, ഫോൺ നമ്പർ എന്നിവ സഹിതം ഒക്ടോബർ 10 നുള്ളിൽ** mail@mullanezhi.com, ravunnyc@gmail.com **എന്നീ ഇ മെയിലുകളിലോ മുല്ലനേഴി സ്മാരകസമിതി, അവിണിശ്ശേരി പി ഒ 680306 എന്ന വിലാസത്തിൽ തപാലിലോ അയക്കുക. പുസ്തകങ്ങളും അയക്കാം. കൂടുതൽ വിവരങ്ങൾക്ക് 9495246030, 9447223742 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.**

**ഡോ. സി രാവുണ്ണി**
**സെക്രട്ടറി**
**മുല്ലനേഴി ഫൗണ്ടേഷൻ**

**തൃശൂർ**
**19/09/2020**

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# നക്ഷത്രപ്പൂക്കൾ

**രാമചന്ദ്രൻ ആറ്റുവാശ്ശേരി**



വര:സചീന്ദ്രൻ കാറഡുക്ക

പാലുപോൽ വെണ്മയെഴുന്നൊരിപ്പൂവുകൾ
മാനത്തു വാരിയെറിഞ്ഞതാരോ?
അയ്യയ്യാമിന്നിത്തിളങ്ങുമീപ്പൂവുകൾ
കണ്ണുകൾക്കെന്തു കുളുർമ്മയെന്നോ!
ചന്തം തികഞ്ഞൊരിപ്പൂവുകളൊക്കെയും
ചേർത്തു ഞാനിന്നൊരു മാല കോർക്കും
ചേലിലായ് ചൂടിക്കുമാമലയമ്മയെ
വാരിയെടുത്തമ്മയോമനിക്കും
അമ്മയ്ക്കൊരായിരം ഉമ്മകൾ നൽകും ഞാൻ
അമ്മയാണെന്നുമെനിക്കു ദൈവം.



# തല്ലുകൊള്ളി

**ഹരിദാസ് സാരംഗി**



വര: ആശ ആർ

പന്ത്രണ്ടു ചുറ്റിട്ടു കെട്ടും മുറുക്കി
ശീലയ്ക്കു കെട്ടീട്ടു തോളത്തുതൂക്കി
വലംകൈയിലൊന്നെന്നമട്ടിൽത്തുടങ്ങി
ഇടംകൈയിലും കൂടി ഏന്തുന്നു കമ്പ്.

തല്ലൊന്നു കിട്ടീട്ടുയർത്തുന്ന ശബ്ദം
രസിച്ചൊന്നു താളം പിടിക്കുന്ന കൂട്ടർ
തല്ലിന്റെ വേഗം കടുപ്പിക്കുമെന്നാൽ
തുള്ളിക്കളിക്കുന്നു താളത്തിനൊപ്പം

ജനിച്ചന്നുതൊട്ടു തുടങ്ങുന്ന തല്ല്
തുടർന്നീടുമെന്നും ഒടുങ്ങുംവരേക്കും
തല്ലിന്റെ നോവേറ്റു തെല്ലാശ്വസിക്കാൻ
കഴിഞ്ഞീടുകില്ലാത്ത ഞാൻ തല്ലുകൊള്ളി.
(ചെണ്ട).

# ഒരു പ്രളയഗീതം

വിശ്വനാഥൻ വടയം

ആകാശമെന്തേയിരുണ്ടുകൂടാൻ
നക്ഷത്രമെന്തേ മറഞ്ഞുപോകാൻ
കാതടപ്പിക്കുംമട്ടിടിവരുന്നു
തീമിന്നൽ പുളയുന്നു മാനമാകേ.
എന്തുകെടുതി കഴിഞ്ഞവർഷം
എന്തുപ്രളയം തകർന്നിതെല്ലാം!
വീടുകൾ വീണു മരംമറിഞ്ഞു
വയലാകെമുങ്ങി നരൻ കുഴങ്ങി.
ഒറ്റക്ഷണത്തിൽ മറഞ്ഞുപോയി
നാനാവിധമുള്ള ജീവജാലം.
അങ്ങാടിപോലുമൊലിച്ചുപോയി
വെട്ടംമറഞ്ഞുള്ള നാളുകളായ്.
റോഡിലും തോടിലും തോണിയെത്തി
തോരാമഴതീർത്തു ഭീകരത.
വീട്ടിന്റെ മോളിൽക്കുടുങ്ങിയോരെ
രക്ഷിക്കുവാൻ സൈന്യവ്യൂഹമെത്തി.
കടലിന്റെ മക്കളും കൈകൾ കോർത്തു
കനിവിന്റെ ശബ്ദവുമായണഞ്ഞു
മാനവത്വത്തിന്റെ ഗാനമെങ്ങും
മാനവരൊന്നിച്ചു പാടിയെത്തി.
ജാതിമറന്നുകൊടിമറന്നു
ജീവിതം വീണ്ടും പടർന്നുകേറി.
എല്ലാം കഴിഞ്ഞൊരുവർഷമാകെ
വീണ്ടുമിങ്ങെത്തീ പ്രളയമാരി.
സംഹാരതാണ്ഡവമാടിവാനം
ഭൂമിപകച്ചങ്ങ് നിന്ന്പോയി.
പ്രകൃതിയോടുള്ള സമീപനത്തിൽ
മാറ്റങ്ങൾ നമ്മൾ വരുത്തിടേണം.
അനുഭവപാഠങ്ങൾ ഓർത്തുകൊണ്ടേ
മുന്നോട്ടുപോകാവൂ മർത്ത്യവർഗം.
അല്ലാത്തപക്ഷം നശിച്ചുപോകും
മാനവവംശം മറക്കരുതേ...

വര: സചീന്ദ്രൻ കാറഡുക്ക



# മസായിമാരായിലെ മായക്കാഴ്ചകൾ

സീമ സുരേഷ്

**കെനിയയിലെ പ്രസിദ്ധമായ മസായിമാരായിലെ കാടിന്റെ ഭംഗിയിലേക്ക് കൂട്ടുകാരെ കൂട്ടിക്കൊണ്ടു പോവുകയാണ് ലേഖിക. മനസ്സു നിറയ്ക്കുന്ന ഒരുപാട് കാഴ്ചകളും അനുഭവങ്ങളും പകർന്നു തരുന്ന ഈ ലേഖനം വായിക്കൂ...**



കൂട്ടുകാരെ...

എല്ലാർക്കും സുഖമല്ലേ...

ഈ കൊറോണ കാരണം എല്ലാരും വീട്ടിലിരുന്നു മുഷിഞ്ഞോ?

സാരമില്ല... വീട്ടിലിരുന്നു നമുക്ക് ലോകകാഴ്ചകൾ കാണാലോ...

വായിക്കാലോ, എഴുതാലോ, പഠിക്കാലോ...

നമുക്ക് ഈ സമയത്തെ പോസിറ്റീവായി കാണാം. ജാഗ്രതയോടെ, പേടിയില്ലാതെ നമുക്ക് ജീവിക്കാം അല്ലേ.

ഇപ്രാവശ്യം ഞാൻ പറയാൻ പോവുന്നത് വലിയൊരു യാത്രാനുഭവത്തെ കുറിച്ചാണ് ജീവിതത്തിലെ ഒരു സൗഭാഗ്യത്തെ കുറിച്ചാണ്.

കഴിഞ്ഞ വർഷം ആഗസ്റ്റ് മാസത്തിൽ നടത്തിയ ഒരു ആഫ്രിക്കൻ യാത്രയുണ്ട്. കെനിയയിലേക്ക്. അവിടത്തെ പ്രസിദ്ധമായ മസായിമാരായിലെ കാടിന്റെ ഭംഗിയിലേക്കാണ് കൂട്ടുകാരെ ഞാൻ കൊണ്ടുപോവുന്നത്. ഇന്ത്യയിലെ കാടുകളുടെ നിബിഡതയല്ല മസായിമാരയിൽ. പുൽമേടുകളാണ് അധികവും. അതുകൊണ്ട് തന്നെ ചിത്രങ്ങളെടുക്കുക കുറച്ചുകൂടി എളുപ്പമാണ്. പക്ഷെ അവിടെ കാഴ്ചകളുടെ ഒരു പൂരം തന്നെയാണ്. വന്യമൃഗങ്ങളുടെ വന്യത വളരെ അടുത്തു കാണാൻ കഴിയും എന്നതു തന്നെയാണ് ഏറ്റവും വലിയ കാര്യം. ബിഗ് ഫൈവ് എന്നറിയപ്പെടുന്ന വാക്കാണ് മസായിമാരായിലെ വന്യതയെ അടയാളപ്പെടുത്തുവാൻ അവർ ഉപയോഗിക്കുന്നത്. ആഫ്രിക്കൻ ആന, സിംഹം, പുള്ളിപ്പുലി, ആഫ്രിക്കൻ ബഫല്ലോ, ഒറ്റക്കൊമ്പൻ കാണ്ടാമൃഗം ഇവയാണ് ബിഗ് ഫൈവ് കാറ്റഗറിയിൽ കരുതപ്പെടുന്ന വന്യമൃഗങ്ങൾ. ഇന്ത്യയിൽ അന്യം നിന്നുപോയ ചീറ്റകളെ പറ്റി കേട്ടിട്ടില്ലേ. മസായിമാരായിൽ ഇപ്പോഴും കൂടുതൽ കരുത്തോടെ ചീറ്റയെന്ന ചെമ്പുലികളെ നമുക്കു കാണാം. ലോകത്തിലെ മിക്ക ഫോട്ടോഗ്രാഫർമാരും ഓടിച്ചെല്ലുന്നത് ഈ ചീറ്റക്കൂട്ടങ്ങളെ കണ്ണു നിറയെ കണ്ട് ചിത്രങ്ങളെടുക്കാനാണ്.

ഇനി നമുക്ക് ആ കാഴ്ചകളിലേക്ക് പോവാം.



ഏഴു ദിവസത്തെ യാത്രയ്ക്കാണ് ഞങ്ങൾ കെനിയയിലേക്കു പോവുന്നത്. കൊച്ചിയിൽ നിന്ന് മുംബൈയിലേക്കും അവിടെ നിന്ന് കെനിയയുടെ തലസ്ഥാനമായ നൈറോബിയിലേക്കും. നൈറോബിയിൽ നിന്ന് മസായിമാരായിലേക്ക് ഒറ്റ ദിവസം നീളുന്ന യാത്ര. എയർപോർട്ടിൽ നിന്ന് എയർപോർട്ടിലേക്ക്. ആഫ്രിക്കയിലേക്ക് പോവുന്നവർക്കു യാത്രയ്ക്ക് രണ്ടു മാസം മുൻപെ 'yellow fever' ന് പ്രതിരോധവാക്സിൻ എടുക്കണം. ഇല്ലങ്കിൽ നമുക്ക് പോവാൻ കഴിയില്ല.

ഞാനും കൂട്ടുകാരും നൈറോബി വരെ എത്തി. അവിടന്ന് ഒരു കുഞ്ഞ് എയർക്രാഫ്റ്റിൽ വേണം മസായിമാരായുടെ കൊടുംകാടിന് നടുവിലെ താമസസ്ഥലത്ത് എത്താൻ. 12 യാത്രികർക്കു മാത്രം ഇരുന്നു പോവാൻ കഴിയുന്ന ആ കൊച്ചു വിമാനത്തിലെ തെന്നിത്തെന്നിയുള്ള യാത്ര ഒരിക്കലും മറക്കാൻ കഴിയില്ല. അത്രയ്ക്കും പേടിപ്പെടുത്തുന്ന ആകാശയാത്ര മറ്റൊന്നില്ല. മസായിമാര റിഫ്ട് വാലിയിലെ പൊടിമണ്ണിലാണ് ഞങ്ങളുടെ കൊച്ചു വിമാനം പറന്നിറങ്ങിയത്. ഞങ്ങൾ മൂന്നു പേരും പുറത്തിറങ്ങുമ്പോഴേക്കും ഞങ്ങളുടെ ഗൈഡ് എറിക്ക് ഓടിയെത്തി. ആറടി ഉയരമുള്ള മസായി വംശജനായ അദ്ദേഹമാണ് ഇനിയുള്ള ദിവസം മസായിമാരായിലെ കാട്ടുകാഴ്ചകൾ കാണിക്കാൻ ഞങ്ങളെ കൊണ്ടുപോവുന്നത്. കാടിനു നടുവിലെ ജാക്കിൽ ബെറി എന്നറിയപ്പെടുന്ന റിസോർട്ടിലാണ് ഞങ്ങളുടെ താമസം. അവിടെയെത്തിയപ്പോൾ ശരിക്കും ഞെട്ടിപ്പോയി. മസായികൾ എന്നറിയപ്പെടുന്ന ഗ്രാമീണർ ആ റിസോർട്ടിനു മുന്നിൽ ഞങ്ങളെ വരവേൽക്കാൻ കാത്തുനിൽക്കുന്നു. കൊട്ടും പാട്ടുമായി ഞങ്ങൾ റിസോർട്ടിലെ മുറിയിലേക്ക് എത്തുമ്പോൾ എറിക്ക് പറഞ്ഞു. പകലും രാത്രിയും മുറിയിൽ നിന്ന് പുറത്തേക്ക് ഇറങ്ങരുത്. ഹിപ്പൊപ്പൊട്ടാമസും പുള്ളിപ്പുലികളും ഉള്ള സ്ഥലമാണ് ഇത്. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഉറക്കെ 'ഹലോ' എന്ന് വിളിച്ചാൽ മതി. കാവൽക്കാരായ മസായിക്കാർ ഓടിയെത്തും.

അങ്ങനെ അവിടത്തെ നിയമങ്ങൾ ഓരോന്നായി ഗൈഡ് പറഞ്ഞുതന്നു. രാവിലെ അഞ്ചു മണി മുതൽ വൈകിട്ട് ആറര വരെ കാട്ടിലൂടെ യാത്ര ചെയ്യാം. നേരാനേരത്തേക്കുള്ള ഭക്ഷണം റിസോർട്ടിൽ നിന്ന് പൊതിഞ്ഞുകെട്ടി തരും. ഞങ്ങൾ എത്തിയത് ഉച്ചയ്ക്ക് മൂന്നുമണിയോടെ.

## ചെമ്പുലിയും കാട്ടുപൂച്ചയും

'ഭക്ഷണത്തിനു ശേഷം നമുക്ക് ചീറ്റകളുള്ള ഭാഗത്തേക്ക് ഇന്നാദ്യം പോകാം' എന്ന് എറിക്ക് പറഞ്ഞു. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ചീറ്റ എന്ന ചെമ്പുലികൾ.

ഞങ്ങൾ ആദ്യമായി ചീറ്റയെ കാണാൻ പോവുന്ന ആകാംക്ഷയിൽ ആയിരുന്നു. തലേക്ക് എന്ന നദിക്കരയിലൂടെ എറിക്ക് വണ്ടിയോടിച്ചു. 'ലുക്ക് ഔട്ട് ഏരിയ - അവിടെയാണ് ചീറ്റകളുടെ ഒരു കുടുംബം ഉള്ളത്. അവ പുൽമേടുകളിൽ എവിടെയെങ്കിലും



കാണും. അമ്മയും മക്കളുമായി നാലെണ്ണമുണ്ട്.' ഇങ്ങനെ പറയുന്നതിനിടയിൽ ബൈനോക്കുലറിലൂടെ അയാൾ നോക്കുമ്പോൾ പെട്ടന്നതാ ഒരു കാട്ടുപൂച്ച നടന്നുവരുന്നു.

ഞങ്ങളെല്ലാവരും ക്യാമറയെടുത്ത്ഫോക്കസ് ചെയ്തിരുന്നു. കാട്ടുപൂച്ച വളരെ കൂളായി വണ്ടിയുടെ അടുത്തുകൂടെ നടന്നുപോയി. അവന്റെ മുഖത്തേക്ക് ക്യാമറ തിരിച്ചു. ഫോട്ടോകൾ തുരുതുരെ എടുക്കുന്നതിനിടയിൽ പെട്ടെന്നൊരു ശബ്ദം കേട്ടു. എറിക് പറഞ്ഞു. 'അതാ അവിടെ ചീറ്റ ഫാമിലിയുണ്ട്. നമുക്ക് അങ്ങോട്ട് പോവാം.' വണ്ടി നീങ്ങുന്നതിനിടയിൽ പെട്ടെന്ന് കണ്ടു. നാല് ചീറ്റകളും കൂടി ആ കാട്ടുപൂച്ചയെ ഓടിക്കുന്നു.

**വണ്ടി നീങ്ങുന്നതിനിടയിൽ പെട്ടെന്ന് കണ്ടു. നാല് ചീറ്റകളും കൂടി കാട്ടുപൂച്ചയെ ഓടിക്കുന്നു. ജീവനും കൊണ്ടോടുന്ന കാട്ടുപൂച്ച. പിന്നാലെ ചീറ്റകളും. കുറച്ചു നേരത്തെ ചേസിങ്ങിനു ശേഷം ഒരു അംബ്രല്ല ട്രീയുടെ താഴെ ചീറ്റകൾ എത്തി. തൊട്ടടുത്ത് പരാക്രമിയായി കാട്ടുപൂച്ചയും. അവനൊന്നു ചീറിക്കൊണ്ട് ചീറ്റയുടെ അടുത്തേക്ക്. സത്യത്തിൽ ചീറ്റകൾ പേടിച്ചുപോയി.**

ജീവനും കൊണ്ടോടുന്ന കാട്ടുപൂച്ച. പിന്നാലെ ചീറ്റകളും. കുറച്ചു നേരത്തെ ചേസിങ്ങിനു ശേഷം ഒരു അംബ്രല്ല ട്രീയുടെ താഴെ ചീറ്റകൾ എത്തി. തൊട്ടടുത്ത് പരാക്രമിയായി കാട്ടുപൂച്ചയും. അവനൊന്നു ചീറിക്കൊണ്ട് ചീറ്റയുടെ അടുത്തേക്ക്. സത്യത്തിൽ ചീറ്റകൾ പേടിച്ചുപോയി. അവ പിന്നോട്ടൊന്ന് ആഞ്ഞപ്പോൾ കാട്ടുപൂച്ച മരത്തിനു മുകളിലേക്ക് ജീവനും കൊണ്ട് ഓടിക്കയറി. പിന്നെ അതിനു മുകളിൽ കയറി ഇരിപ്പായി. ഇളിഭ്യരായി ചീറ്റകൾ താഴെയിരുന്നു.

സൂര്യനസ്തമിച്ചു കൊണ്ടിരിക്കുന്നു. കാട്ടുപൂച്ച താഴെയിറങ്ങിയില്ല. ചീറ്റകൾ കുറച്ചു നേരത്തെ കാത്തിരിപ്പിനു ശേഷം പിരിഞ്ഞുപോയി. ഞങ്ങളും ഈ ചേസിങ് ചിത്രങ്ങൾ പകർത്തി തിരിച്ചു റിസോർട്ടിലേക്കു മടങ്ങി. അന്നത്തെ ചേസിങ് കണ്ടപ്പോൾ ഓർമ വന്നത് കാർട്ടൂൺ കഥാപാത്രങ്ങളായ ടോമിനെയും ജെറിയെയുമാണ്.

ചെറിയ ശരീരത്തിനുള്ളിൽ വലിയ തന്ത്രങ്ങളുള്ള ജെറിയുടെ സ്വഭാവമാണ് കാട്ടുപൂച്ചയ്ക്ക്.



## ലയൺ കിങ്ങും ഫാമിലിയും

പിറ്റേ ദിവസം മുതൽ ഞങ്ങളുടെ യാത്രകൾ ഓരോ മൃഗത്തിനു വേണ്ടിയായിരുന്നു. എറിക്കിന് മസായിമാരായിലെ ഓരോ ഭാഗവും കാണാപ്പാഠമാണ്. അവിടെ ജനിച്ചുവളർന്ന ആളാണ്. അവിടത്തെ പ്രകൃതിയെ കുറിച്ചും വൈൽഡ് ലൈഫിനെ കുറിച്ചും പഠിച്ചതിനു ശേഷമാണ് ഒരാൾ ഗൈഡാവുന്നത്. ഫോട്ടോഗ്രാഫർമാരാണ് വരുന്നതെങ്കിൽ അവർക്ക് ഏത് ആംഗിളിൽ ആണ് പടമെടുക്കാൻ വണ്ടി നിർത്തേണ്ടത് എന്നൊക്കെ എറിക്കിന് നന്നായിട്ടറിയാം. സിംഹക്കൂട്ടങ്ങളുള്ള ഭാഗത്തേക്കാണ് പിന്നീടുള്ള രണ്ടു ദിവസവും പോയത്. സട കുടഞ്ഞെഴുന്നേൽക്കുന്ന



അച്ഛൻസിംഹങ്ങളും അമ്മസിംഹികളും പൂച്ചക്കുട്ടികളെ പോലുള്ള കുട്ടിസിംഹങ്ങളും. ഇത്തരം കുടുംബക്കൂട്ടത്തെ 'പ്രൈഡ്' എന്നാണ് അവർ വിളിക്കുക. കുട്ടിക്കുറമ്പൻമക്കൾക്കൊപ്പം പാതിയുറക്കത്തിൽ കിടക്കുന്ന അമ്മസിംഹങ്ങൾ. പാതിമയക്കമാണെങ്കിലും ശ്രദ്ധ മുഴുവൻ മക്കളിൽ തന്നെയാവും. അച്ഛന്മാരാവട്ടെ വലിയ ഗൗരവത്തിൽ അപ്പുറത്തുണ്ടാവും. നല്ല രസകരമായ നിമിഷങ്ങൾ. ഈ ഏഴുദിവസത്തിനിടയിൽ പല കാഴ്ചകളും ഞങ്ങൾ കണ്ടു. വേട്ടയാടി കഴിഞ്ഞതിനു ശേഷം ഇരയെ വലിച്ചുകീറി കൂട്ടങ്ങളായി ഇരിക്കുന്ന സിംഹക്കൂട്ടങ്ങൾ, അതുപോലെ ഗർഭിണിയായ ഒരു സീബ്രയെ വലിച്ചു കീറിത്തിന്നുന്ന സിംഹിയെയും ഞങ്ങൾ കണ്ടു.



## ഫൈവ് ബ്രദേഴ്സ്

മസായിമാരയിലെ ഏറ്റവും വലിയ വേട്ടക്കാരാണ് 'ഫൈവ് ബ്രദേഴസ്' എന്നറിയപ്പെടുന്ന ചീറ്റ സഹോദരങ്ങൾ.

അഞ്ചുപേരും ഒരുമിച്ചാണ് വേട്ടയ്ക്കിറങ്ങുക. കൂട്ടങ്ങളായി പലായനം ചെയ്യുന്ന വൈൽഡ് ബീസ്റ്റുകളെ ആണ് ഇവ പലപ്പോഴും വേട്ടയാടുക. ചെടിപ്പടർപ്പുകളിൽക്കിടയിൽ കിടന്നുറങ്ങുന്നതും വേട്ടയാടുന്നതും ഒരുമിച്ച്. ഇരയെ പതുക്കെ പതുക്കെ കണ്ടെത്തി ഒരുമിച്ച് ആക്രമിക്കുന്നതാണ് അവരുടെ രീതി. ആദ്യദിവസം വൈൽഡ് ബീസ്റ്റിനെയും രണ്ടാം ദിവസം മാങ്കൂട്ടങ്ങളെയുമാണ് ഇവർ ആക്രമിച്ചത്. ഇത്രയും സഹവർത്തിത്തത്തോടെ കഴിയുന്ന ഈ സഹോദരചീറ്റകൾ എല്ലാവർക്കും ഒരു അത്ഭുതമാണ്. രണ്ടുദിവസം ഞങ്ങൾ ഇവയോടൊപ്പമായിരുന്നു.



**സിംഹക്കൂട്ടങ്ങളുള്ള ഭാഗത്തേക്കാണ് പിന്നെ പോയത്. സടകുടഞ്ഞെഴുന്നേൽക്കുന്ന അച്ഛൻ സിംഹങ്ങളും അമ്മസിംഹികളും പൂച്ചക്കുട്ടികളെ പോലുള്ള കുട്ടിസിംഹങ്ങളും. കുട്ടിക്കുറമ്പൻ മക്കൾക്കൊപ്പം പാതി ഉറക്കത്തിൽ കിടക്കുന്ന അമ്മസിംഹങ്ങൾ. അച്ഛന്മാരാവട്ടെ വലിയ ഗൗരവത്തിൽ അപ്പുറത്തുണ്ടാവും. നല്ല രസകരമായ നിമിഷങ്ങൾ.**



## പുള്ളിപ്പുലികളും സീബ്രകളും

പുള്ളിപ്പുലിയെ അന്വേഷിച്ചു നടന്ന് ഒടുവിൽ മൂന്നെണ്ണത്തിനെ കണ്ടെത്താൻ കഴിഞ്ഞു. എന്തൊരു ശൗര്യമാണെന്നോ അവയ്ക്ക്. ഒരിക്കൽ കുഞ്ഞിനെ പുൽക്കാട്ടിൽ ഒളിപ്പിച്ചുകൊണ്ടു വേട്ടയ്ക്കിറങ്ങിയ പുലിയമ്മയെ കണ്ടു. മറ്റൊരിക്കൽ വലിയൊരു മരത്തിൽ കിടന്നുറങ്ങുന്ന കുട്ടിപ്പുലിയെ കണ്ടു. പിന്നെ മരത്തിൽ നിന്ന് ചാടിയിറങ്ങുന്ന സുന്ദരൻ പുലിയെയും. അവിടത്തെ ഗൈഡുകളുടെ പ്രിയപ്പെട്ട വിനോദമാണ് പുള്ളിപ്പുലിയെ തേടിയിറങ്ങുക എന്നത്. എറിക്കാവട്ടെ കണ്ടെത്തുന്നതിൽ മിടുക്കനും. മസായിമാരായിൽ എവിടെ നോക്കിയാലും സീബ്രകളെക്കാണാം. കൂട്ടം കൂട്ടമായി മേയുന്ന സുന്ദരകാഴ്ചയാണിത്. വെളുപ്പും കറുപ്പുമായ ബലിഷ്ഠ ശരീരത്തോടെ അവ പച്ചപുൽ





മൈതാനങ്ങളിൽ വിഹരിക്കുന്നതു കാണാം.

അതുപോലെ തന്നെ ജിറാഫുകളും. നീണ്ട കഴുത്തും നീട്ടി പുൽമേടുകളിലോട്ട് അവ നടക്കുന്നത് കാണുന്നതു തന്നെ എന്തൊരു ചന്തമാണെന്നോ. സൂര്യാസ്തമയത്തിൽ സൂര്യനൊപ്പം തലയെടുപ്പോടെ നിൽക്കുന്ന ജിറാഫുകളുടെ ചിത്രം ലഭിച്ചു.

അതുപോലെ തന്നെ ഹൈന, വൈൽഡ് ബോർ, ആഫ്രിക്കൻ ആന എന്നിവയും ഒട്ടകപക്ഷി, വേഴാമ്പൽ, സെക്രട്ടറി ബേർഡ്, കോരി ബസ്സർഡ് തുടങ്ങി വിവിധ യിനം പക്ഷികളെയും പകർത്താൻ കഴിഞ്ഞു.

ഏഴാം ദിവസമാണ് അവിടത്തെ മസായി വില്ലേജ് കാണാൻ പോവുന്നത്. അവിടത്തെ ആളുകളുടെ ജീവിതരീതികൾ കണ്ടറിയാൻ... ആ ഗ്രാമം കാണാൻ ചെല്ലുന്നവർ പ്രവേശന ഫീസ് അടക്കണം. ചുറ്റും മൺമതിലുകൾക്കിടയിൽ പ്രാചീനമായ അവരുടെ വീടുകളും അവിടത്തെ തനതുവേഷത്തോടെ ജീവിക്കുന്ന ആളുകളെയും കാണാം. അവർ ഉണ്ടാക്കുന്ന കരകൗശല വസ്തുക്കളും മേൽമുണ്ടുകളും അതിനുള്ളിൽ വില്പനയ്ക്ക് വച്ചിട്ടുണ്ട്. അതിൽ നിന്ന് കിട്ടുന്ന പണം കൊണ്ടാണ് അവർ ജീവിക്കുന്നത്. അങ്ങനെ കുറെ അനുഭവങ്ങൾ...

**നീണ്ട കഴുത്തും നീട്ടി പുൽമേടുകളിലോട്ട് ജിറാഫുകൾ നടക്കുന്നത് കാണുന്നതു തന്നെ എന്തൊരു ചന്തമാണെന്നോ. സൂര്യാസ്തമയത്തിൽ സൂര്യനൊപ്പം തലയെടുപ്പോടെ നിൽക്കുന്ന ജിറാഫുകളുടെ ചിത്രം ലഭിച്ചു. അതുപോലെ തന്നെ ഹൈന, വൈൽഡ് ബോർ, ആഫ്രിക്കൻ ആന, ഒട്ടകപക്ഷി, വേഴാമ്പൽ തുടങ്ങിയവയെയൊക്കെ പകർത്താൻ കഴിഞ്ഞു.**

വിശേഷങ്ങൾ ഏറെയുണ്ട് പങ്കുവയ്ക്കാൻ കൂട്ടുകാരെ. ഒരിക്കലെങ്കിലും ആഫ്രിക്കയിലേക്ക് പോവാൻ കഴിയുമെങ്കിൽ പോവണം. മനസ്സു നിറയ്ക്കുന്ന ഒരുപാട് കാഴ്ചകളും അനുഭവങ്ങളും നമുക്കുണ്ടാകും. സന്തോഷവും.മനുഷ്യരും ജീവജാലങ്ങളും എത്ര ആഹ്ലാദത്തോടെയാണ് അവിടെ കഴിയുന്നതെന്നോ. ആ അനുഭവങ്ങൾ മറ്റൊരിക്കൽ...

എല്ലാവരും സുഖമായി ഇരിക്കൂ... നമുക്ക് ജാഗ്രതയോടെ കഴിയാം.





# ലോട്ടസ് ടെംബിൾ, ന്യൂഡൽഹി

കെ യതീന്ദ്രനാഥൻ

**ബഹായ് മതവിശ്വാസികളുടെ ആരാധനാമന്ദിരമാണ് ഡൽഹിയിലെ ബഹാപൂർ എന്ന ഗ്രാമത്തിൽ നിലകൊള്ളുന്ന ലോട്ടസ് ടെംബിൾ. 20-ാം നൂറ്റാണ്ടിന്റെ താജ്മഹൽ ആയി സന്ദർശകർ ഇതിനെ വിശേഷിപ്പിക്കുന്നു. ഇവിടെ ഏതു ജാതിമതവിഭാഗങ്ങളിൽപ്പെട്ടവർക്കും കയറാം. പ്രാർഥിക്കാം. ഏതു മതക്കാരനും ബഹായി ആകാം. അവരവരുടെ മതം ഉപേക്ഷിക്കാതെ തന്നെ.**

1986ൽ നിർമാണം പൂർത്തിയാക്കിയ ഒരു മനോഹര ക്ഷേത്രമാണ് ലോട്ടസ് ടെംബിൾ. ഡൽഹിയിലെ ബഹാപൂർ എന്ന ഗ്രാമത്തിലാണ് ഇത് നിലകൊള്ളുന്നത്. ബഹായ് മതവിശ്വാസികളുടെ ആരാധനാമന്ദിരമാണിത്. 20–ാം നൂറ്റാണ്ടിന്റെ താജ്മഹൽ ആയി സന്ദർശകർ ഇതിനെ വിശേഷിപ്പിക്കുന്നു.

27 ഇതളുകളുള്ള ഒരു താമരയുടെ ആകൃതിയാണീ ക്ഷേത്രത്തിന്. ഒരു താമരയ്ക്ക് 9 വാതിലുകളുണ്ട്. ഏതു വാതിലിൽ കൂടി കയറിയാലും നടുക്കുള്ള വിശാലമായ ഹാളിലെത്താം. ഹാളിനു മുകളിലുള്ള മകുടത്തിന് 34.27 മീറ്റർ ഉയരമുണ്ട്. ഹാളിൽ 2500 പേർക്ക് ഇരുന്നു പ്രാർഥിക്കാനാകും.

ഈ അമ്പലത്തിൽ പ്രതിമകൾ ഇല്ല. അൾത്താര, ശ്രീകോവിൽ തുടങ്ങിയവയും ഇല്ല. ഹാളിനു നടുക്കായി ഒരു പ്രസംഗപീഠമുണ്ട്. അവിടെ നിന്ന് പ്രസംഗിക്കാം. ഗ്രന്ഥങ്ങൾ പാരായണം ചെയ്യാം. ഭക്തിഗാനങ്ങളും ഭജനകളുമെല്ലാം പാടാം.

26 ഏക്കർ സ്ഥലത്തായി ഈ മന്ദിരം നിലകൊള്ളുന്നു. ക്ഷേത്രത്തിനു ചുറ്റും പുൽത്തകിടികളും നടപ്പാതകളും ചെടികളും മരങ്ങളും വച്ചുപിടിപ്പിച്ചിരിക്കുന്നു. ഈ സ്ഥലം വാങ്ങി ബഹായ് ക്ഷേത്ര നിർമാണത്തിനു നൽകിയത് അൽദിശിർ രുസ്തംപൂർ

**ബഹായ് മതത്തിന്റെ വിശ്വാസപ്രമാണങ്ങൾക്കനുസൃതമായാണ് ക്ഷേത്രം നിർമിച്ചിരിക്കുന്നത്. ഇവിടെ ഏതു ജാതിമതവിഭാഗങ്ങളിൽപ്പെട്ടവർക്കും കയറാം. പ്രാർഥിക്കാം. ഏതു മതക്കാരനും ബഹായി ആകാം. അവരവരുടെ മതം ഉപേക്ഷിക്കാതെ തന്നെ. ഇതിനകത്ത് വിഗ്രഹാരാധന പാടില്ല. ചിത്രങ്ങളും പ്രദർശിപ്പിച്ചിട്ടില്ല. വിഗ്രഹങ്ങൾ കൊണ്ടുവരാനോ ആരാധന നടത്താനോ പാടില്ല.**

എന്നയാളാണ്. താനാർജിച്ച സ്വത്തു മുഴുവൻ വിറ്റാണ് അദ്ദേഹം ഈ സ്ഥലം വാങ്ങിയത്.

ബഹായ് വിശ്വാസമനുസരിച്ച് ഈ ക്ഷേത്രം നിർമിച്ചത് ഇറാൻകാരനായ ശില്പി ഫരിബോസ് സഹ്ബാ ആണ്. ഇംഗ്ലണ്ടിലെ ഫ്ളിന്റ് ആന്റ് നെയിൽ എന്ന കമ്പനിയാണ് ഇതിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിയത്. ലാർസൻ ആന്റ് ടൂബ്രോ എന്ന കമ്പനിയാണ് നിർമാണത്തിന്റെ ചുമതല ഏറ്റെടുത്തത്.

ധാരാളം അംഗീകാരങ്ങളും സമ്മാനങ്ങളും ഈ ക്ഷേത്രത്തിനു ലഭിക്കുകയുണ്ടായി. ലോകത്ത് ഏറ്റവുമധികം സന്ദർശകർ എത്തിച്ചേരുന്ന ക്ഷേത്രം ആയി ഇതുമാറിക്കഴിഞ്ഞു.

അമ്പലത്തിനു ചുറ്റുമായി ഒമ്പതുകുളങ്ങളും ലൈബ്രറിയും ഗ്രീൻഹൗസും എല്ലാം ഉണ്ട്. അമ്പലവും പരിസരങ്ങളും വൃത്തിയായും വെടിപ്പായും സൂക്ഷിക്കുന്നു.

കോൺക്രീറ്റുകൊണ്ടു പണിത ഇതളുകളും തറയും എല്ലാം ഇറ്റലിയിൽ നിന്നും കൊണ്ടുവന്ന ഒന്നാന്തരം മാർബിൾ കൊണ്ടാണു പൊതിഞ്ഞിരിക്കുന്നത്. ആകെ മാർബിൾ മയം എന്നുതന്നെ പറയാം.

ബഹായ് മതത്തിന്റെ വിശ്വാസപ്രമാണങ്ങൾക്കനുസൃതമായാണ് ക്ഷേത്രം നിർമിച്ചിരിക്കുന്നത്. ഇവിടെ ഏതു ജാതിമതവിഭാഗങ്ങളിൽപ്പെട്ടവർക്കും കയറാം. പ്രാർഥിക്കാം. ഏതു മതക്കാരനും ബഹായി ആകാം. അവരവരുടെ മതം ഉപേക്ഷിക്കാതെ തന്നെ.

ഇതിനകത്ത് വിഗ്രഹാരാധന പാടില്ല. ചിത്രങ്ങളും പ്രദർശിപ്പിച്ചിട്ടില്ല.

വിഗ്രഹങ്ങൾ കൊണ്ടുവരാനോ ആരാധന നടത്തുവാനോ പാടില്ല. പാടാനും പ്രാർഥിക്കാനും ഒരു വിലക്കുമില്ല. പക്ഷേ സംഗീതോപകരണങ്ങൾ അനുവദനീയമല്ല.

ലൈബ്രറിയിൽ ബഹായ് മതത്തെക്കുറിച്ചും മറ്റുമതങ്ങളെക്കുറിച്ചുമുള്ള പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുണ്ട്.

ബഹാവുള അടക്കമുള്ള മതസ്ഥാപകരുടെയും പണ്ഡിതന്മാരുടെയും ചിത്രങ്ങൾ ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു.

അമ്പലത്തിൽ കയറുന്നതിനും വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനും യാതൊരുവിധ ഫീസും കൊടുക്കേണ്ടതില്ല.

1869 ൽ എവൈൻ അലി അഥവാ ബഹാവുള സ്ഥാപിച്ച മതമാണ് ബഹായ്മതം. എല്ലാ മതങ്ങളിലെയും നല്ല അംശങ്ങളെ ബഹായികൾ മാനിക്കുന്നു. ജനങ്ങളുടെ കൂട്ടായ്മ, ജാതി, മത ലിംഗഭേദങ്ങൾ എന്നിവയ്ക്ക്ക്ക് അവരെതിരാണ്.

ദൈവം പ്രപഞ്ചം മുഴുവനും നിറഞ്ഞുനിൽക്കുന്നു. ദൈവത്തെ ആർക്കും കാണാനാവില്ല. അബ്രഹാം, മോസസ്, സൗരാഷ്ട്രർ, യേശുക്രിസ്തു, മുഹമ്മദ് നബി എന്നീ മഹത്തുക്കളിലൂടെയാണ് ദൈവത്തിന്റെ വെളിപാടുകൾ പ്രകടമായിട്ടുള്ളത്.

ദൈവത്തെ മനസ്സിലാക്കാൻ മനുഷ്യമനസ്സിനു കഴിയില്ല. ദൈവത്തെക്കുറിച്ചു മനസ്സിലാക്കാൻ ചുറ്റും നോക്കിയാൽമതി. മഹത്തുകൾ നൽകിയ പാഠങ്ങൾ പഠിക്കുകയും വേണം. ദുശ്ശീലങ്ങൾക്കടിമയാകാൻ പാടില്ല. ശരിക്കും ഒരാധുനിക മതമെന്നു പറയാം ഇതിനെ.





# എന്റെ മലയാളം

സുഷമ ബിന്ദു

ചിറകടിച്ചുയരുന്നു മലയാളം
ഇല വിരിഞ്ഞുണരുന്നു മലയാളം
മഞ്ഞിൻ കണത്തിലും പുല്ലിന്റെ തുമ്പിലും
ഏഴുനിറത്തിൽ മലയാളം
അമ്മതൻ നെഞ്ചിൽ മലയാളം
ഉണ്ണിതൻ നാവിൽ മലയാളം
വാഴക്കുടപ്പനിൽ പൂവാംകുരുന്നില-
ച്ചുണ്ടിൽ തുളുമ്പും മലയാളം.
കാറ്റിന്റെ കയ്യിൽ മലയാളം
ആറ്റിൻ കുളിരിൽ മലയാളം
അമ്പിളിമാമന്റെ ചുണ്ടിലെപ്പുഞ്ചിരി-
പ്പാലായ് നിറയും മലയാളം
നന്മനിറയും മലയാളം
നല്ലതുചൊല്ലും മലയാളം
ചിങ്ങനിലാവിന്റെ തുമ്പിലിരുന്നോണ-
പ്പാട്ടുകൾ മൂളും മലയാളം.
ഊയലാടുന്ന മലയാളം.





# കൂട്ടിലെ കിളി

പ്രേമജ ഹരീന്ദ്രൻ

ആരോ പറഞ്ഞു നുണക്കഥ; കുട്ടിക-
ളപ്പൂപ്പൻത്താടിയെപ്പോലെയത്രേ!
ഏഴുനിറമോലും ബാല്യത്തിനെന്നെന്നും
പൂന്തേനിനൊത്ത മധുരമത്രേ!
പത്തുവയസ്സായ ഞാനിന്നു വീടാകും
കൂട്ടിൽ കുടുങ്ങിയ തത്തയല്ലോ
മറ്റുള്ളോരെല്ലാരും ചൊല്ലുന്ന താളത്തി-
ലാടുവാനുള്ളൊരു പാവയല്ലോ.
വെറുതെയിരിക്കുവാനില്ലൊരു മാത്രയും
ചൊല്ലിപഠിക്കുവാനേറെയുണ്ട്
ഒന്നാമനാകണം, ഫുൾമാർക്കുവാങ്ങണ-
മെന്നതല്ലാതൊന്നുമോർത്തുകൂടാ-
മണ്ണിൽ നിന്നുരുവായി മണ്ണിലേക്കെത്തുന്ന
മണ്ണിന്റെ മക്കളാകുന്ന നമ്മൾ
മണ്ണിന്റെ മണമുള്ളോരായി വളരുവാൻ-
നമ്മൾക്കു വേണ്ടേ പഠനമെന്നും!
ഡാഡിയും മമ്മിയും കെട്ടുന്നൊരാകാശ-
ക്കോട്ടയിലേക്കവർ തള്ളിടുമ്പോൾ
വേരുകൾ മണ്ണിൽ പടർത്തുവാനായി ഞാൻ
മണ്ണിൽത്തൊടാനായ് കൊതിച്ചിടുന്നു.
മുത്തശ്ശിയില്ല, മുടിയിൽത്തഴുകിയൊ-
രുമ്മവെയ്ക്കാനുമിങ്ങാരുമില്ല.
മാത്സര്യവേനലിൽ ഒരുതുള്ളി സ്നേഹമായ്
പെയ്യുവാനുള്ളം കൊതിച്ചിടുന്നു.
കുട്ടിത്തമുള്ളൊരു കുട്ടിയായ് മാറുവാ-
നെന്നെങ്കിലുമെനിക്കായീടുമോ
മാരിവിൽ വർണങ്ങൾ വാരിവിതറുമൊ-
രാനല്ല ബാല്യമിങ്ങെത്തീടുമോ!





വര:സുജിത് പി വി

# കടൽരാജകുമാരി

**ദേവിപ്രിയ**



വര: ടി ആർ രാജേഷ്

പണ്ടൊരിക്കൽ കടൽത്തീരത്തുള്ള ഒരു ചെറുകുടിലിൽ പാവപ്പെട്ട ഒരു മീൻപിടുത്തക്കാരനും കുടുംബവും പാർത്തിരുന്നു. മീൻപിടുത്തക്കാരൻ കടലിൽ പോയി കൊണ്ടുവരുന്ന മത്സ്യങ്ങൾ ഭക്ഷിച്ചാണ് അയാളുടെ വലിയ കുടുംബം പുലർന്നിരുന്നത്.

ഒരിക്കൽ അടുപ്പിച്ച് എട്ടു ദിവസങ്ങളോളം അയാളുടെ വലയിൽ മീൻ കുരുങ്ങിയതേയില്ല. വെറും ചെളിയും പായലും മാത്രം. ആ കുടുംബം പട്ടിണിയായി.

ഒൻപതാംദിവസം സൂര്യന്റെ ആദ്യകിരണങ്ങളോടൊപ്പം അയാൾ കടലിലേക്കു പോയി. പക്ഷേ അന്നും വലയിൽ ഒരു മീൻപോലും കുരുങ്ങിയില്ല. ആ പാവം മനുഷ്യൻ വിഷമത്തിലായി. വെറുംകൈയോടെ പട്ടിണികിടക്കുന്ന കുഞ്ഞുങ്ങളുടെ മുന്നിലേക്ക് അയാൾക്കെങ്ങനെ പോകാനാകും?

സൂര്യൻ അപ്പോഴേക്കും കടലിൽ നിന്നും പൂർണമായും ഉയർന്നുവന്നിരുന്നു.

പെട്ടെന്ന് എവിടെ നിന്നോ ഒരു പായ്ക്കപ്പൽ അയാൾക്കരികിലേക്കു വന്നു. സാമാന്യം വലിയ ഒരു കപ്പൽ.

അയാൾക്കതിൽ ഒൻപതു പേർ നിൽക്കുന്നതു കാണാമായിരുന്നു. അവർ അയാളെ വിളിച്ചു.

“ഹേ മീൻപിടുത്തക്കാരാ... നല്ല കോളു കിട്ടിയോ?”

“എന്തുപറയാൻ! ഒൻപതു ദിവസമായി ഒരൊറ്റ മീൻ

പോലുമില്ല.'' മറുപടി പറഞ്ഞു കഴിഞ്ഞ് ശരിക്കും കപ്പലിലേക്കു നോക്കിയ അയാൾ ഭയത്താൽ വിറച്ചുപോയി. അതിൽ ഒൻപതു പേരല്ല ഒരാൾ മാത്രമേയുള്ളൂ. പക്ഷേ ആ ഒരാൾക്കു ഒൻപതു തലകൾ. ഒരു ഭീകര രാക്ഷസൻ!

''നിനക്കിനി ഒരു മീനിനെപ്പോലും പിടിക്കാൻ പറ്റില്ല മീൻപിടുത്തക്കാരാ. നിന്റെ മൂത്ത മകനെ എന്റെ കൂടെ ജോലി ചെയ്യാൻ വിടുന്നതുവരെ ഇതു തുടരും.'' ആ ഒൻപതുതലയൻ രാക്ഷസൻ പറഞ്ഞു. ''നീയും നിന്റെ കുടുംബവും പട്ടിണി കിടന്നുചാകും.''

മീൻപിടുത്തക്കാരന് ഭയം കൊണ്ട് ശബ്ദിക്കാനേ പറ്റിയില്ല.

''നിന്റെ മകനെയോർത്ത് ആശങ്ക വേണ്ട.'' ഒൻപതുതലയൻ പറഞ്ഞു. ''ഞാനവന് ഭാരിച്ച പണികളൊന്നും നൽകില്ല. ഇഷ്ടംപോലെ ഭക്ഷണം കൊടുക്കും. പിന്നെ ചെയ്യുന്ന പണിക്കു കൂലിയും കൊടുക്കും. അതുകഴിഞ്ഞാൽ മീനുകൾ നിന്റെ വലയിലേക്കു നീന്തിവരും. പിന്നെയും അയാൾ ഒന്നും മിണ്ടുന്നില്ലെന്നു കണ്ട് ഒൻപതുതലയൻ പറഞ്ഞു. ''നാളെ സൂര്യാസ്തമയ സമയത്ത് ഞാൻ ആ വലിയ പാറയ്ക്കടുത്ത് നിന്നെ കാത്തിരിക്കുന്നുണ്ടാകും. ഞാൻ പറയുന്നതുപോലെ ചെയ്താൽ നിനക്ക് പശ്ചാത്തപിക്കേണ്ടി വരില്ല.'' ഇതുംപറഞ്ഞ് കപ്പൽ തിരിച്ച് രാക്ഷസൻ അകന്നുപോയി.

തിരികെ വീട്ടിലെത്തിയ മീൻപിടുത്തക്കാരൻ തന്റെ കുടുംബത്തോട് ഉണ്ടായതെല്ലാം പറഞ്ഞു. എല്ലാപേരുടെയും കണ്ണുകൾ മൂത്തമകനിലേക്കു തിരിഞ്ഞു.

''ശരി അച്ഛാ, നാളെയെന്നെ ആ ഒൻപതുതലയൻ രാക്ഷസന്റെ അരികിലേക്കു കൊണ്ടുപോകൂ. നമുക്കെല്ലാപേർക്കും പട്ടിണികിടന്ന് ചാകാനൊക്കില്ലല്ലോ. എനിക്കവനെ ഭയമില്ല.''

പിറ്റേന്ന് സൂര്യന്റെ പ്രകാശം കടലിനെ സ്പർശിച്ച മാത്രയിൽ തന്നെ മുക്കുവൻ തന്റെ മകനെയും കൂട്ടി വലിയ പാറയ്ക്കരികിലെത്തി. ഒൻപതുതലയൻ അവർക്കായി അവിടെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. ഒട്ടും അമാന്തിക്കാതെ രാക്ഷസൻ യുവാവിനെ തന്റെ കപ്പലിൽ കയറ്റി അവിടം വിട്ടുപോയി.

മീൻപിടുത്തക്കാരൻ അവർ പോയ വഴിയേ നോക്കിനിന്നു. പക്ഷേ അയാൾക്കൊന്നും കാണാൻ കഴിഞ്ഞില്ല. അയാളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പുകയായിരുന്നു. തന്റെ മൂത്തമകനെ ഒരു രാക്ഷസന്റെ കൂടെ ഭൂമിയുടെ മറ്റേയറ്റത്തേക്കു പറഞ്ഞയച്ചിരിക്കുന്നു. പക്ഷേ തനിക്ക് എന്തു ചെയ്യാനാവും? ഭക്ഷണമില്ലാതെ കുടുംബം പോറ്റാൻ വയ്യല്ലോ.

ഒൻപതുതലയന്റെ പായ്ക്കപ്പൽ വളരെ ദൂരം സഞ്ചരിച്ച് കടലിൽ നിന്നുയർന്നു നിൽക്കുന്ന ഒരു കൂറ്റൻ മലയ്ക്കരികിൽ എത്തിച്ചേർന്നു. കപ്പൽ കരയ്ക്കടുത്തതും ഒൻപതുതലയൻ ചാടിയിറങ്ങി എങ്ങോട്ടോ പോയി.

യുവാവ് കപ്പലിൽത്തന്നെ അയാൾ വരുന്നതും കാത്തിരുന്നു. സൂര്യൻ ഉദിച്ച് തലയ്ക്കു മീതെ വന്നു. പിന്നെ താണ് കടലിൽ മുങ്ങാറായി. എന്നിട്ടും ഒൻപതുതലയൻ തിരികെ വന്നില്ല.

യുവാവ് ഒടുവിൽ കപ്പൽ വലിച്ച് കരയ്ക്കു കൊണ്ടുവന്നിട്ടു. എന്നിട്ട് എങ്ങോട്ടു പോകണമെന്നറിയാതെ അവനാ മലയ്ക്കുനേരെ നടന്നു. മലയുടെ ചരുവിൽ ഗുഹപോലെ ഉള്ളിലേക്കൊരു വഴി കണ്ടു. അതിനകത്തേക്കു നോക്കിയപ്പോൾ അങ്ങു ദൂരെ വെളിച്ചം കാണാമായിരുന്നു.

യുവാവ് ഗുഹാദ്വാരത്തിലൂടെ ഉള്ളിലേക്കു നടന്നു. പോകെപ്പോകെ ദ്വാരം വലുതായി കാണായി. ഒടുവിൽ ഒരു പിത്തള ഗേറ്റിനരികിലെത്തി. ഗേറ്റിൽ പതിയെ മുട്ടിനോക്കി. അനക്കമില്ല. കുറച്ചുകൂടി ആഞ്ഞു മുട്ടിനോക്കി. എന്നിട്ടും അനക്കമൊന്നുമില്ല.

അവൻ സർവശക്തിയുമെടുത്ത് ഗേറ്റിൽ ആഞ്ഞടിച്ചു.

അപ്പോൾ ഗേറ്റുകൾ തുറന്ന് സുന്ദരിയായ ഒരു യുവതി വെളിയിലേക്കു വന്നു.

''ധൈര്യശാലിയായ ചെറുപ്പക്കാരാ, നീയെവിടെ നിന്നു വരുന്നു?'' അവൾ ചോദിച്ചു.

''ഞാനെന്റെ യജമാനനെ തിരയുകയാണ്. ഒൻപതു തലയുള്ള ഒരു രാക്ഷസൻ എന്നെ ജോലിക്കായെടുത്ത് ഇങ്ങോട്ട് കൂട്ടിക്കൊണ്ടുവന്നു. അയാൾ എവിടെയുണ്ടെന്നറിയുമോ?''

''അയാൾ ഇവിടെത്തന്നെയുണ്ട്. രാവിലെ തുടങ്ങി നല്ല യുറക്കമാണ്.''

''ഇന്നു രാവിലെയാണ് അയാൾ എന്നെ ഇവിടെയെത്തിച്ചത്. അതുതൊട്ട് ഞാനാ

**മീൻപിടുത്തക്കാരൻ അവർ പോയ വഴിയേ നോക്കിനിന്നു. പക്ഷേ അയാൾക്കൊന്നും കാണാൻ കഴിഞ്ഞില്ല. അയാളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പുകയായിരുന്നു. തന്റെ മൂത്തമകനെ ഒരു രാക്ഷസന്റെ കൂടെ ഭൂമിയുടെ മറ്റേയറ്റത്തേക്കു പറഞ്ഞയച്ചിരിക്കുന്നു. പക്ഷേ തനിക്ക് എന്തു ചെയ്യാനാവും? ഭക്ഷണമില്ലാതെ കുടുംബം പോറ്റാൻ വയ്യല്ലോ.**

കടൽക്കരയിൽ അയാൾക്കായി കാത്തുനിൽക്കുകയാണ്. ഒന്നും പറയാതെ അയാളിറങ്ങിപ്പോയി. ഇപ്പോഴാണെങ്കിൽ നേരവും ഇരുട്ടി...''

''നീ നല്ല ക്ഷമയുള്ളവൻ തന്നെ. കൊള്ളാം നിനക്ക് വിശക്കുന്നില്ലേ? എന്റെ കൂടെ വരൂ, നിനക്ക് ഭക്ഷണം തരാം...''

യുവാവ് വയർ നിറച്ച് നല്ല രുചിയുള്ള ഭക്ഷണം കഴിച്ചു.

അപ്പോൾ സുന്ദരി അവനോടു ചോദിച്ചു.

''നിനക്ക് ഒൻപതുതലയനെ പേടിയുണ്ടോ?''

''ഇല്ല''

''അവനെ തൃപ്തിപ്പെടുത്താൻ നിനക്കു കഴിയുമെന്ന് തോന്നുന്നുണ്ടോ?''

''എനിക്കറിയില്ല. ശ്രമിക്കാം.''

സുന്ദരിക്ക് യുവാവിന്റെ മറുപടികൾ ഇഷ്ടമായി.



''നിനക്ക് ഒൻപതുതലയനെ തൃപ്തിപ്പെടുത്താനാവില്ല. പക്ഷേ അയാളെ പരാജയപ്പെടുത്താൻ ഞാൻ നിന്നെ സഹായിക്കാം. ഞാൻ പറയുന്നതു പോലെ നീ ചെയ്യണം.''

''നിങ്ങൾ പറയുന്നതു പോലെഞാൻചെയ്യാം. ഞാനൊരു ഭീരുവല്ല.''

''എന്നാൽ കേൾക്കൂ. ഒൻപതുതലയൻ താമസിയാതെ ഉണരും. നിന്നെ ജോലിക്കായി പറഞ്ഞയക്കാൻ അയാൾ ശ്രമിക്കും. പക്ഷേ, നീയതിനെ എതിർക്കണം. പകൽ പണിയെടുക്കാമെന്ന് മാത്രമേ നീ സമ്മതിച്ചിട്ടുള്ളൂവെന്ന് അയാളോട് പറയണം. രാത്രിയിൽ നിനക്ക് കണ്ണുകാണാൻ കഴിയില്ലെന്നും. അയാൾ നിന്നെ ഭീഷണിപ്പെടുത്തും. പക്ഷേ നീ ഉറച്ചു നിൽക്കണം. വിട്ടു കൊടുക്കരുത്. അയാൾ നിന്നെ മർദ്ദിക്കും. അപ്പോഴും ക്ഷമ കൈവിടാതെ നീയത് സഹിക്കണം. ഒരു വാക്കുപോലും ഉച്ചരിച്ചു പോകരുത്. നിന്നെക്കൊണ്ടു പറ്റുമോ?''

''ഞാൻ ചെയ്യാം.''

''ശരി, നീയിതിൽ വിജയിച്ചു വന്നാൽ പിന്നെന്തു ചെയ്യണമെന്ന് ഞാൻ പറഞ്ഞുതരാം.''

എല്ലാം ആ യുവതി പറഞ്ഞതുപോലെ തന്നെ സംഭവിച്ചു.

ഒൻപതുതലയൻ ഉണർന്നതും യുവാവിനെ ജോലിക്കായി പറഞ്ഞയക്കാൻ നോക്കി. തനിക്ക് രാത്രി കണ്ണുകാണില്ലെന്നു പറഞ്ഞു യുവാവ്. തനിക്ക് പകൽ മാത്രമേ പണിയെടുക്കാനാകൂ. ഒൻപതുതലയൻ ദേഷ്യം കയറി അവനെ തള്ളാനും ഭീഷണിപ്പെടുത്താനും തുടങ്ങി. പക്ഷേ യുവാവ് വിട്ടുകൊടുത്തില്ല.

''എനിക്ക് രാത്രി കണ്ണു കാണില്ല. പകൽ പണിയെടുക്കാമെന്നു മാത്രമേ ഞാൻ സമ്മതിച്ചിട്ടുള്ളൂ.'' പിന്നെ ഒൻപതുതലയൻ അവന്റെ മേൽ

ചാടിവീണു തലങ്ങും വിലങ്ങും അടിക്കാൻ തുടങ്ങി.

യുവാവ് അത് നിശ്ശബ്ദമായി സഹിച്ചു.

ഒൻപതുതലയൻ വീണ്ടും വീണ്ടും അടിച്ചുകൊണ്ടേയിരുന്നു.

പക്ഷേ യുവാവ് ഒരു ശബ്ദം പോലും പുറപ്പെടുവിച്ചില്ല. അവൻ തന്റെ ചുണ്ടുകൾ കടിച്ചുപിടിച്ച് വേദന സഹിച്ചു.

ഒടുവിൽ ഒൻപതുതലയൻ ക്ഷീണിച്ച യുവാവിനെ ഒരു വശത്തേക്കു വലിച്ചെറിഞ്ഞ് നീട്ടിത്തുപ്പി.

"നാശം, നിന്റെയടുത്തുനിന്ന് ഒരു ശബ്ദംപോലും കേട്ടില്ലല്ലോ? നിന്നെയെന്താ, കല്ല് കൊണ്ടാണോ ഉണ്ടാക്കിയിരിക്കുന്നത്?" ദേഷ്യത്തിൽ അയാൾ ഉറങ്ങാൻ പോയി.

ഒൻപതുതലയന്റെ കൂർക്കംവലി ഉയർന്നതും യുവതി പ്രത്യക്ഷപ്പെട്ടു.

"നീ പറഞ്ഞതുപോലെ തന്നെ ചെയ്തു." അവൾ പറഞ്ഞു. "വളരെ നല്ലത്."

പക്ഷേ യുവാവിന് വേദന കൊണ്ട് അനങ്ങാൻ പോലുമായില്ല. ഒൻപതുതലയൻ വലിച്ചെറിഞ്ഞയിടത്തുതന്നെ അവൻ കിടന്നു.

യുവതി അവനരികിൽ ചെന്ന് അവന്റെ മുറിവിലും ചതവിലും മരുന്നു പുരട്ടാൻ തുടങ്ങി. അത്ഭുതമെന്നുപറയട്ടെ പെട്ടെന്ന് വേദനയെല്ലാം മാറി. മുൻപത്തേതിലും ശക്തിമാനായി അവൻ എഴുന്നേറ്റു.

"അതിശയിക്കണ്ട." യുവതി അവനോട് പറഞ്ഞു. ഒൻപതുതലയന്റെ ശക്തി നിന്നിലേക്ക് വന്നതാണ്. അയാൾ നിന്നെ തല്ലിച്ചതയ്ക്കാൻ ചിലവഴിച്ച ശക്തിയെല്ലാം ഇപ്പോൾ നിന്റേതായി. ഇനി ഭക്ഷണം കഴിച്ചു കിടന്നുറങ്ങിക്കൊള്ളൂ. അയാളെ തോൽപ്പിക്കണമെങ്കിൽ ഇനിയും ശക്തി പ്രാപിക്കേണ്ടതുണ്ട്. രാത്രിയിൽ അയാൾ ഇനിയും നിന്നെ തല്ലും. അപ്പോൾ ഓർത്തോളൂ. നീയൊറ്റ ശബ്ദവും പുറപ്പെടുവിക്കാതെ മർദനം സഹിക്കണം."

ആ രാത്രി വീണ്ടും അത് സംഭവിച്ചു. ഒൻപതുതലയൻ യുവാവിനോട് ജോലിക്കു പോകാൻ പറഞ്ഞു. പക്ഷേ യുവാവ് സമ്മതിച്ചില്ല.

"യജമാനേ, ഞാൻ പകൽ പണിയെടുക്കാൻ മാത്രമേ സമ്മതിച്ചിട്ടുള്ളൂ. രാത്രിയിലെനിക്ക് കണ്ണുകാണില്ല."

ഇതുകേട്ട് ഒൻപതുതലയൻ സർവശക്തിയുമെടുത്ത് അവനെ അടിക്കാൻ തുടങ്ങി.

യുവാവ് പല്ലിറുമ്മി നിശ്ശബ്ദമായത് സഹിച്ചു.

ഒരുപാട് സമയം ഒൻപതുതലയൻ അവനെ അടിച്ചുകൊണ്ടിരുന്നു. ഒടുവിൽ ക്ഷീണിച്ചയാൾ നീട്ടിത്തുപ്പി.

"വീണ്ടും ഒരു ശബ്ദം പോലുമില്ല. നാശം!"

ശപിച്ചുകൊണ്ടയാൾ ഉറങ്ങാൻ പോയി.

കൂർക്കംവലിയുയർന്നതും യുവതി വന്നു. യുവാവിന്റെ മുറിവുകളെല്ലാം മരുന്നുപുരട്ടിയവൾ ഉണക്കി. വേദന മാറിയതും തലേദിവസത്തേക്കാൾ ഇരട്ടി ശക്തി അവനനുഭവപ്പെട്ടു.

പക്ഷേ, യുവതി പറഞ്ഞു. "പോരാ ഇനിയും ശക്തി പ്രാപിക്കേണ്ടതുണ്ട്. ഇനിയും സഹിക്കേണ്ടിവരും."

മൂന്നാം രാത്രിയിൽ വീണ്ടും കഠിനമായി ഒൻപതുതലയൻ യുവാവിനെ തല്ലിച്ചതച്ചു.

**നിശ്ശബ്ദനായി അവൻ വേദന സഹിച്ചുകൊണ്ടിരുന്നു. ഒരു ഘട്ടത്തിൽ ഇനിയും ഇത് താങ്ങാൻ തനിക്ക് കഴിയില്ലെന്ന വന് തോന്നിയതും ഒൻപതുതലയൻ അവനെ വലിച്ചെറിഞ്ഞു. അയാൾ തന്റെ ബലത്തിന്റെ നെല്ലിപ്പലക കണ്ടിരുന്നു. ദേഷ്യത്തിൽ പല്ലുകടിച്ചു കൊണ്ടയാൾ ചീറി.**

നിശ്ശബ്ദനായി അവൻ വേദന സഹിച്ചുകൊണ്ടിരുന്നു. ഒരു ഘട്ടത്തിൽ ഇനിയും ഇത് താങ്ങാൻ തനിക്ക് കഴിയില്ലെന്ന വന് തോന്നിയതും ഒൻപതുതലയൻ അവനെ വലിച്ചെറിഞ്ഞു. അയാൾ തന്റെ ബലത്തിന്റെ നെല്ലിപ്പലക കണ്ടിരുന്നു. ദേഷ്യത്തിൽ പല്ലുകടിച്ചു കൊണ്ടയാൾ ചീറി.

"പിന്നെയും അവനിൽ നിന്നൊരു ശബ്ദം പോലുമില്ല. നശിച്ചുപോ."

അയാൾ പോയി ഉറങ്ങാൻ കിടന്നു.

യുവതി പ്രത്യക്ഷപ്പെട്ട് യുവാവിന്റെ മുറിവുകളും ചതവുകളുമെല്ലാം മരുന്നു പുരട്ടിയുണക്കി.

യുവാവ് അവളോടു പറഞ്ഞു. "ഞാൻ ഇപ്പോൾ ഇന്നലത്തേതിലും മൂന്നിരട്ടി ശക്തിമാനാണ്."

യുവതിക്ക് സന്തോഷം കൊണ്ട് വീർപ്പുമുട്ടി.

"നന്നായി." അവൾ പറഞ്ഞു. "മൂർച്ചയുള്ളൊരു വാളും ഒരു മാന്ത്രിക മരുന്നും ഞാൻ നിനക്ക് തരാം. ആ വാളുകൊണ്ട് അയാളുടെ ഒൻപതു വൃത്തികെട്ട തലകൾ നീ അരിഞ്ഞിടണം. പെട്ടെന്ന് വേണമെന്നേയുള്ളൂ. തന്റെ ശക്തി തിരികെ ലഭിക്കാൻ അയാൾക്കു സമയം കൊടുക്കരുത്. അയാൾ നിന്റെ നേരെ തീ തുപ്പുകയാണെങ്കിൽ ഈ മരുന്നു പ്രയോഗിക്കാം. പക്ഷേ എല്ലായ്പ്പോഴും ഓർത്തോളൂ. എല്ലാ തലകളും അരിഞ്ഞുവീഴ്ത്തുന്നതുവരെ വിശ്രമം വേണ്ട."

യുവാവ് ആ വാളെടുത്ത് അപ്പോൾത്തന്നെ ഉറങ്ങിക്കിടന്ന ഒൻപതുതലയന്റെ അടുത്തെത്തി. ആദ്യത്തെ വീശിൽത്തന്നെ മൂന്ന് തലകൾ നിലം പതിച്ചു.

ദേഷ്യം കൊണ്ട് വിറച്ച ഒൻപതുതലയൻ യുവാവിന്റെമേൽ തീ തുപ്പാൻ തുടങ്ങി.

പക്ഷേ ഒരു കടൽമീനിനെപ്പോലെ അവൻ വഴുതിമാറി തീയിലേക്കു മരുന്നൊഴിച്ചു.

ഒരുപാടുസമയം അവർ രണ്ടുപേരും പൊരുതിക്കൊണ്ടിരുന്നു. ഒടുവിൽ ഒൻപതുതലയൻ ക്ഷീണിക്കാൻ തുടങ്ങി. ഇതു ശ്രദ്ധിച്ച് സമയം ഒട്ടും പാഴാക്കാതെ തന്റെ സർവശക്തിയുമെടുത്ത് യുവാവ് ബാക്കിയുള്ള തലകൾ ഒന്നൊന്നായി അരിഞ്ഞുവീഴ്ത്തി.

അവസാനത്തെ തല നിലം പതിച്ചപ്പോൾ മല ശക്തമായി കുലുങ്ങി. പിന്നെ കഷണങ്ങളായി പിളർന്ന് നിലത്തുവീണു. ആ മല നിന്നിടത്ത് വളരെ മനോഹരമായ ഒരു നഗരം രൂപപ്പെട്ടു.

ആ സുന്ദരി അപ്പോൾ യുവാവിനരികിൽ ചെന്നിട്ട് പറഞ്ഞു. ''എന്നെ നിനക്കിഷ്ടമാണെങ്കിൽ നീയി നഗരത്തിന്റെ രാജാവാകണം.''

''നീ നല്ലവളാണ്. ആദ്യ കാഴ്ചയിലേ നിന്നെയെനിക്കിഷ്ടമായി. പക്ഷേ നീയാരാണ്?''

''കടൽരാജാവിന്റെ മകളാണു ഞാൻ.'' അവൾ പറഞ്ഞു.

''ഒൻപതുതലയൻ രാക്ഷസൻ എന്റെ അച്ഛനെ കൊലപ്പെടുത്തി ഞങ്ങളുടെ രാജ്യത്തെ മാന്ത്രിക വലയത്തിലാക്കി എന്നെ തടവിൽ വച്ചിരിക്കുകയായിരുന്നു. എന്നാൽ ഇപ്പോളയാളുടെ സമയം കഴിഞ്ഞിരിക്കുന്നു. നമ്മുടെ വിവാഹം ഇന്നുതന്നെ നടത്താം.''

''വരട്ടെ.'' യുവാവു പറഞ്ഞു. ''എനിക്ക് എന്റെ ബന്ധുക്കളെയെല്ലാം വിവാഹത്തിനു ക്ഷണിക്കണം. എന്റെ സുഹൃ

**യുവാവ് മോതിരം വിരലിലണിഞ്ഞ് അത് മൂന്നുതവണ കറക്കിയതും തന്റെ വീട്ടിലെത്തി. അവന്റെ അച്ഛനുമമ്മയും അവനെക്കണ്ട് സന്തോഷം കൊണ്ട് തുള്ളിച്ചാടി. ഇനിയവനെ ജീവനോടെ കാണാൻ കഴിയുമെന്നവർ വിചാരിച്ചിരുന്നതേയില്ലല്ലോ. പക്ഷേ പ്രതീക്ഷിക്കാതെയിതാ, അവൻ അവരുടെ മുന്നിൽ നിൽക്കുന്നു.**

ത്തുക്കൾക്ക് നൃത്തം ചെയ്യാൻ അവസരമൊരുക്കണം.''

''ശരി, ആകട്ടെ.'' യുവതി സമ്മതിച്ചു. ''നീ പോയി അവരെയെല്ലാം ക്ഷണിച്ചു വരൂ. ഇതെന്റെ മോതിരമാണ്. ഇത് നിന്റെ വിരലിലിട്ട് മൂന്നുതവണ കറക്കിയാൽ നിനക്കെവിടെ പോകണമോ അവിടെ നിന്നെയെത്തിക്കും. ഒരുകാര്യം മാത്രം ശ്രദ്ധിക്കണം. ആരോടും എന്നെപ്പറ്റി പൊങ്ങച്ചം പറയരുത്. എങ്കിൽ പിന്നെ നല്ലതാകില്ല സംഭവിക്കുക.''

യുവാവ് മോതിരം വിരലിലണിഞ്ഞ് അത് മൂന്നുതവണ കറക്കിയതും തന്റെ വീട്ടിലെത്തി. അവന്റെ അച്ഛനുമമ്മയും അവനെക്കണ്ട് സന്തോഷം കൊണ്ട് തുള്ളിച്ചാടി.

ഇനിയവനെ ജീവനോടെ കാണാൻ കഴിയുമെന്നവർ വിചാരിച്ചിരുന്നതേയില്ലല്ലോ. പക്ഷേ പ്രതീക്ഷിക്കാതെയിതാ, അവൻ മുൻപത്തേതിലും ശക്തിമാനും സുന്ദരനുമായി അവരുടെ മുന്നിൽ നിൽക്കുന്നു.

യുവാവ് അച്ഛനോടും അമ്മയോടും നടന്നതെല്ലാം പറഞ്ഞു. വിവാഹത്തിനവരെ ക്ഷണിക്കുകയും ചെയ്തു. എന്നിട്ട് തന്റെ ബന്ധുക്കളെയും മിത്രങ്ങളെയും കാണാൻ പോയി.

വഴിയിൽ ആ സ്ഥലത്തെ ഒരു പണക്കാരന്റെ വീട് കടന്നുവേണമായിരുന്നു അവനു പോകാൻ. ആ സമയത്ത് പണക്കാരൻ തന്റെ മുറ്റത്ത് ഉലാത്തുകയായിരുന്നു. യുവാവിനെ കണ്ടയാൾ കുശലം ചോദിക്കാൻ തുടങ്ങി.

''എവിടെയായിരുന്നു നീയിതുവരെ? വളരെ നാളായല്ലോ കണ്ടിട്ട്.''

''ഞാൻ എന്റെ ഭാഗ്യം തേടി കടൽ കടന്നുപോയതാണ്.'' യുവാവ് ധൃതിയിൽ പറഞ്ഞു.

''എന്നിട്ട് ഭാഗ്യം കണ്ടെത്തിയോ?'' പണക്കാരൻ വിടുന്ന മട്ടില്ല.

''ഉവ്വ്. ഇപ്പോൾ ഞാനെന്റെ ബന്ധുക്കളെയും സുഹൃത്തുക്കളെയും എന്റെ വിവാഹത്തിന് ക്ഷണിക്കാൻ പോകുന്ന വഴിയാണ്.''

''ഓ, ആരാണ് വധു?''

''ഒരു നല്ല യുവതി.''

''അവൾ സുന്ദരിയാണോ?''

''അതിനെന്തു മറുപടി പറയണമെന്നെനിക്കറിയില്ല.''

''ഒരുപക്ഷേ എന്റെ മൂത്ത മകളുടെയത്രയും സുന്ദരിയാകുമല്ലേ?''

''ഇല്ല.''

''എങ്കിലൊരു പക്ഷേ എന്റെ രണ്ടാമത്തെ മകളുടെയത്രയും വെളുത്തിട്ടായിരിക്കും.''

''ഇല്ല.''

''പിന്നെ എന്റെ ഇളയമകളുടെയത്രയും സുന്ദരിയാണോ?''

ഇത്രയുമായപ്പോൾ യുവാവിന് ദേഷ്യത്താൽ ക്ഷമ നശിച്ചു.

''നിങ്ങളുടെ മക്കളെപ്പറ്റി പറഞ്ഞതുമതി. എന്റെ വധുവിന്റെ മുന്നിൽ അവരൊരു

പൊട്ടുപോലുമല്ല. അവരേക്കാൾ ഒരായിരം മടങ്ങ് സുന്ദരിയാണവൾ.''

ഈ വാക്കുകൾ അവൻ പറഞ്ഞതും അവന്റെ കൈയിൽ കിടന്ന മോതിരം പെട്ടെന്ന് അപ്രത്യക്ഷമായി.

കരഞ്ഞുകൊണ്ടവൻ തിരികെ നടന്നു.

ഇനിയെങ്ങനെ തിരികെ തന്റെ വധുവിനടുത്തെത്തും? ഇനിയവളെ എങ്ങനെ കണ്ടെത്തും?

വിഷമിച്ചു നിന്ന അവന്റെ യരികിലേക്ക് ഒരു വയോവൃദ്ധ നടന്നുവന്നു. അവരുടെ ചുമലിൽ ഒരു കെട്ട് വിറകുണ്ടായിരുന്നു. അതിന്റെ ഭാരം കൊണ്ടവർ വളരെ കൂനിയാണ് നടന്നിരുന്നത്.

യുവാവിന് അവരെ കണ്ട് കഷ്ടം തോന്നി.

''ഞാനൊരു കൈ സഹായിക്കട്ടേ അമ്മൂമ്മേ.'' അവരുടെ



ചുമലിൽ നിന്നും വിറകുകെട്ടെടുത്തു കൊണ്ടവൻ പറഞ്ഞു.

ഇവിടെയാണ് സംഗതി മാറിയത്. ആ വൃദ്ധ ഒരു സാധാരണ സ്ത്രീയായിരുന്നില്ല. നല്ലവർക്കു സന്തോഷം എത്തിക്കുന്ന വൃദ്ധ ദേവത ലൈമ തന്നെയായിരുന്നു.

ലൈമ അമ്മൂമ്മ അവനോടു ചോദിച്ചു.

''നീ എന്തിനാ മോനെ കരഞ്ഞത്?''

യുവാവ് നടന്നതെല്ലാം അവരോടു പറഞ്ഞു.

''കഷ്ടം നീയെന്തുകൊണ്ട് നിന്റെ വധുവിന്റെ വാക്കുകൾ ശ്രദ്ധിച്ചില്ല. അവൾ നിനക്ക് നല്ല ഉപദേശമല്ലേ തന്നത്?''

''പക്ഷേ അമ്മൂമ്മേ ഞാൻ പൊങ്ങച്ചം പറയുകയായിരുന്നില്ല. എന്റെ ക്ഷമ നശിച്ചാണതു പറഞ്ഞത്. എന്റെ വധുവിനെക്കുറിച്ച് അയാളങ്ങനെ പറയുന്നതെനിക്കിഷ്ടപ്പെട്ടില്ല.''

''ശരി, ശരി. നീ എന്റെയീ ഷൂസ് എടുത്തോളൂ. ഇത് ധരിച്ച് ചന്ദ്രനടുത്ത് ചെന്ന് മാന്ത്രിക മലയ്ക്കരികിലുള്ള നഗരത്തിലേക്ക് വഴി ചോദിക്കുക.''

തന്റെ ഭാഗ്യം യുവാവിന് വിശ്വസിക്കാനായില്ല.

സമയം പാഴാക്കാതെ ഉടൻ തന്നെ അവൻ ചന്ദ്രനരികിലെത്തി വഴി ചോദിച്ചു. പക്ഷേ ചന്ദ്രൻ പറഞ്ഞു.

''ഞാൻ രാത്രി മാത്രമേ പുറത്തുപോകാറുള്ളു. അതിനാൽ എനിക്ക് നീയിപ്പറയുന്ന സ്ഥലത്തേക്കുള്ള വഴിയറിയില്ല. നീ സൂര്യനോട് ചോദിച്ചു നോക്കൂ.''

പെട്ടെന്ന് തന്നെ സൂര്യനടുത്തെത്തിയവൻ പറഞ്ഞു.

''ദയവുചെയ്ത് മാന്ത്രിക മലയ്ക്കരികിലുള്ള നഗരത്തിലേക്കെത്താനുള്ള വഴിയെനിക്ക് കാണിച്ചു തരിക. എന്റെ വധു എനിക്കായവിടെ കാത്തിരിക്കുന്നു. ദയവുചെയ്തു സഹായിക്കുക.''

''എനിക്ക് വഴിയറിയില്ല.''

സൂര്യൻ പറഞ്ഞു. ''നീ പോയി അച്ഛൻകാറ്റിനോടു ചോദിക്കുക.''

ഒരുപക്ഷേ അദ്ദേഹത്തിന് നിന്നെ സഹായിക്കാനാവും. കാറ്റുകൾ എല്ലായിടത്തും പറക്കുന്നവരാണ്. ഓരോ മുക്കും മൂലയും അവർക്കറിയാം.''

യുവാവ് അച്ഛൻകാറ്റിനടുത്തെത്തി വഴി ചോദിച്ചു.

അച്ഛൻകാറ്റ് ശ്രദ്ധാപൂർവം അവന്റെ കഥ കേട്ടു. എന്നിട്ട് തന്റെ പന്ത്രണ്ട് കുഴലുകൾ എടുത്ത് ഉച്ചത്തിലൂതി. പതിനൊന്ന് കാറ്റുകൾ ഉടൻ തന്നെ അവിടെയെത്തി. പക്ഷേ പന്ത്രണ്ടാമൻ തെക്കൻകാറ്റിനെ മാത്രം കണ്ടില്ല.

**അച്ഛൻകാറ്റ് ശ്രദ്ധാപൂർവം അവന്റെ കഥ കേട്ടു. എന്നിട്ട് തന്റെ പന്ത്രണ്ട കുഴലുകൾ എടുത്ത് ഉച്ചത്തിലൂതി. പതിനൊന്ന് കാറ്റുകൾ ഉടൻ തന്നെ അവിടെയെത്തി. പക്ഷേ പന്ത്രണ്ടാമൻ തെക്കൻകാറ്റിനെ മാത്രം കണ്ടില്ല. അച്ഛൻകാറ്റ് ഒരുവട്ടംകൂടി തന്റെ പൈപ്പ് ഊതി. അതിന്റെ ശക്തിയിൽ പർവതങ്ങൾ കുലുങ്ങി.**

അച്ഛൻകാറ്റ് ഒരുവട്ടംകൂടി തന്റെ പൈപ്പ് ഊതി. അതിന്റെ ശക്തിയിൽ പർവതങ്ങൾ കുലുങ്ങി.



കുറച്ച് സമയം കഴിഞ്ഞ് വീണ്ടും ഊതാനായി അച്ഛൻകാറ്റ് പെപ്പ് കൈയിലെടുത്തതും സിമെലിസ് എന്നു പേരുള്ള തെക്കൻകാറ്റ് അവിടേക്ക് ഓടിക്കിതച്ചെത്തി.

''നീ എവിടെയായിരുന്നു ഇതുവരെ?''

''ക്ഷമിക്കണമച്ഛാ. എന്തേ വിളിച്ചത്? ഞാനങ്ങ് ദൂരെയുള്ള മാന്ത്രിക മലയിലായിരുന്നു.''

''ഹാ! അതു തന്നെയാണെനിക്കു വേണ്ടത്.'' ഈ യുവാവിന് അവിടേക്കുള്ള വഴി കാണിക്കുക.''

''പക്ഷേ അച്ഛാ, അവനെന്റെ വേഗത്തിനൊപ്പം എത്താനാവില്ല.''

''വിഡ്ഢിത്തം പറയാതെ അവൻ ധരിച്ചിരിക്കുന്നത്. വൃദ്ധദേവത ലൈമയുടെ മാന്ത്രിക ഷൂസാണ്.''

സിമെലിസ് അവിടെ നിന്നു പറന്നു. കൂടെ യുവാവും അധികം വൈകാതെയവർ മാന്ത്രികമലയിലെത്തിച്ചേർന്നു.

തന്റെ കടൽരാജകുമാരിയെ കണ്ടതും യുവാവിന് സന്തോഷമടക്കാനായില്ല.

അന്നു തന്നെയവർ രണ്ടുപേരും വിവാഹിതരായി. ഇന്നുമവർ സന്തോഷത്തോടെ ഒരുമിച്ച് ജീവിക്കുന്നു.

പിന്നീടൊരിക്കലും തന്റെ ജീവിതത്തിൽ അവൻ പൊങ്ങച്ചം പറഞ്ഞിട്ടേയില്ല. ദേഷ്യം വന്ന് ക്ഷമ നശിക്കുമ്പോൾ പോലും.

# കുഞ്ഞിക്കാക്കയും കുഞ്ഞിക്കുയിലും

റെജി മലയാലപ്പുഴ

മഞ്ഞളാംകുന്നിലെ കൊന്ന മരത്തിന്റെ രണ്ട് കൊമ്പുകളിൽ കൂടു കൂട്ടി താമസിക്കുകയായിരുന്നു ചിന്നുക്കാക്കയും മിന്നു കുയിലും. അവരുടെ മക്കളായ കുഞ്ഞിക്കുയിലും കുഞ്ഞിക്കാക്കയും കൂട്ടുകാരായിരുന്നു. പങ്കിത്താറാവിന്റെ നഴ്സറി സ്കൂളിൽ അവരൊരുമിച്ചാണ് പോകുന്നത്. ചിമ്പൻ കരടിക്കുട്ടനും കുറിഞ്ഞിത്തത്തയും പൂവാലൻ അണ്ണാനും അവരുടെ ക്ലാസ്സിലാണ് പഠിക്കുന്നത്. ചിമ്പൻ കരടിക്കുട്ടൻ ക്ലാസ്സിൽ കുസൃതിത്തരങ്ങൾ കാട്ടി നടക്കും.

പൂവാലനണ്ണാൻ ക്ലാസ്സിൽ എല്ലാവർക്കും നല്ല പഴങ്ങൾ എത്തിക്കും. അവരെല്ലാം അത് പങ്കിട്ടു കഴിക്കും. അങ്ങനെ കൂട്ടുകാരെല്ലാം ക്ലാസ്സിലെ മിടുക്കരായി കഴിയുമ്പോഴാണ് ചിമ്പൻ കരടി കുഞ്ഞിക്കുയിലുമായി വഴക്കുണ്ടാക്കിയത്. ചിമ്പൻ അവളെ കള്ളി എന്നു വിളിച്ചു. കാക്കക്കൂട്ടിൽ മുട്ടയിടുന്ന കള്ളക്കൂട്ടങ്ങളാണ് നിങ്ങളെന്ന് അവൻ ഉറക്കെ വിളിച്ചു പറഞ്ഞു.

മറ്റുള്ളവർക്കു മുന്നിൽ നാണം കെട്ടുപോയ കുഞ്ഞിക്കുയിൽ ആകെ വിഷമിച്ചിരുന്നു. പരിസരപാഠം പഠിപ്പിക്കാനെത്തിയ പിങ്കിത്താറാമ്മടീച്ചർ പ്രശ്നം ചോദിച്ചറിഞ്ഞു.

ടീച്ചറമ്മ പറഞ്ഞു. ''കുയിലുകൾ കള്ളക്കൂട്ടങ്ങൾ ഒന്നുമല്ല. പണ്ടുപണ്ട് കാക്കയും കുയിലുമൊക്കെ കൂട്ടുകുടുംബമായി ഒരു കൂട്ടിലാണ് താമസിച്ചിരുന്നത്. അന്ന് അവർക്ക് മുട്ടയിടാൻ ആ ഒരു കൂട് മതിയായിരുന്നു. കുയിൽ തീറ്റ തേടി പോകുമ്പോൾ മുട്ടയെ പരിപാലിച്ചത് കാക്കകളായിരുന്നു. അങ്ങനെ സ്നേഹത്തിൽ കഴിഞ്ഞ അവർക്ക് കാലം ചെന്നപ്പോൾ മാറി താമസിക്കേണ്ടി വന്നു. എങ്കിലും ആ സ്നേഹത്തിന്റെ ഓർമ നിലനിർത്താൻ അവരൊരുമിച്ച് എടുത്ത തീരുമാനമാണ് മുട്ടയിടുമ്പോൾ അത് കാക്കകളുടെ കൂട്ടിൽ ആകാം എന്നുള്ളത്. ഒരിക്കലും കുയിലുകൾ കള്ളത്തരം കാണിച്ചിട്ടില്ല.''

ടീച്ചറുടെ മറുപടി കേട്ട് ചിമ്പൻ കരടിക്കുട്ടൻ നാണിച്ചുപോയി. കുഞ്ഞിക്കാക്കയ്ക്കും കുഞ്ഞിക്കുയിലിനും ഞങ്ങൾ ഒരു കുടുംബക്കാരാണെന്നറിഞ്ഞപ്പോൾ സന്തോഷം ഏറുകയും ചെയ്തു.



വര: സന്തോഷ് വെളിയന്നൂർ

# ടോം സോയറുടെ
# സാഹസികജീവിതം

**മാർക്ക് ട്വയിൻ**
പുനരാഖ്യാനം: **ജോളി വർഗീസ്**

അന്ന് പകൽ മുഴുവൻ, അവർ നദിയിൽ നീന്തിയും കടലാമകളുടെ മുട്ടകൾ തേടിയും ചിലവഴിച്ചു. അവർ മണ്ണിൽ ചെറിയ കമ്പുകൾ ഉപയോഗിച്ച് കുത്തിനോക്കി. നനവുള്ള ഇളകിയ മണ്ണ് കണ്ടുപിടിക്കും. അവിടെ കൈ ഉപയോഗിച്ച് മാന്തി മുട്ടകൾ കണ്ടെത്തി ശേഖരിക്കും. അന്ന് രാത്രിയും വെള്ളിയാഴ്ച രാവിലെയും അവർ മുട്ടകൾ ഉപയോഗിച്ച് സദ്യവട്ടങ്ങൾ ഉണ്ടാക്കി. പിന്നീട് അവർ നദീതീരത്തൂടെ ശബ്ദം ഉണ്ടാക്കി ഓടിയും പരസ്പരം ഉരുട്ടിയിട്ടും വസ്ത്രങ്ങൾ ഊരിയെറിഞ്ഞ് നഗ്നരായി ഓടി വെള്ളത്തിലിറങ്ങിയും അന്യോന്യം വെള്ളം തെറിപ്പിച്ചും കളിച്ചു രസിച്ചു. ക്ഷീണിക്കുമ്പോൾ മണ്ണിൽക്കിടന്നുരുളും. അവരുടെ നഗ്നശരീരങ്ങൾക്ക് ഇരുണ്ട നിറമായി. ഒരു കളി മടുക്കുമ്പോൾ മറ്റൊന്ന് ആരംഭിക്കും. അവർ ഗോലി കളിച്ചു, വീണ്ടും നീന്തി, ഓടുകയും ചാടുകയും ഒക്കെ ചെയ്തു സംതൃപ്തരായി. പക്ഷേ അവയെല്ലാം അല്പാല്പമായി കെട്ടടങ്ങുന്ന അവരുടെ ആവേശം പിടിച്ചുനിർത്താനുള്ള ശ്രമങ്ങളായിരുന്നു. ഇടയ്ക്ക് അവയിലൊന്നും ചേരാതെ മാറിനിന്ന ടോം തന്റെ തള്ളവിരൽ ഉപയോഗിച്ച് മണലിൽ 'ബെക്കി' എന്ന് എഴുതുകയും തുടച്ചുകളയുകയും





വര: റോണി ദേവസ്യ

വീണ്ടും എഴുതുകയും ചെയ്തു. സ്വന്തം ബലഹീനതയെക്കുറിച്ച് ലജ്ജയും രോഷവും തോന്നിയ ടോം ആ പാഴ്വേല ഉപേക്ഷിച്ച് കൂട്ടുകാരോടൊപ്പം ചേർന്നു.

ജോയുടെ ആവേശവും ഉത്സാഹവും കെട്ടടങ്ങിയിരുന്നു. അവന് വീട്ടിൽ പോകണമെന്ന് തോന്നി. ഹക്കും വിഷാദമൂകനായി. ടോമിനും ദുഃഖം ഉണ്ടായിരുന്നു. പക്ഷേ അതൊന്നും പ്രകടിപ്പിക്കാതെ അവരുടെ ഉത്സാഹവും സന്തോഷവും വളർത്തിയെടുക്കാൻ ടോം ശ്രമിച്ചു.

''ഈ ദ്വീപിൽ മുൻപ് കടൽക്കൊള്ളക്കാർ വന്നിട്ടുണ്ട്. നമുക്ക് അവർ ഉപേക്ഷിച്ചവ അന്വേഷിച്ച് കണ്ടുപിടിക്കാം. സ്വർണവും വെള്ളിയും നിറച്ച അവരുടെ ദ്രവിച്ച നിധിപേടകം കണ്ടെത്തുന്നതിനെക്കുറിച്ച് നിങ്ങൾ എന്തുപറയുന്നു?''

അതിന്റെ പ്രതികരണമായ വിളറിയ സന്തോഷം അപ്പോൾത്തന്നെ കെട്ടടങ്ങി. ജോയ് അവിടെ മണ്ണിൽ കമ്പിട്ട് കുത്തി ദുഃഖിതനായി ഇരുന്നു.

''നമുക്ക് ഇതു മതിയാക്കാം. എനിക്ക് വീട്ടിൽ പോകണം. ഇവിടെ വല്ലാത്ത ഏകാന്തത.'' ജോയ് പറഞ്ഞു.

''ജോയ്... നീ മീൻപിടിക്കാനും നീന്താനും പോകുന്നതിന്റെ രസമൊന്ന് ആലോചിച്ചു നോക്കിക്കേ.''

''അതൊക്കെ കൊള്ളാം. പക്ഷേ എനിക്ക് വീട്ടിൽ പോകണം.''

''ഓ... ഒരു കൊച്ചുകുഞ്ഞ്. കരയുന്ന കുഞ്ഞ്. പോകട്ടെ... അമ്മയെ കാണാനാണോ...''

''അതെ... എനിക്ക് അമ്മയെ കാണണം.''

''എന്നാൽ കൊച്ചുകുഞ്ഞ് പോകട്ടെ. ഹക്ക് നിനക്ക് ഇവിടെ ഇഷ്ടമല്ലേ? നീ ഇവിടെ നിൽക്കില്ലേ?''

''നിൽക്കാം.'' എന്ന് ഹക്ക് പറഞ്ഞെങ്കിലും ആ വാക്കിന് ഒരു ഉറപ്പില്ലായിരുന്നു.

**സങ്കടത്തോടെ ഹക്ക് മുമ്പോട്ട് നീങ്ങിയപ്പോൾ ടോമിന്റെ മനസ്സിൽ അഭിമാനബോധം പറിച്ചെറിഞ്ഞ് അവന്റെ പിന്നാലെ പോകാനുള്ള ആഗ്രഹം പിടിവലി നടത്തുകയായിരുന്നു. അവർ യാത്ര അവസാനിപ്പിക്കുമെന്ന് ടോം പ്രതീക്ഷിച്ചെങ്കിലും അവർ സാവധാനം വെള്ളത്തിലൂടെ നടക്കാൻ തുടങ്ങി. അവിടം പെട്ടെന്ന് നിശ്ചലവും ഏകാന്തവുമായി തീർന്നെന്ന് ടോമിന് തോന്നി.**

''ഞാൻ ഇനി ഒരിക്കലും നിന്നോട് മിണ്ടില്ല.'' എന്ന് പറഞ്ഞിട്ട്, ജോയ് വസ്ത്രം ധരിക്കാൻ തുടങ്ങി.

''ഓ... നീ പൊയ്ക്കോ... ഞങ്ങൾ നിന്നെപ്പോലെ കരയുന്ന കുഞ്ഞുങ്ങളല്ല. ഹക്കേ... അവൻ പോകട്ടെ. അവൻ ഇല്ലാതെയും നമുക്ക് ഇവിടെ കഴിയാം.'' എന്ന് ടോം പറഞ്ഞെങ്കിലും അവന് പരിഭ്രമം ഉണ്ടായിരുന്നു. ടോമും ഹക്കും, ജോയ് വസ്ത്രം ധരിക്കുന്നതും നോക്കി അസ്വസ്ഥതയോടെ നിന്നു. ഒരു വാക്കുപോലും പറയാതെ ജോയ്, ഇല്ലിനോയ് തീരത്തേക്ക് വെള്ളത്തിലൂടെ കാലുകൾ വലിച്ചിഴച്ചു നടന്നു. ടോം നിരാശയോടെ ഹക്കിനെ നോക്കിയപ്പോൾ, ആ നോട്ടം ഏറ്റുവാങ്ങാനാകാതെ ഹക്ക് കണ്ണുകൾ പിൻവലിച്ചു.

''ടോം എനിക്കും പോകണം. ഇവിടെ നമ്മൾ ഒറ്റപ്പെടുകയാണ്. ജോയ് കൂടി പോയിക്കഴിഞ്ഞാൽ നമ്മുടെ ഏകാന്തത കൂടും. ടോം നമുക്കും പോകാം.''

''ഇല്ല. ഞാൻ വരില്ല. നിങ്ങൾക്ക് എല്ലാവർക്കും പോകാം. ഞാൻ ഇവിടെ നിൽക്കും.'' ഹക്ക് തന്റെ പഴയ വസ്ത്രങ്ങൾ കൈയിലെടുത്തു.

''ടോം നീ കൂടി വരുന്നതാണ് നല്ലത്. നദീതീരത്ത് എത്തിയിട്ട് അല്പനേരം നിനക്കുവേണ്ടി കാത്തുനിൽക്കാം.''

''നിങ്ങൾ വളരെക്കാലം കാത്തുനിൽക്കേണ്ടിവരും.'' ടോം അരിശത്തോടെ പറഞ്ഞു.

സങ്കടത്തോടെ ഹക്ക് മുമ്പോട്ട് നീങ്ങിയപ്പോൾ ടോമിന്റെ മനസ്സിൽ അഭിമാനബോധം പറിച്ചെറിഞ്ഞ് അവന്റെ പിന്നാലെ പോകാനുള്ള ആഗ്രഹം പിടിവലി നടത്തുകയായിരുന്നു. അവർ യാത്ര അവസാനിപ്പിക്കുമെന്ന് ടോം പ്രതീക്ഷിച്ചെങ്കിലും അവർ സാവധാനം വെള്ളത്തിലൂടെ നടക്കാൻ തുടങ്ങി. അവിടം പെട്ടെന്ന് നിശ്ചലവും ഏകാന്തവുമായി തീർന്നെന്ന് ടോമിന് തോന്നി.

''നിൽക്ക്... നിൽക്ക്... എനിക്ക് നിങ്ങളോട് ഒരു രഹസ്യം പറയാനുണ്ട്'' എന്ന് വിളിച്ചു പറഞ്ഞുകൊണ്ട് ടോം അവരുടെ പിന്നാലെ ഓടി.

ടോം അവർക്കൊപ്പം എത്തി. അവർ അവിടെ നിന്നു. അവൻ തന്റെ വലിയ രഹസ്യവും പുതിയ പരിപാടിയും അവരെ അറിയിച്ചപ്പോൾ, 'കൊള്ളാം' എന്ന് അവർക്കും തോന്നി. രഹസ്യം നേരത്തെ പറഞ്ഞിരുന്നെങ്കിൽ അവർ പോകാൻ ഒരുങ്ങില്ലായിരുന്നെന്ന് അവരും പറഞ്ഞപ്പോൾ ടോം പറയാതിരുന്നതിന്റെ യഥാർഥകാരണം വെളിപ്പെടുത്തിയില്ല. ആ രഹസ്യം പോലും അവരെ അവിടെ പിടിച്ചു നിർത്തില്ലായിരിക്കും എന്ന് അവൻ ഭയപ്പെട്ടിരുന്നു.

ടോമിന്റെ ബുദ്ധിയെയും പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുള്ള കഴിവിനെയും പ്രശംസിച്ചുകൊണ്ട് തിരിച്ചെത്തിയ അവർ മുട്ടയും മീനും ഒക്കെയുള്ള ഭക്ഷണം ആസ്വദിച്ചു. ടോമും ജോയും അവർക്ക് പുകവലി ശീലിക്കണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ഹക്ക്

പുകവലിക്കുഴലുകൾ ഉണ്ടാക്കി അതിൽ പുകയില നിറച്ചു. കൈയും കുത്തി, പുല്ലിൽ കിടന്ന് അവർ പുകവലിച്ചു തുടങ്ങി. അതിന് അരോചകമായ ഒരു രുചി ഉണ്ടായിരുന്നെങ്കിലും അത് വളരെ നല്ലതാണെന്നും ആർക്കും വലിക്കാമെന്നും അവർ ഉറക്കെ പറഞ്ഞു. എല്ലാ ദിവസവും പുകവലിക്കാൻ സാധിച്ചിരുന്നെങ്കിൽ വളരെ നല്ലതായിരുന്നെന്നും അവർക്ക് അഭിപ്രായം ഉണ്ടായിരുന്നു.

“ജോയ്... നമ്മുടെ കൂട്ടുകാർ ഇപ്പോൾ നമ്മളെ ഒന്നു കണ്ടിരുന്നെങ്കിൽ!”

“നമ്മൾ കടൽകൊള്ളക്കാരുടെ ജീവിതം അവസാനിപ്പിച്ച് തിരികെ ചെന്ന് ഇതെല്ലാം പറയുമ്പോൾ അവർക്കും നമ്മോടൊപ്പം വരേണ്ടതായിരുന്നുവെന്ന് തോന്നും.”

“അതേ” ജോയും സമ്മതിച്ചു.

പക്ഷേ അല്പസമയത്തിനുള്ളിൽ, അവരുടെ തൊണ്ട വരളുകയും ശ്വാസം മുട്ടുകയും അവർ അസ്വസ്ഥരാകുകയും ചെയ്തു. അവരുടെ ചോളത്തണ്ടിന്റെ പുകക്കുഴൽ, വിരലുകൾക്കിടയിലൂടെ താഴേക്ക് ഊർന്നിറങ്ങി.

ദയനീയ സ്വരത്തിൽ ജോയ് പറഞ്ഞു, “ടോം എന്റെ കത്തി കളഞ്ഞുപോയി. ഞാൻ പോയി അത് കണ്ടുപിടിക്കട്ടെ...”

വിറയ്ക്കുന്ന ചുണ്ടുകളോട് ടോം പറഞ്ഞു.

“ഞാനും വരാം.. നീ അതു വഴി പോകണം. ഞാൻ അരുവിയുടെ അരികിലൂടെ നടന്നു നോക്കാം. ഹക്കേ... നീ വരണ്ട.”

ഏകദേശം ഒരു മണിക്കൂർ ഹക്ക് അവിടെ അവർക്കായി കാത്തിരുന്നു. അവസാനം ഒറ്റയ്ക്കിരുന്ന് ശ്വാസം മുട്ടിയപ്പോൾ, അവൻ എഴുന്നേറ്റ് അവരെ അന്വേഷിച്ച് നടന്നു. രണ്ടു പേരും രണ്ടു സ്ഥലത്തായി

**ഒരു അലർച്ചയോടെ ഇടിമുഴക്കം ആകാശത്തുനിന്ന് അവിടേക്ക് പൊട്ടിവീണു. തണുത്ത കാറ്റ് വീശിയപ്പോൾ ഉണങ്ങിയ ഇലകളും കെട്ടടങ്ങിത്തുടങ്ങിയ തീക്കുണ്ഡത്തിലെ ചാരവും പറന്നുയർന്നു. കാടിനെ പിടിച്ചുലച്ചും മരക്കൂട്ടങ്ങൾക്ക്മുകളിൽ തീ പകർന്നപോലെ ഭയാനകമായ രീതിയിൽ പതിച്ച മിന്നലും ഇടിമുഴക്കവും മുകളിലെ മരച്ചില്ലകളെ പിച്ചിച്ചീന്തി.**

കിടന്നുറങ്ങുന്നു. അവർക്കെന്തെങ്കിലും അസ്വസ്ഥതയുണ്ടായിരുന്നെങ്കിൽ അത് അല്പം കുറഞ്ഞിട്ടുള്ളതായി ഹക്കിനു തോന്നി

അന്ന് രാത്രിയിൽ അത്താഴവേളയിൽ അവർ സംസാരിക്കുന്നതിൽ വിമുഖരായിരുന്നു. അവർക്ക് പരാജിതരുടെ മുഖഭാവം. ഭക്ഷണശേഷം ഹക്ക് അവരുടെ പുകക്കുഴൽ നിറച്ചപ്പോൾ അവർക്ക് സുഖം തോന്നുന്നില്ലെന്നും പുകവലിക്കാൻ താത്പര്യമില്ലെന്നും അവർ പറഞ്ഞു.

പാതിരാത്രിയോടടുത്ത് ജോയ് ഉണർന്ന് ഹക്കിനെയും ടോമിനെയും വിളിച്ചുണർത്തുകയും ചെയ്തു. വരാനിരിക്കുന്ന ഒരു അപകടത്തിന്റെ സൂചന പോലെ, അന്തരീക്ഷത്തിൽ ഒരു മ്ലാനത പടർന്നുകിടന്നു. അവർ തീക്കുണ്ഡത്തിനു ചുറ്റും കൂടിയിരുന്ന് ആശ്വാസം കണ്ടെത്താൻ ശ്രമിച്ചു. തീജ്വാലകൾക്കപ്പുറത്ത് കൂരിരുട്ടായിരുന്നു, പെട്ടെന്ന് ഒരു പ്രകാശതിളക്കം. ഇലച്ചാർത്തുകൾ, ആ പ്രകാശധാരയിൽ വ്യക്തമായി തെളിഞ്ഞു. പ്രകാശധാരയുടെ ശക്തിയും തിളക്കവും കൂടിക്കൂടിവന്നു. അതിനു പിന്നാലെ മരക്കൂട്ടങ്ങൾക്കിടയിൽ നിന്ന് നേരിയ ഞരക്കവും മൂളലും. കാറ്റിന്റെ ചിറകുകൾ അവരുടെ കവിളുകളെ തലോടി നീങ്ങിയപ്പോൾ രാത്രിയുടെ ആത്മാവ് അവരെ സ്പർശിച്ചതായിരിക്കുമെന്ന് അവർ ഭയപ്പെട്ടു. പിന്നാലെ പാഞ്ഞെത്തിയ മിന്നൽ വെളിച്ചത്തിൽ, അവരുടെ പാദങ്ങൾക്ക് കീഴിലെ ഓരോ പുൽനാമ്പുകളും വ്യക്തമായി കാണാമായിരുന്നു. ഭയന്നുവിറച്ച മൂന്ന് മുഖങ്ങളും ആ വെള്ളിവെളിച്ചത്തിൽ തെളിഞ്ഞുവന്നു.

ഒരു അലർച്ചയോടെ ഇടിമുഴക്കം ആകാശത്തുനിന്ന് അവിടേക്ക് പൊട്ടിവീണു. തണുത്ത കാറ്റ് വീശിയപ്പോൾ ഉണങ്ങിയ ഇലകളും കെട്ടടങ്ങിത്തുടങ്ങിയ തീക്കുണ്ഡത്തിലെ ചാരവും പറന്നുയർന്നു. കാടിനെ പിടിച്ചുലച്ചും മരക്കൂട്ടങ്ങൾക്ക് മുകളിൽ തീ പകർന്നപോലെ ഭയാനകമായ രീതിയിൽ പതിച്ച മിന്നലും ഇടിമുഴക്കവും അവരുടെ തലയ്ക്കു മുകളിലെ മരച്ചില്ലകളെ പിച്ചിച്ചീന്തി. അവർ ഭീതിയോടെ കെട്ടിപ്പിടിച്ചു. മഴത്തുള്ളികൾ, മരച്ചില്ലകളിലും ഇലകളിലും തട്ടി ഹുങ്കാര ശബ്ദവും ഉണ്ടാക്കി താഴേക്കു പതിച്ചു.

“ഓടിക്കോ... വേഗം... നമ്മുടെ കൂടാരത്തിൽ എത്തണം.” ടോം വിളിച്ചുപറഞ്ഞു.

വേരുകളിലും വള്ളികളിലും തട്ടിയും തടഞ്ഞും അവർ ഓടി. കൊടുങ്കാറ്റ് ചീറിപ്പാഞ്ഞു. കപ്പൽപ്പായ് കെട്ടി ഉണ്ടാക്കിയ കൂടാരത്തിന്റെ മേൽക്കൂര പറന്നകന്നു. നദീതീരത്തു നിന്നിരുന്ന ഭീമാകാരനായ ഒരു ഓക്ക് മരത്തിന്റെ കീഴിൽ അവർ അഭയം തേടി. പ്രകൃതിയുടെ രൗദ്രതാണ്ഡവം അതിന്റെ ഉച്ചസ്ഥായിലെത്തി. ഇടയ്ക്കിടയ്ക്ക് ചില വൻമരങ്ങൾ ആർത്തലച്ച് ചെറിയ മരങ്ങളുടെ ഇടയിലേക്കു വീണു. കൊടുങ്കാറ്റിന്റെ തീക്ഷ്ണതയിലും മുഴക്കമുള്ള ശബ്ദത്തിലും ഉലഞ്ഞ് ദ്വീപ് ചെറിയ കഷണങ്ങളായി ചിതറി



യപോലെ. വീടില്ലാത്ത, അഭയമില്ലാത്ത കുട്ടികളിൽ ഭീതി ഉണർത്തിയ വന്യമായ ഒരു രാത്രി.

പ്രകൃതിയുടെ രൗദ്രതയും ഭീകരതയും തണുത്തു തുടങ്ങി. കുട്ടികൾ തങ്ങളുടെ സങ്കേതത്തിൽ തിരികെ എത്തിയപ്പോൾ അവരുടെ സകല വസ്തുക്കളും വെള്ളത്തിൽ കുതിർന്നു കിടക്കുന്നു. തണുത്തു വിറച്ചു നിന്നിരുന്ന അവർക്ക് കെട്ടടങ്ങിയ തീജ്വാലകൾ എങ്ങനെ കത്തിച്ച് തീ കൂട്ടണമെന്ന് അറിയില്ലായിരുന്നു. അവർ തീ കൂട്ടിയതിനടുത്തുണ്ടായിരുന്ന ഒരു വലിയ തടിക്കഷണത്തിനുള്ളിലേക്ക് തീ പടർന്നു കയറിയിരുന്നു. അവർ അവിടെ കുത്തിയിരുന്ന്, തടിക്കുള്ളിലെ ആ ചെറിയ തീക്കനൽ ഊതിയും വീശിയും കത്തിച്ചെടുത്തു. പിന്നീട് താഴെ വീണുകിടന്നിരുന്ന ചെറിയ കമ്പുകളും ചില്ലകളും അതിന്റെ മുകളിൽ കൂട്ടിയിട്ടു. തീ ആളിക്കത്തിച്ചു. ഭക്ഷണം ചൂടാക്കിയെടുത്തു. തീജ്വാലയ്ക്കു ചുറ്റുമിരുന്ന് വർത്തമാനം പറഞ്ഞും പരസ്പരം ആശ്വസിപ്പിച്ചും അവർ നേരം വെളുപ്പിച്ചു.

സൂര്യൻ ഉദിക്കുകയും സൂര്യകിരണങ്ങൾ അവരെ തലോടുകയും ചെയ്തപ്പോൾ അവർ മണൽത്തിട്ടയിലേക്കു പോകുകയും അവിടെ കിടന്നുറങ്ങുകയും ചെയ്തു.

പ്രഭാതഭക്ഷണത്തിനുശേഷം വീണ്ടും വീടിന്റെ ഓർമകൾ ഉണർന്നപ്പോൾ ഉത്സാഹം പരത്താനായി ടോം ശ്രമിച്ചു. അവർക്ക് ഗോലികളിയിലും സർക്കസ്സിലും നീന്തലിലും ഇഷ്ടം തോന്നിയില്ല. ടോം അവരെ അവരുടെ രഹസ്യപദ്ധതി ഓർമിപ്പിക്കുകയും ഒരു പുതിയ കളി ആരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. കടൽക്കൊള്ളക്കാർക്കു പകരം റെഡ് ഇന്ത്യൻ ഗോത്രവർഗ തലവന്മാരായി മാറുക. അവർ വസ്ത്രം മാറ്റി, മേലാകെ കറുത്ത ചെളിവാരി തേച്ചു പിടിപ്പിച്ചു. എന്നിട്ട് കാട്ടിലൂടെ വെള്ളക്കാരുടെ കോളനി വെട്ടിപ്പിടിക്കാനായി യുദ്ധക്കലി പൂണ്ട് പാഞ്ഞുനടന്നു. ഉച്ചവരെ അവർ പരസ്പരം മല്ലടിച്ചു. കൊന്നും കൊലവിളിച്ചും രസിച്ചപ്പോൾ കടൽക്കൊള്ളക്കാരായിരിക്കുന്നതിലും രസകരമാണ് പുതിയ ജീവിതമെന്ന് അവർ അഭിപ്രായപ്പെട്ടു.

അത്താഴത്തിനുശേഷം അവർ വീണ്ടും പുകവലി പരിശീലിച്ചപ്പോൾ, പഴയ അസ്വസ്ഥതയൊന്നും ഉണ്ടായില്ല. പുകവലി രസിക്കാനാകുമെന്ന് ടോമിനും ജോയ്ക്കും മനസ്സിലായി. അങ്ങനെ ഒരുദിവസം പുതിയ അനുഭവങ്ങളിലൂടെ തത്തിക്കളിച്ച് നീങ്ങിയപ്പോൾ തത്കാലത്തേക്ക് അവർ വീടിനെയും വീട്ടുകാരെയും മറന്നു. (തുടരും)

# തത്തകളുടെ എണ്ണം

**പള്ളിയറ ശ്രീധരൻ**



അടുത്തടുത്ത രണ്ട് മരങ്ങളിൽ കുറച്ച് തത്ത കളിക്കുന്നത് അനുവിന്റെയും ദീപുവിന്റെയും ശ്രദ്ധയിൽപ്പെട്ടു. അനു ഓരോ മരത്തിലുമിരിക്കുന്ന തത്തകളുടെ എണ്ണം കണക്കാക്കി. ദീപു ഇക്കാര്യം തീരെ ശ്രദ്ധിച്ചില്ല. അൽപ്പനേരം കഴിഞ്ഞപ്പോൾ തത്തകൾ പറന്നുപോയി.

''ഓരോ മരത്തിലും എത്ര തത്തയുണ്ടായിരുന്നു എന്ന് ദീപുവിന് അറിയുമോ?'' അനു ദീപുവിനോട് ചോദിച്ചു.

''എത്രയുണ്ടായിരുന്നു? ഞാൻ ശ്രദ്ധിച്ചില്ല.''

''എണ്ണം നീ കണക്കുകൂട്ടി കണ്ടുപിടിക്കണം. ഒരു മരത്തിലെ ഒരു തത്ത മറ്റേ മരത്തിൽപ്പോയാൽ എണ്ണം തുല്ല്യമാകും. മറിച്ച് രണ്ടാമത്തെ മരത്തിൽ നിന്ന് ആദ്യത്തെ മരത്തിലേക്കാണ് പോയതെങ്കിൽ ഇരട്ടിയാകും. അതായത് ഒരു മരത്തിലുള്ള തത്തകളുടെ ഇരട്ടി എണ്ണം മറ്റേ മരത്തിലുണ്ടാകും. എണ്ണം നീ കണക്കാക്കി നോക്ക്.''

ദീപു എണ്ണം കണക്കാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്കവനെ സഹായിക്കാമോ?

palliyarasreedharan@gmail.com

# കുന്നിത്തിളക്കങ്ങൾ

**അസുരമംഗലം വിജയകുമാർ**

ഇന്നു പുലർച്ചയിൽ
കുന്നു കയറീട്ടു
കുന്നി പെറുക്കുവാൻ
ചെന്നപ്പോൾ കണ്ടുഞാൻ,
കൊച്ചു കുളമാവിൻ
കൊമ്പത്തിരുന്നൊരു
പച്ചക്കിളിക്കൂട്ട-
മൊച്ചവെച്ചീടുന്നൂ!

കുഞ്ഞിക്കുരുവിക-
ളിത്തിരിത്തേനുണ്ണാൻ
കൂർത്ത നീൾച്ചുണ്ടുകൾ
പൂക്കളിലാഴ്ത്തുന്നു!
ഇല്ലിതൻ ചില്ലയിൽ
കൂനിയിരുന്നൊരു
പുള്ളിച്ചിറകുള്ള
മൂങ്ങയുറങ്ങുന്നു!

കുന്നിൻ ചരിവിലെ
കോച്ചും തണുപ്പത്തു
മഞ്ഞിൻ കണമേറ്റു
കൺപീലികളൊട്ടി
നിന്നു ഞാൻ, തെല്ലൊന്നു
വിശ്രമിച്ചീടവേ
കന്നിക്കതിർ നീട്ടി
സൂര്യനുദിക്കുന്നൂ!


മണ്ണിലായെങ്ങെങ്ങും
കുന്നി തിളങ്ങുന്നു
പെട്ടെന്നവയൊക്കെ
നുള്ളിപ്പെറുക്കിയെൻ
കൈക്കുമ്പിളിലിട്ടു
തട്ടിക്കിലുക്കവേ
പട്ടുപോൽ മാർദവ-
പ്പെട്ടുപോകുന്നു ഞാൻ!

പിന്നിട്ട കാഴ്ചയും
കുന്നിമണികളും
കുന്നിറങ്ങുന്നേര-
മെന്നെ നയിക്കുന്നു!





വര:സുജിത് പി വി





# ഭാഗ്... മിൽഖാ... ഭാഗ്...

സനിൽ പി തോമസ്

**ഇന്ത്യ കണ്ട മികച്ച അത്‌ലറ്റുകളിൽ ഒരാളാണ് മിൽഖാ സിങ്. 'പറക്കും സിക്ക്' എന്ന അപരനാമത്തിലാണ് അദ്ദേഹം അറിയപ്പെടുന്നത്. ഐതിഹാസികമായ പ്രകടനങ്ങളിലൂടെ ഒളിംപിക്സ് മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ ഒരു യാത്ര.**

'പറക്കും സിക്ക്' അഥവാ മിൽഖാ സിങ്. ഇന്ത്യ കണ്ട എക്കാലത്തെയും മികച്ച അത്‌ലറ്റ്. ക്രിക്കറ്റ് പ്രേമികളായ ഇന്നത്തെ തലമുറയിലെ ബാല- കൗമാരങ്ങൾക്കുപോലും പരിചിതമായ പേര്. 'ലിയാൽപൂർ അത്ഭുതം' (Lyallpur wonder) എന്നു കായികലോകം വിശേഷിപ്പിച്ച ഓട്ടക്കാരൻ. 1960 ലെ റോം ഒളിംപിക്സിലെ മെഡൽ സാധ്യതയുള്ള അത്‌ലറ്റുകളുടെ കൂട്ടത്തിൽ അമേരിക്കയിലെ 'ട്രാക്ക് ആൻഡ് ഫീൽഡ് ന്യൂസ്' മാസിക ഉൾപ്പെടുത്തിയ ഏഷ്യൻതാരം. 100 മീറ്റർ മുതൽ 400 മീറ്റർ വരെ ഓട്ടമത്സരങ്ങളിൽ ഏഷ്യയിലെ ഏറ്റവും മികച്ച അത്‌ലറ്റായാണ് മിൽഖായെ അവർ അവതരിപ്പിച്ചത്. രാജ്യാന്തര അത്‌ലറ്റിക് വിദഗ്ധരായ ആറുപേരിൽ മൂന്നുപേർ മിൽഖാ സിങ്ങിനു സ്വർണം പ്രവചിച്ചു.

എന്നാൽ നിർഭാഗ്യവശാൽ റോം ഒളിംപിക്സിൽ മിൽഖായ്ക്ക് വെങ്കലമെഡൽ നഷ്ടപ്പെട്ടത് സെക്കൻഡിന്റെ പത്തിലൊന്നു വ്യത്യാസത്തിൽ. മിൽഖായും മാൽക്കം സ്പെൻസും ഹാൻഡ് ടൈമിങ്ങിൽ 45.5 സെക്കൻഡ് കുറിച്ചു. ഫോട്ടോ ഫിനിഷിൽ മിൽഖാ നാലാമതായി. നേരത്തെ കാർഡിഫിൽ കോമൺവെൽത്ത് ഗെയിംസിൽ ഇതേ സ്പെൻസിനെ പിന്തള്ളിയാണ് മിൽഖാ സ്വർണം നേടിയത്. 1958 ൽ ടോക്കിയോ ഏഷ്യൻ ഗെയിംസിൽ 200 മീറ്ററും 400 മീറ്ററും ജയിച്ച് ചരിത്ര ഡബിൾ നേടിയ താരം. മിൽഖാ സിങ്ങിനെക്കുറിച്ചു വിശേഷങ്ങൾ എത്രയുമാകാം.

പക്ഷേ, അദ്ദേഹത്തിന്റെ ബാല്യകാലം പട്ടിണിയും യാതനകളും നിറഞ്ഞതായിരുന്നു. മിൽഖായുടെ കഥ ടിവിയിൽ മൂന്നു ഭാഗമുള്ള പരമ്പരയായി. പിന്നെ ഭാഗ്... മിൽഖാ... ഭാഗ് എന്ന സിനിമ. മിൽഖാ സിങ്ങിനെ രാജ്യം മറന്നില്ല എന്നു വ്യക്തമാക്കുന്ന സ്വീകരണമാണു സിനിമയ്ക്ക് ഇന്ത്യയിലെങ്ങും ലഭിച്ചത്. ആ സിനിമ കണ്ട് സാക്ഷാൽ കാൾ ലൂയിസ് വരെ മിൽഖായെ ഫോണിൽ വിളിച്ചു.

ബ്രിട്ടീഷ് ഇന്ത്യയിലെ പഞ്ചാബ് പ്രവിശ്യയിൽ മുസ്ഫർഗഡ് നഗരത്തിൽ നിന്നു പത്തു കിലോമീറ്റർ മാറി ഗോവിന്ദ്പുര എന്ന ഗ്രാമത്തിൽ നിന്നായിരുന്നു മിൽഖാസിങ് ഓട്ടം തുടങ്ങിയത്. ആദ്യം ജീവനുവേണ്ടിയുള്ള ഓട്ടം. പിന്നെ ചാംപ്യനാകാനുള്ള ഓട്ടം. ഗോവിന്ദ്പുര ഗ്രാമം ഇപ്പോൾ പാക്കിസ്ഥാനിലാണ്. ഈ ഗ്രാമത്തിലാണ് മിൽഖാ സിങ് ജനിച്ചത്. സിഖ് മാത്തോഡ് കുടുംബമായിരുന്നു മിൽഖായു

ടേത്. മിൽഖായുടെ ജനനത്തീയതിയോ മാതാപിതാക്കളുടെ പേരോ സംബന്ധിച്ചു കൃത്യമായ രേഖകൾ ഇല്ല. പാക്കിസ്ഥാനിലെ രേഖകൾ പ്രകാരം മിൽഖാ ജനിച്ചത് 1929 നവംബർ 20 നാണ്. ഇന്ത്യയിലെ കണക്കുകളിൽ 1935 ഒക്ടോബർ പതിനേഴും. ഇന്ത്യാ-പാക്കിസ്ഥാൻ വിഭജനകാലത്ത് വർഗീയ ലഹള പൊട്ടിപ്പുറപ്പെട്ടപ്പോൾ മിൽഖായുടെ മാതാപിതാക്കളും സഹോദരങ്ങളിൽ ചിലരും ദാരുണമായി കൊലചെയ്യപ്പെട്ടു. പാക്കിസ്ഥാനിലുണ്ടായിരുന്ന ഹിന്ദുക്കളും മുസ്ലിങ്ങളും പരക്കെ ആക്രമിക്കപ്പെട്ടു. രക്തത്തിൽ കുളിച്ചു മരണത്തെ മുഖാമുഖം കണ്ടു കിടക്കുമ്പോഴും പിതാവ് മിൽഖായോട് ഓടി രക്ഷപ്പെടാൻ പറഞ്ഞുകൊണ്ടിരുന്നു, ‘‘ഭാഗ്... മിൽഖാ...ഭാഗ്...’’ മാതാപിതാക്കളുടെയും ഒരു സഹോദരന്റെയും രണ്ടു സഹോദരിമാരുടെയും കൊലപാതകം നേരിട്ടുകണ്ട കൗമാരക്കാരനായ മിൽഖാ ഓടിയെത്തിയത് പട്ടാളത്തിൽ ഉണ്ടായിരുന്ന ജ്യേഷ്ഠൻ മൽഖൻ സിങ്ങിനടുത്താണ്. (മിൽഖയ്ക്ക് പതിനാലു സഹോദരങ്ങൾ ഉണ്ടായിരുന്നു. ഇതിൽ എട്ടുപേർ ഇന്ത്യാ-പാക്ക് വിഭജനത്തിനുമുമ്പു മരിച്ചു)

ജ്യേഷ്ഠൻ ഒരു പട്ടാളവണ്ടിയിൽ മിൽഖായെ ഇന്ത്യയിലേക്കു കടത്തി. നേരിൽ കണ്ട ദാരുണ സംഭവങ്ങൾ മിൽഖായെ വിഭ്രാന്തിയിലാഴ്ത്തി. പഞ്ചാബിലും കൊലപാതകങ്ങൾ ആവർത്തിക്കപ്പെട്ടു. അതിൽനിന്നെല്ലാം രക്ഷപ്പെട്ട മിൽഖാ, ഡൽഹിയിൽ വിവാഹം ചെയ്ത് അയച്ചിരുന്ന സഹോദരി ഇഷ്വാർ സിങ്ങിന്റെ വീട്ടിലെത്തി. പക്ഷേ കള്ളവണ്ടി കയറിയതിന് റെയിൽവേ കേസ് എടുത്തതുവഴി തിഹാർ ജയിലിലായി. സഹോദരി തന്റെ ആഭരണങ്ങൾ വിറ്റാണു മിൽഖായെ ജയിലിൽ നിന്നിറക്കിയത്. പിന്നെ, മാറി മാറി അഭയാർഥി ക്യാമ്പുകൾ. തെരുവിലെയും ക്യാമ്പുകളിലെയും ജീവിതം ചില ക്രിമിനലുകളെ സുഹൃത്തുക്കളാക്കി. മിൽഖാ കൊള്ളക്കാരനാകാൻ ആലോചിച്ചു. സഹോദരനാണ് രക്ഷപ്പെടുത്തി പട്ടാളത്തിൽ ചേരാൻ അയച്ചത്.

അഞ്ചാം ക്ലാസ്സുവരെയായിരുന്നു വിദ്യാഭ്യാസം. ദിവസവും 10 കിലോമീറ്റർ നഗ്നപാദനായി നടന്നും ഓടിയുമായിരുന്നു സ്കൂളിലേക്കുള്ള യാത്ര. എന്നാൽ ഒരുനേരം പോലും ശരിക്കു ഭക്ഷണം കഴിക്കാതിരുന്നതിനാൽ പട്ടാളത്തിൽ ചേരാനുള്ള ആദ്യ മൂന്നു ശ്രമങ്ങളും പരാജയപ്പെട്ടു. ക്രോസ് കൺട്രി ഓടിച്ചായിരുന്നു അന്നു കായികക്ഷമതാ പരീക്ഷണം. നാലാം ശ്രമത്തിൽ എട്ടാം സ്ഥാനത്തോടെ കയറിപ്പറ്റി. 1952 ൽ ആയിരുന്നിത്. സൈന്യത്തിൽ ദിവസവും ഓരോ ഗ്ലാസ് പാൽ കിട്ടുമായിരുന്നു. ഇതോടെ വീണ്ടും ഓടാൻ തുടങ്ങി. കോച്ച് ഗുരുദേവ് സിങ് ആണു വഴിമാറ്റി വിട്ടത്. മിൽഖാസിങ് എന്ന അത്‌ലറ്റിന്റെ ജൈത്രയാത്രയുടെ തുടക്കമായിരുന്നത്. മാതാപിതാക്കളെ നഷ്ടപ്പെട്ടപ്പോൾ ദിവസങ്ങളോളം കരഞ്ഞ താൻ റോം ഒളിംപിക്സിൽ മെഡൽ നഷ്ടപ്പെട്ടപ്പോഴാണു വീണ്ടും കരഞ്ഞതെന്നു മിൽഖ പറഞ്ഞു. .






മിൽഖാ സിങ് പത്നിയോടൊപ്പം

മുൻ ഇന്ത്യൻ വോളിബോൾ താരം നിർമൽ കൗർ സെയ്നിയാണു മിൽഖായുടെ ഭാര്യ. ഗോൾഫ് താരം ജീവ് മകനാണ്. മൂന്ന് പെൺമക്കളുമുണ്ട്. ലിയാൽപ്പൂരിൽ (ഇപ്പോൾ ഫൈസാബാദ്) ആണ് മിൽഖാ ഇതിഹാസതാരമായി വളർന്നത്. ഇപ്പോൾ താമസം ചണ്ഡീഗഡിൽ ‘മിൽഖാ ഹൗസിൽ’. കുട്ടികളോട് മിൽഖായുടെ ഉപദേശം ഇതാണ് ‘‘എന്തു ചെയ്യുമ്പോഴും ഹൃദയവും ആത്മാവും സമർപ്പിക്കുക. നിശ്ചയദാർഢ്യവും ഇച്ഛാശക്തിയുമുണ്ടെങ്കിൽ അസാധ്യമായി ഒന്നുമില്ല.’’

# മൈനകൾ നട്ട മരങ്ങൾ

രമാ പ്രസന്ന പെരുവാരം




എപ്പോഴും ചിരിച്ചു കൊണ്ട് നടക്കുന്ന കുട്ടിയായിരുന്നു. പക്ഷെ അന്ന് കുട്ടി കരഞ്ഞുകൊണ്ടേയിരുന്നു.

കുട്ടിയുടെ അമ്മ സെൽ ഫോണിൽ ആരോടോ കയർത്തു സംസാരിക്കുകയായിരുന്നു. പാചക ഇന്ധനം തീർന്നിരിക്കുന്നു. മഴനനവുമായി വിറക് അടുപ്പിൽ പുകയുന്നു. കറണ്ട് ബില്ല് കൂടിയതിനാൽ കാപ്പി പോലും വൈദ്യുതി അടുപ്പിൽ വയ്ക്കാൻ ഭയം. അതിനിടയിലാണ് കുട്ടിയുടെ കരച്ചിൽ.

ദേഷ്യം മുഴുവൻ അമ്മ കുട്ടിയോട് തീർത്തു.

''എന്തെങ്കിലും വായിച്ചു പഠിക്ക്. എന്നെ പോലെ അടുക്കളയിൽ ജീവിതം ഹോമിക്കേണ്ടി വരില്ല.''

കുട്ടിക്ക് കരച്ചിലടക്കാനായില്ല. കരഞ്ഞുകൊണ്ടു നടന്ന് തെക്കേ അരമതിലിലിരുന്നു.

'കീ... കീ...' ഒരു കുഞ്ഞാറ്റക്കിളി പറന്നുപോയി.

പുള്ളിക്കുയിൽ ആഞ്ഞിലി മരത്തിലിരുന്ന് ഭംഗിയായി ആസ്വദിച്ച് ആഞ്ഞിലിപ്പഴം കഴിക്കുന്നു.

അപ്പോഴാണ് രണ്ട് മൈനകൾ കുട്ടിക്കരികിലൂടെ നടന്നു വന്നത്. എന്തൊക്കെയോ കൊത്തിത്തിന്നുന്നുണ്ട്. ഒരു മൈന കുട്ടിയെ ശ്രദ്ധിച്ചു. കൂടെയുള്ള മൈനയോട് പറഞ്ഞു.

''ദേ, ആ കുട്ടി കരയുന്നു.''

**"എനിക്കും മരം നടണം നിങ്ങളെപ്പോലെ." കുട്ടി തുള്ളിച്ചാടിക്കൊണ്ട് പറഞ്ഞു.**

**"അതിനെന്താ ഇനി മുതൽ കുട്ടി മാങ്ങയോ ചക്കപ്പഴമോ, നെല്ലിക്കയോ കഴിക്കുമ്പോൾ അതിന്റെ കുരുക്കൾ, അതിവിടെ കുഴിച്ചിടണം. കുട്ടിക്കറിയാമോ അത് അവയുടെ വിത്തുകളാണെന്ന്. അത് മരങ്ങളായി വളരും."**



''ശരിയാണല്ലോ.''

അല്പം സങ്കോചത്തോടെ ഒരു മൈന ചോദിച്ചു.

''എന്തിനാ കുട്ടി കരയുന്നത്? വിശക്കണണ്ടോ?''

''ഇല്ല.''

''പഴം വേണോ?''

''വേണ്ട.''

''പനിണ്ടോ?''

'ഇല്ല' എന്ന് കുട്ടി തലയാട്ടി.

''കുട്ടിയെ അമ്മ വഴക്ക് പറഞ്ഞോ?''

''അതെന്നുമുണ്ട്. സ്നേഹം കൊണ്ട് പറയുന്നതാണെന്നമ്മ പറയും.''

കുട്ടി വീണ്ടും എങ്ങലടിച്ചു.

''പിന്നെന്തിനാ കുട്ടി കരയുന്നത്?''

കുട്ടി ഒന്നുകൂടി വിതുമ്പി.

''അത്... അത്...''

''പറയൂ കുട്ടി.''

''മുത്തശ്ശി എനിക്ക് സമ്മാനമായി തന്ന മരം അച്ഛൻ വെട്ടി വിറ്റു. അത് വെട്ടണ്ടന്ന് അമ്മ പറഞ്ഞു. പക്ഷെ അച്ഛൻ കേട്ടില്ല.''

കുട്ടി വീണ്ടും കരഞ്ഞു.

''കരയല്ലേ. കുട്ടീടെ പേരെന്താ?''

''സുസ്മിത.''

''സുസ്മിതക്കുട്ടീന്ന് വച്ചാൽ ചിരിക്കണ കുട്ടിയല്ലേ? എന്നിട്ട് കരയാ?''

മൈനകൾ അങ്ങോട്ടു മിങ്ങോട്ടും നോക്കി ഒന്ന് ചിറകടിച്ചു.

''കുട്ടി കരയണ്ട. കുട്ടിക്ക് ഞങ്ങൾ നട്ട മരങ്ങൾ തരാം.''

കുട്ടി കരച്ചിൽ നിർത്തി, വിശ്വാസം വരാത്ത പോലെ മൈനകളെ നോക്കി.

''കുട്ടി വരൂ...''

കുട്ടി മൈനകളുടെ കൂടെ നടന്നു. പടിഞ്ഞാറെ തൊടിയിലെ പേരമരവും വളർന്നു വരുന്ന ആഞ്ഞിലിപ്ലാവും തൊട്ട് മൈനകൾ പറഞ്ഞു.

''ഈ രണ്ടു മരങ്ങളും ഞങ്ങൾ നട്ടതാണ്. ഈ രണ്ടു മരങ്ങളും കുട്ടിയെടുത്തോളൂ.''

കുട്ടിക്ക് സന്തോഷമായി. ''എനിക്കും മരം നടണം നിങ്ങളെപ്പോലെ.'' കുട്ടി തുള്ളിച്ചാടിക്കൊണ്ട് പറഞ്ഞു.

''അതിനെന്താ ഇനി മുതൽ കുട്ടി മാങ്ങയോ ചക്കപ്പഴമോ, നെല്ലിക്കയോ കഴിക്കുമ്പോൾ അതിന്റെ കുരുക്കൾ, അതിവിടെ കുഴിച്ചിടണം. കുട്ടിക്കറിയാമോ അത് അവയുടെ വിത്തുകളാണെന്ന്. അത് മരങ്ങളായി വളരും.''

കുട്ടി ചിരിച്ചു. സന്തോഷത്താൽ തുള്ളിച്ചാടി. മൈനകൾ കുട്ടിക്ക് ചുറ്റും ചിറകടിച്ചു പറന്നു.

# മഹാഭാരതം

സുഗതകുമാരി

മിന്നൽപോലെവിളങ്ങുന്നതും ദിവ്യശക്തിയാർന്നതുമായ വജ്രാസ്ത്രം ഗാണ്ഡീവത്തിൽ നിന്നു ചീറിപ്പാഞ്ഞു ജയദ്രഥന്റെ ശിരസ്സറുത്തു. അപ്പോഴേക്ക് ശ്രീകൃഷ്ണൻ വെമ്പലോടെ പറഞ്ഞു. 'ജയദ്രഥന്റെ ശിരസ്സ് താഴെവീഴാൻ പാടില്ല. ഒരു ശാപമുണ്ട്. അതാ, ദൂരത്ത് അവന്റെ അച്ഛൻ വൃദ്ധക്ഷത്രൻ സന്ധ്യാവന്ദനം ചെയ്യാൻ നദിയിലിറങ്ങി കൈകൾനീട്ടി നിൽക്കുന്നു. ദിവ്യമന്ത്രശക്തിയാൽ ജയദ്രഥശിരസ്സ് ആ കൈക്കുള്ളിൽ വീഴിക്കുക.'

അർജുനൻ ദിവ്യമന്ത്രം ജപിച്ച് ആ അറ്റശിരസ്സ് വീഴാതെ അമ്പിൻമുനയിൽ കൊരുത്തുയർത്തി ദൂരത്തേക്കയച്ചു. വൃദ്ധക്ഷത്രകരങ്ങളിൽ പൊടുന്നനെ വന്നുവീണ ശിരസ്സ് കണ്ട് ഞെട്ടി ആ രാജാവ് താഴെയിട്ടു. ഉടൻ വീണുമരിക്കുകയും ചെയ്തു. ശ്രീകൃഷ്ണൻ പറഞ്ഞു. 'പാർഥ, വൃദ്ധക്ഷത്രരാജാവ് തപസ്സുചെയ്തു നേടിയ വരബലത്താൽ ആര് ജയദ്രഥന്റെ ശിരസ്സ് നിലത്തു വീഴ്ത്തുന്നുവോ അയാൾ മരിക്കും. ഇതിനാലത്രേ ഈ പ്രയോഗം വേണ്ടിവന്നത്.' അർജുനൻ ഭഗവാനെ വണങ്ങി.

ജയദ്രഥൻ വീണയുടൻ ഹാഹാകാരത്താൽ യുദ്ധഭൂമി ഇരമ്പി. ജയദ്രഥനെ സൂര്യാസ്തമനത്തിനുശേഷമോ കൊന്നത്? പക്ഷേ പെട്ടെന്ന് ഇരുൾ നീങ്ങി. സൂര്യബിംബം വിളങ്ങിക്കാണായി! പാഞ്ചജന്യം മുഴങ്ങി. അസ്തമനശോഭയിൽ മുങ്ങിനിൽക്കുന്ന സൂര്യനെയും ശിരസ്സറ്റ ജയദ്രഥശരീരത്തെയും നോക്കി കൗരവമഹാരഥന്മാർ ശോകമൂകരായി കൈനിലകളിലേക്കു മടങ്ങി.

തൃകൈയിലെ സുദർശനചക്രം ഒരുമാത്രയ്ക്കുയർത്തി സൂര്യബിംബത്തെമറച്ച് തന്റെ പ്രതിജ്ഞ കാത്തുതന്ന ശ്രീകൃഷ്ണപാദങ്ങളിൽ അർജുനനും പാണ്ഡവസഹോദരന്മാരും കണ്ണീരോടെ വീണു.

******************

ദു:ഖിതനായ ധൃതരാഷ്ട്രർ ചോദിച്ചു. 'സഞ്ജയ, ഉണ്ടായതെല്ലാം പറയൂ, എന്റെയുള്ളം ചുട്ടുപൊള്ളുന്നുവെങ്കിലും അറിയാതെ വയ്യല്ലോ.'

സഞ്ജയൻ തുടർന്നു. 'മഹാരാജൻ, ഘോരയുദ്ധം തുടരുകയാണ്. പകൽ മുഴുവൻ അടരാടിയിട്ടും മതിവരാതെ ഇതാ കൗരവന്മാർ രാത്രിയുദ്ധത്തിനിറങ്ങിയിരിക്കുന്നു. ദ്രോണാചാര്യർ അന്നോളമേറ്റ പരാജയങ്ങളും ദുര്യോധനന്റെ ശകാരവചസ്സുകളും നിമിത്തം ഉഗ്രക്രോധത്തോടെ രാത്രിയിലും പട തുടരുകയാണ്. കത്തിച്ച പന്തങ്ങളുടെ വെളിച്ചത്തിൽ മിന്നൽപോലെ വാളുകൾ ഉയർന്നുതാഴുന്നതും ചീറിപ്പായുന്ന ബാണങ്ങളുടെ അഗ്നിരേഖകളും കാണാം. ആർത്തനാദങ്ങളും അട്ടഹാസങ്ങളും കേൾക്കാം. ആര് ആരെ കൊല്ലുന്നുവെന്നറിയാത്ത ഭീകരയുദ്ധം! ദ്രോണർ കത്തുന്ന അമ്പുകളുമായി മുന്നേറി പാണ്ഡവപ്പടയെ മുടിക്കുകയാണ്. ആചാര്യാസ്ത്രങ്ങളേറ്റ് നിരവധി രാജാക്കന്മാരും മഹാരഥനായ ശിബിയും മരിച്ചുവീണു. ഭീമന്റെ ഗദാഘാതമേറ്റ് ദുഷ്കർണൻ, ദുർമദൻ എന്നീ ദുര്യോധനാനുജന്മാരും വീണുമരിച്ചു. ദുര്യോധനനും ഭീമനും തമ്മിൽ കഠിനമായ യുദ്ധം നടന്നു. ദ്രോണരും അശ്വഥാമാവും ഒത്തുനിന്നു പാണ്ഡവപ്പടയെ ഒടുക്കിത്തുടങ്ങി. ഏതൊരാൾ ദ്രോണരെ എതിർത്തുവോ അവരെല്ലാം ദ്രോണർക്കു മുന്നിൽ തീയിൽ ഈയലുകൾപോലെ ചത്തുവീണു. ഈ കാഴ്ച പൊറുക്കാതെ അർജുനനും ഭീമനും ദ്രോണരുടെ നേർക്കടുത്തു. അപ്പോഴതാ ഘോരരൂപിയായ ഘടോൽക്കചൻ അവന്റെ രാക്ഷസസൈന്യവുമായി അലറിയെത്തുന്നു. ഭീമാകാരരായ അശ്വങ്ങൾ വലിക്കുന്ന ഭീമാകാരമായ തേരിൽ ഇടിമുഴക്കുംപോലെ അലറിക്കൊണ്ടും മഹായുധങ്ങൾ ഉയർത്തിക്കൊണ്ടും വന്നടുക്കുന്ന രാക്ഷസപ്പടയെക്കണ്ട് കൗരവസേന വേപഥു പൂണ്ടു. ദുര്യോധനനും കർണനും നടുങ്ങി പിന്മാറിയെങ്കിലും ആചാര്യപുത്രനായ അശ്വഥാമാവ് വില്ലുയർത്തിക്കൊണ്ട് മുന്നോട്ടുവന്ന് ഘടോൽക്കചനോടേറ്റു. ആയിരംമുനയുള്ള ചക്രം രാക്ഷസകുമാരൻ അശ്വഥാമാവിന് നേർക്ക് വിട്ടു. ഭയാനകമായി കറങ്ങിക്കൊണ്ട് അത് പാഞ്ഞുവരുന്നതു കണ്ട ദ്രൗണി ഊക്കുള്ള അമ്പുകളാൽ

## ഘടോൽക്കച പരാക്രമം

അത് തകർത്തു. ഘടോൽക്കചൻ ചുറ്റിയയച്ച ഗദയും അസ്ത്രങ്ങളാൽ മുറിഞ്ഞുവീണു. തുടർന്നുണ്ടായ അസ്ത്രയുദ്ധത്തിൽ അശ്വത്ഥാമാവിന്റെ അമ്പുകളേറ്റ് ഘടോൽക്കചപുത്രനായ അഞ്ജനപർവൻ മറിഞ്ഞുവീണു. കൊല്ലപ്പെട്ട മകനെക്കണ്ട് ഹൃദയം പിളർന്നുപോയ ഘടോൽക്കചൻ അശ്വത്ഥാമാവിന്റെ നേർക്ക് അലറിയടുത്തു. അസ്ത്രങ്ങളാൽ അവൻ തടഞ്ഞുനിർത്തപ്പെട്ടു. അപ്പോൾ രാക്ഷസമായയാൽ ആകാശത്ത് തീപ്പൊരികൾ ചിതറി. മലയും കാടും പ്രത്യക്ഷമായി. വജ്രാസ്ത്രത്താൽ അശ്വത്ഥാമാവ് മായാമലകൾ തകർത്തു. അപ്പോൾ ആകാശത്ത് കറുത്തമേഘങ്ങൾ കാണായി. ഉഗ്രമായ കല്ലുമഴ പൊഴിഞ്ഞു. ഗുരുപുത്രൻ വായവ്യാസ്ത്രത്താൽ മേഘത്തെ ചിതറിച്ചുവിട്ടു. രാക്ഷസപ്പട മുന്നോട്ടടുക്കുന്നത് കണ്ട് കർണനും വൃഷസേനനും കൃപനും ദുശ്ശാസനനും ദുര്യോധനാനുജന്മാരും വൻപടയോടെ അവരോടേറ്റുമുട്ടി. അതിഭയങ്കരമായിത്തീർന്ന യുദ്ധത്തിൽ അശ്വത്ഥാമാവ് തീ പോലെ കത്തുന്ന ശരങ്ങളാൽ എതിരാളികളെ മൂടി കൊന്നൊടുക്കി. ഘടോൽക്കചനും അശ്വത്ഥാമാവും ദ്വൈരഥത്തിനായി മുന്നോട്ടണഞ്ഞു. വൻപടയുമായി ഭീമസേനൻ പുത്രരക്ഷയ്ക്കായി അടുത്തെത്തി പോരുതുടങ്ങി. ദ്രോണപുത്രന്റെ മഹാവിക്രമത്താൽ പെരുംപട കൂട്ടംകൂട്ടമായി വീണൊടുങ്ങി. ചോരയിൽ മുങ്ങിയ പടക്കളം തുമുലാരവത്താൽ വീണ്ടും ഭീകരതയാർന്നു.

യുധിഷ്ഠിരൻ കോപത്തോടെ സേനാമധ്യത്തിൽ കടന്നുവന്നു. ആ അമ്പുകളാൽ ത്രിഗർത്തന്മാരും മാളവരും ശിബിമാരും വധിക്കപ്പെട്ടു. മദ്രകരെയും ശൂരസേനരെയും കൊന്നൊടുക്കുന്ന യുധിഷ്ഠിരനെ 'പിടിച്ചുകെട്ടുവിൻ, കൊല്ലുവിൻ' എന്ന് അട്ടഹാസങ്ങളുയർന്നു. ദ്രോണർ യുധിഷ്ഠിരനോടേറ്റു. ഗുരുവയച്ച വായവ്യാസ്ത്രത്തെ യുധിഷ്ഠിരൻ തടുത്തു. വരുണാസ്ത്രവും യമാസ്ത്രവും ആഗ്നേയാസ്ത്രവും മഹേന്ദ്രാസ്ത്രവും പ്രയോഗിച്ചപ്പോൾ അവയ്ക്കെതിരായി മഹാസ്ത്രങ്ങളെയ്ത് യുധിഷ്ഠിരൻ അവയെ നിർവീര്യമാക്കി. ക്രുദ്ധനായ ദ്രോണർ ഏറ്റവും തീക്ഷ്ണമായ ബ്രഹ്മാസ്ത്രം പ്രയോഗിച്ചപ്പോൾ ആശ്ചര്യം! ബ്രഹ്മാസ്ത്രത്താൽ തന്നെ ധർമപുത്രർ ആ ദിവ്യശക്തിയെ തടഞ്ഞുനിർത്തി. ദ്രോണർ പാണ്ഡവസൈന്യത്തെ ക്രോധത്തോടെ മുടിച്ചുതുടങ്ങി.

ഇതുകണ്ട പാർഥനും ഭീമനും പാഞ്ഞെത്തി ഇടത്തും വലത്തും നിന്ന് ദ്രോണരെ ആക്രമിച്ചു. കൗരവസേന അവരുടെ ഊക്കിൽ ഉടഞ്ഞുചിതറി. ഭീകരമായ ആ രാത്രിയുദ്ധത്തിനിടയിൽ സോമദത്തൻ കൊല്ലപ്പെട്ടു. സോമദത്തന്റെ പുത്രൻ സാത്യകിയാൽ വധിക്കപ്പെട്ടു. ഘടോൽക്കചൻ ഉഗ്രമായി യുദ്ധം ചെയ്യുകയാണ്. അശ്വത്ഥാമാവ് മാറിടത്തിൽ പത്തുബാണങ്ങളേറ്റ് മോഹാലസ്യപ്പെട്ടുനിന്നുപോയി. ദുര്യോധനനും ഭീമനും വീണ്ടും വീണ്ടും ഏറ്റുമുട്ടി. കൂരമ്പുകൾകൊണ്ട് പടക്കളം മൂടി. ഭീമന്റെ സിംഹനാദംകൊണ്ട് പോർക്കളം മുഴങ്ങി. അർജുനനും ദ്രോണരും പടവെട്ടുന്നിടത്തേക്ക് മത്സ്യരാജാവും പാഞ്ചാലന്മാരുമെല്ലാം പാഞ്ഞെത്തി പെരുംപോർ നടത്തി. അതിനിടയിൽ യുദ്ധഭൂമിയുടെ മറ്റൊരിടത്തു കർണനും സഹദേവനും ഏറ്റുമുട്ടി. പരസ്പരം ശരംചൊരിഞ്ഞ് യുദ്ധം ചെയ്യുന്നതിനിടയിൽ കർണൻ സഹദേവന്റെ വില്ലറുത്തു. തേരാളിയെ കൊന്നു, കുതിരകളെ കൊന്നു, സഹദേവൻ വാളും പരിചയയുമെടുത്ത് തേരിൽ നിന്ന് ചാടിയിറങ്ങി കർണനോടേറ്റപ്പോൾ ചിരിച്ചുകൊണ്ട് കർണൻ അവയും മുറിച്ചെറിഞ്ഞു. പൊന്നുകെട്ടിയ ഘോരമായ ഗദ സഹദേവൻ ഊക്കിലെറിഞ്ഞതും കർണ്ണൻ മുറിച്ചു. വേൽ ചാട്ടിയതും മുറിച്ചുകളഞ്ഞു. നിശ്ചലമായ തേരിൽ നിന്നു നിലത്തുചാടി രഥചക്രം ഊരിയെടുത്ത് സഹദേവൻ കർണന്റെ നേർക്കയച്ചു. (തുടരും)



വര: ജയേന്ദ്രൻ

ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.


# ഞങ്ങൾ പകർത്തിയത്




ഫോട്ടോ : ദേവ് കൃഷ്ണ, ക്ലാസ്സ് 4,
വിശ്വജ്യോതി സി എം ഐ പബ്ലിക് സ്കൂൾ,
അങ്കമാലി



Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.



ഫോട്ടോ : വി എസ് അനുശ്രീ,
വല്യത്തു ഹൗസ്,
എലിപ്പക്കുളം പി ഒ,
പള്ളിക്കൽ വഴി,
ആലപ്പുഴ,
പിൻ 690503



# വര

അഭിരാം എസ് ആർ
ക്ലാസ്: 5,
എൽ എം എസ് യു പി എസ്,
ഉറിയാക്കോട്

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020
RNI No. 20076/70 October 2020
Regd KL/TV (N)/399/2018-2020 Published on 29-09-2020 Vol:26, Issue:10, ₹20


കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276,
Mob : 8547971483
ഇമെയിൽ: director@ksicl.org




## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
ACCOUNT NUMBER : 67178297569. IFSC : SBIN0000941
ഈ അക്കൗണ്ട് നമ്പരിലേക്ക് പണം അയച്ചാലും പുസ്തകങ്ങൾഅയച്ചുതരുന്നതാണ്.




# തളിര്

കുട്ടികളുടെ മാസിക
വില 20രൂപ
**വാർഷികവരിസംഖ്യ 200രൂപ**

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക. അല്ലെങ്കിൽ താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക. MOB: **8547971483.**
ACCOUNT NUMBER : **30583524448**. IFSC : **SBIN0004360**